بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 5

ലക്കം 50

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഡിസംബർ 10/ഹി.ശം. 1399 ഫതഹ് 10/1442 റബീഉൽ ആഖർ 24

## അല്ലാഹുവിന്റെ വചനം

وَمَنۡ اَحۡسَنُ دِیۡنًا مِّمَّنۡ اَسۡلَمَ وَجۡهَهٗ لِلّٰہِ
وَهُوَ مُحۡسِنٌ وَّاتَّبَعَ مِلَّۃَ اِبۡرٰهِیۡمَ حَنِیۡفًا ؕ
وَاتَّخَذَ اللّٰہُ اِبۡرٰهِیۡمَ خَلِیۡلًا (النساء:126)

'സൽക്കർമം ചെയ്യുന്നവനായിരിക്കെ തന്നത്താൻ അല്ലാഹുവിൽ അർപിക്കുകയും ഋജുമാനസനായ ഇബ്റാഹീമിന്റെ മതത്തെ പിൻപറ്റുകയും ചെയ്യുന്ന ഒരുത്തനെക്കാൾ ഉത്തമനായ മതവിശ്വാസി ആരാണ്? ഇബ്റാഹീമിനെ അല്ലാഹു തന്റെ ഉറ്റ സുഹൃത്താക്കിയിരിക്കുന്നു.' (4:126)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നബി(സ)തിരുമേനിയുടെ നാവിലൂടെ ഹദ്റത്ത് അംറ് ബിൻ തഗ്‌ലിബിനെകുറിച്ചുള്ള പ്രശംസയും ഹദ്റത്ത് അംറ് ബിൻ തഗ്‌ലിബിന്റെ സന്തോഷവും

**(923)** അംറ് ബിൻ തഗ്‌ലിബ്(റ)നിവേദനം. നബി(സ)തിരുമേനിയുടെ അടുക്കൽ അല്പം ധനമോ വസ്തുക്കളോ ചിലർ കൊണ്ടുവന്നു. നബി(സ) അതുടനെ ആളുകൾക്ക് പങ്കിട്ടു കൊടുത്തു. അന്നേരം ചിലർക്ക് കൊടുക്കാതിരിക്കുകയും ചെയ്തു. പങ്കുലഭിക്കാത്തവർ ആക്ഷേപിക്കുന്നുണ്ടെന്ന് ഉടനെ നബി(സ)തിരുമേനിക്ക് വിവരം ലഭിച്ചു. നബി(സ) അല്ലാഹുവിനെ സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്ത് ശേഷം 'അമ്മാബഅ്ദ് ' എന്നു പറഞ്ഞശേഷം ഇപ്രകാരം പ്രസ്താവിച്ചു. അല്ലാഹു സത്യം! ഞാനൊരാൾക്ക് കൊടുക്കുകയും മറ്റൊരാൾക്ക് കൊടുക്കാതിരിക്കുകയും ചെയ്യാറുണ്ട്. വാസ്തവത്തിൽ ഞാൻ കൊടുക്കുന്നവനെക്കാൾ കൊടുക്കാതെ വിടുന്നവനായിരിക്കും എനിക്ക് കൂടുതൽ ഇഷ്ടപ്പെട്ടവൻ. വല്ലതും കിട്ടാതിരിക്കുന്ന പക്ഷം ചിലരുടെ മനസ്സിൽ വലിയ അസ്വസ്ഥതകാണും. അപ്പോൾ അത്തരക്കാർക്ക് ഞാൻ കൊടുക്കും. ചിലരുടെ ഹൃദയങ്ങളിൽ ആത്മസംതൃപ്തിയും നല്ല വിചാരവും കാണും. അപ്പോൾ അത്തരക്കാർ ആ മനസ്ഥിതിയോടെ ജീവിച്ചുകൊള്ളുമെന്ന് വിശ്വസിച്ചുകൊണ്ട് അവരെ ഒന്നും കൊടുക്കാതെ ഉപേക്ഷിക്കും. അംറ് ബിൻ തഗ്‌ലിബ് അവരിൽപെട്ടൊരു വ്യക്തിയാണ്. അംറ് ബിൻ തഗ്‌ലിബ്(റ) പറയുന്നു: 'അല്ലാഹു സത്യം. നബി(സ)തിരുമേനിയുടെ ആ വാക്കുകളെക്കാൾ ചെമന്ന ഒട്ടകങ്ങൾപോലും എന്റെ പക്കൽ പ്രിയങ്കരമല്ല.'(സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുൽ ജുമുഅ, പ്രസാധാനം. 2006 ഖാദിയാൻ)

## ഈ ലക്കത്തിൽ

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

ഖുത്ബ ജുമുഅ 2020 നവംബർ 06 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

**ഇന്ന മരുന്ന് തീർച്ചയായും ഫലം ചെയ്യുമെന്ന് ഒരു വൈദ്യനും ഡോക്ടർക്കും വാദിക്കാൻ കഴിയുകയില്ലെന്നത് തികച്ചും സത്യമായ കാര്യമാണ്. അങ്ങനെയാണെങ്കിൽ ആളുകൾ മരിക്കുന്നതെന്തുകൊണ്ട്? വൈദ്യന്മാരും ഡോക്ടർമാരും മുത്തഖികൾ(ദൈവഭയമുള്ളവർ) ആകേണ്ടതാണ്. മരുന്നു ഉപയോഗിക്കുകയും പ്രാർഥിക്കുകയും ചെയ്യുക.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"കാര്യഹേതുക്കളെ പരിഗണിക്കൽ നമ്മുടെ ശരീഅത്തിൽ(ന്യായപ്രമാണത്തിൽ)വിരോധിച്ചിട്ടില്ല. ആരോ നബി(സ)തിരുമേനിയോടു ചോദിച്ചു: 'ഞങ്ങൾ മരുന്ന് ഉപയോഗിച്ചുകൊള്ളട്ടെ?' അവിടന്ന് പറഞ്ഞു: 'ഉപയോഗിച്ചുകൊള്ളുക. മരുന്നില്ലാത്തതായ ഒരു രോഗവുമില്ല.' എന്നാൽ, ഇന്ന മരുന്ന് തീർച്ചയായും ഫലം ചെയ്യുമെന്ന് ഒരു വൈദ്യനും ഡോക്ടർക്കും വാദിക്കാൻ കഴിയുകയില്ലെന്നത് തികച്ചും സത്യമായ കാര്യമാണ്. അങ്ങനെയാണെങ്കിൽ ആളുകൾ മരിക്കുന്നതെന്തുകൊണ്ട്? വൈദ്യന്മാരും ഡോക്ടർമാരും മുത്തഖികൾ(ദൈവഭയമുള്ളവർ)ആകേണ്ടതാണ്. മരുന്നു ഉപയോഗിക്കുകയും പ്രാർഥിക്കുകയും ചെയ്യുക. ഏകാന്തതയിൽ പ്രാർഥിക്കുക. അഹങ്കരിച്ചവരെതന്നെയാണ് അല്ലാഹു നിന്ദ്യരാക്കിയത്. വയറിളക്കം നിറുത്തുമെന്ന വലിയ വാദമായിരുന്നു ഗ്രീസിലെ പ്രസിദ്ധ വൈദ്യശാസ്ത്ര പണ്ഡിതനായ ജാലിന്യൂസിന്റേത്. അല്ലാഹുവിന്റെ മഹിമാവിലാസം നോക്കുക. അദ്ദേഹംതന്നേയും ആ രോഗത്തിന് ഇരയായി. ഇപ്രകാരംതന്നെ ചിലവൈദ്യന്മാർ കാസരോഗം പിടിപെട്ടും ചിലർ ക്ഷയരോഗം ബാധിച്ചും ലോകത്ത് നിന്ന് വിടപറഞ്ഞു.

**അല്ലാഹുവിനെതന്നെ പൂർണമായും ആശ്രയിക്കേണ്ടതാണ്:**

ഞാൻ ഈ പറയുന്നതിന്റെ ഉദ്ദേശ്യം, അല്ലാഹു അവരുടെ വാദങ്ങളുടെ യാഥാർഥ്യം തുറന്നുകാണിക്കുകയും അനാവശ്യമായ ആത്മസ്തുതിയുടെ രഹസ്യം വെളിപ്പെടുത്തികാണിക്കുകയും ചെയ്തു എന്നതാണ്. ഏതൊരു വാദമാണോ അവർ ചെയ്തത് അതേ വാദത്തിൽ പരാജിതരായി. വാദിക്കാൻ പാടില്ലെന്നാണ് ഇതിൽ നിന്ന് മനസ്സിലാകുന്നത്. പരേതനായ നമ്മുടെ പിതാവ് സാഹിബും പ്രസിദ്ധ വൈദ്യനായിരുന്നു. 50 വർഷത്തെ പരിചയമുണ്ടായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു, 'വൈദ്യകുറിപ്പടി ഒന്നുമല്ല.' യാഥാർഥ്യം ഇതുതന്നെയാണ്. ദൈവനിയന്ത്രണത്തിന്റെ കോളം കാലിയായി കിടക്കുന്നു. അല്ലാഹുവിലേക്ക് ശ്രദ്ധിക്കുന്നവൻ സൗഭാഗ്യവാനാണ്. ബുദ്ധിമുട്ടുണ്ടാകുമ്പോൾ അഹങ്കാരത്തിൽ വരരുത്. ദൈവേതരരെ ആശ്രയിക്കരുത്. പൊടുന്നനെയാണ് നിസാരരോഗങ്ങൾ ഗുരുതരമായിത്തീരുന്നത്. ചിലപ്പോൾ ഹൃദയരോഗത്തിന് ചികിത്സിച്ച് ചികിത്സിച്ച് തലച്ചോറിൽ അത്യാഹിതമുണ്ടാകുന്നു. ചിലപ്പോൾ ശൈത്യത്തിന് ചികിത്സിച്ച് ചികിത്സിച്ച് ചൂടിന്റെ ശക്തി കയറിവരുന്നു. ആർക്കാണ് അതിനെ താണ്ടാൻ കഴിയുക? അല്ലാഹുവിൽ വിശ്വസിക്കേണ്ടതാണ്. ഈ ചെറുകീടങ്ങളേയും വിഷവസ്തുക്കളേയും ആർക്കാണ് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുക. രോഗങ്ങളേയും എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുകയില്ല. മൂവായിരം കണ്ണുരോഗങ്ങൾത്തന്നെയുണ്ടെന്ന് എഴുതിയിരിക്കുന്നു. ചില രോഗങ്ങൾ എങ്ങനെയാണ് അതിജയിക്കുന്നതെന്നാൽ, ഡോക്ടർ മരുന്നെഴുന്നതിനുമുമ്പേ രോഗി മരിക്കുന്നു. അതിനാൽ അല്ലാഹുവിന്റെതന്നെ അഭയത്തിൽ വരേണ്ടതാണ്." (മൽഫൂദാത്ത് വാല്യം 1, പേജ് 232, പ്രസാധനം ഖാദിയാൻ 2018)

**മുസ്‌ലിമീങ്ങൾ ആയിരക്കണക്കിന് വർഷംവരെ ക്രൈസ്തവ രാജ്യങ്ങളുടെമേൽ ഭരണം നടത്തി. ഏതൊരു ആദരവാണോ അവർ ക്രിസ്ത്യാനികൾക്ക് നല്കിയത്, കഷ്ടം! രണ്ടുമൂന്ന് നൂറ്റാണ്ട് ഭരണം കിട്ടിയപ്പോൾ അവരിങ്ങനെ അഹങ്കാരികാളാകാൻ പാടില്ലായിരുന്നു. നബിമാരുടെ ഈ നേതാവിനു മേലും ഇപ്രകാരം മൃഗങ്ങളെപോലെ ആക്രമണം നടത്തരുതായിരുന്നു. മുസ്‌ലിമീങ്ങളുടെ ആ ഔദാര്യങ്ങൾ അവർ ചിന്തിച്ചിരുന്നെങ്കിൽ! അവർ യേശുവിന്നെതിരിൽ ഒരിക്കലും ബലാൽക്കാരപൂർവമായ ചുവട് ഉയർത്തിയില്ല.**

**വലഹും ഫീഹാ അസ്‌വാജുൻ മ്മുത്വഹ്ഹറത്തുൻ** (2:26) ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

**വലഹും ഫീഹാ അസ്‌വാജുൻ മ്മുത്വഹ്ഹറത്തുൻ** അവർക്കവിടെ പരിശുദ്ധരായ കൂട്ടുകാരോ പരിശുദ്ധരായ ഭാര്യമാരോ അല്ലെങ്കിൽ ഭർത്താക്കന്മാരോ ലഭിക്കുന്നതായിരിക്കും. പരിശുദ്ധ കൂട്ടുകാർ എന്ന അർഥത്തിൽ നോക്കുമ്പോൾ ആർക്കും ആക്ഷേപിക്കാൻ പഴുതുകളൊന്നുമുണ്ടാകുകയില്ല. കാരണം അപ്പോൾ അതിന്റെ അർഥം ഇങ്ങനെയായിരിക്കും. സ്വർഗത്തിൽ ഭക്ഷണസാധനം പരസ്പരം സഹായിയായിട്ടുള്ളതുപ്രകാരം അവിടുത്തെ എല്ലാ താമസസ്ഥലവും ഒരാൾ മറ്റൊരാൾക്ക് ആത്മീയാഭിവൃദ്ധിയിൽ സഹായിക്കുന്നവയായിരിക്കും. അതായത് ആന്തരികവും ബാഹ്യവുമായുള്ള എല്ലാത്തരം സമാധാനവും സഹകരണവും ലഭ്യമാകുന്നതായിരിക്കും.

ഇനി ഭർത്താവ് അല്ലെങ്കിൽ ഭാര്യ എന്നാണ് തർജമ ചെയ്യുന്നതെങ്കിൽ 'അസ്‌വാജ് ' പുരുഷനും സ്ത്രീക്കും ഒരുപോലെ പറയപ്പെടുന്ന പദമാണ്. സ്ത്രീയുടെ സൗജ് അഥവാ ഇണ അവളുടെ ഭർത്താവാണ്. പുരുഷന്റെ ഇണ അവന്റെ ഭാര്യയാണ്. ഇങ്ങനെ വരുമ്പോൾ അതിന്റെ ഒരു അർഥം ഇങ്ങനെയായിരിക്കും; ഓരോ സ്വർഗവാസിയുടെയും അടുത്ത് അവന്റെ ഇണ വെക്കപ്പെടുന്നതായിരിക്കും. അവർ നല്ലവരായിരിക്കും. ഈ രീതിയുടെമേലും ഒരുതരത്തിലുള്ള ആക്ഷേപവും ഉണ്ടാകുകയില്ല. മറിച്ച്, പുരുഷനോടു സ്വന്തം നന്മയോടൊപ്പം തന്റെ ഭാര്യയുടെ നന്മയും ശ്രദ്ധിക്കേണ്ടതാണെന്നുള്ള ആഹ്വാനമാണിത്. സ്ത്രീ തന്റെ നന്മ ശ്രദ്ധിക്കുന്നതോടൊപ്പം തന്റെ ഭർത്താവിന്റെ നന്മയും ശ്രദ്ധിക്കേണ്ടതാണ്. എന്തുകൊണ്ടെന്നാൽ അവൾ ഭൗതികലോകത്തെന്നപോലെ പരലോകത്തും ഒരുമിച്ചു കഴിയാനാഗ്രഹിക്കുകയാണെങ്കിൽ ഭർത്താവ് സ്വർഗത്തിലും ഭാര്യ നരകത്തിലും ആകാതിരിക്കാൻ അവരിലോരോരുത്തരും പരസ്പരം നല്ലവരാകാൻ ശ്രമിക്കേണ്ടതാണ്. അർഥങ്ങളുടെ അടിസ്ഥാനത്തിൽ ഈ ആത്മീയമായ പരിശുദ്ധിയുടെ ഒരു ഉന്നത പാഠമാണിത്. ഇതിൽ ആക്ഷേപം ഉന്നയിക്കുന്ന

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

## അബ്ദുല്ലാഹ് ആഥിമിനെ അടയാളം കാണിക്കാമെന്ന മഹത്തായ വെല്ലുവിളി. കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ മുഴുവൻ സ്വത്തും ആഥിമിന് കൊടുക്കാമെന്ന് വാഗ്ദാനം.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വെല്ലുവിളിയും അവിടത്തെ 'ഹുജ്ജുത്തുൽ ഇസ്‌ലാം' എന്ന ഗ്രന്ഥത്തിൽനിന്നാണ് (റൂഹാനീ ഖസാഇൻ, വാള്യം 6) അവതരിപ്പിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദും(അ) പാതിരി അബ്ദുല്ലാ ആഥിമും തമ്മിൽ അമൃതസറിൽ 1893 മെയ് 22 മുതൽ ജൂൺ 5 വരെയാണ് നടന്ന 'അമൃതസർ സംവാദത്തെ' കുറിച്ച് ഞങ്ങൾ കഴിഞ്ഞ ലക്കങ്ങളിൽ പറഞ്ഞിരുന്നു. അത് പിന്നീട് 'ജങ്കെ മുഖദ്ദസ്' (വിശുദ്ധ യുദ്ധം)എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സംവാദം നടത്തിച്ചയാൾ പാതിരി മാർട്ടിൻ ക്ലാർക്കായിരുന്നു. അദ്ദേഹം ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് പാതിരി ഡെപ്യൂട്ടി അബ്ദുല്ലാ ആഥിമിനെ നിശ്ചയിച്ചു. ഈ വാദപ്രതിവാദത്തിന്റെ കാരണവും പശ്ചാത്തലവും ഹ്രസ്വമായി കഴിഞ്ഞ ലക്കങ്ങളിൽ വിവരിച്ചിട്ടുണ്ട്.

സംവാദം മാത്രം നടത്തുന്നതുകൊണ്ട് പ്രയോജനമില്ലെന്നും ഇങ്ങനെ ഒരുപാട് സംവാദങ്ങൾ മുമ്പേ നടത്തിയിട്ടുള്ളതാണെന്നും അത്തരം സംവാദങ്ങളിലൊന്നും ഒരിക്കലും പരാജിതർ തങ്ങളുടെ പരാജയം സമ്മതിച്ചിട്ടില്ലെന്നും പ്രത്യുത പരാജിതർ തങ്ങൾ വിജയിച്ചുവെന്ന് പറഞ്ഞു നടക്കുകയായിരുവെന്നും അത് സ്ഥാപിക്കാൻ ശ്രമിക്കുകയായിരുന്നുവെന്നും അതുകൊണ്ട് ഈ മത്സരത്തിനോടൊപ്പം ജനങ്ങൾക്ക് വ്യക്തമായും മനസ്സിലാകുംവിധം, നിരക്ഷരനായ ആൾക്കുപോലും തിരിച്ചറിയാൻ കഴിയുംവിധം ആരാണ് ജയിച്ചതെന്നും ആരാണ് തോറ്റതെന്നും ആരോടൊപ്പമാണ് ദൈവസഹായമുള്ളതെന്നും അറിയാൻ മറ്റൊരു മത്സരവും നടത്തണമെന്നും തുടക്കം മുതലേ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. ഉദാഹരണത്തിന് ആരെയെങ്കിലും സംബന്ധിച്ച് അയാൾ ഒരു വർഷത്തിനുള്ളിൽ ഈ ലോകം വെടിയുകയോ അല്ലെങ്കിൽ എന്തെങ്കിലും ഗുരുതരമായ രോഗത്തിന് അടിപ്പെടുകയോ അയാളുടെ ജീവിതത്തെ ദുരിതപൂർണമാക്കുന്ന രോഗം ഉണ്ടാവുകയോ ചെയ്യുമെന്ന് പ്രവചിച്ചാൽ, അത്തരം പ്രവചനം പുലരുമ്പോൾ സംശയത്തിന് ഒരിടവുമുണ്ടാകാത്ത വിധം എല്ലാവർക്കും ആ അടയാളം വ്യക്തമായ നിലയിൽ കാണാൻ കഴിയും. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത്തരം ആത്മീയമായ പോരാട്ടത്തിലേക്ക് ക്ഷണിച്ചുകൊണ്ട് പറഞ്ഞു:

'ആറു ദിവസത്തിനുശേഷം അതായത് ഇരുകക്ഷികളും അവരവരുടെ ആറാറു ദിവസം പൂർത്തിയാക്കിയതിനുശേഷം അവർ തമ്മിൽ മുബാഹലയും ഉണ്ടാകേണ്ടതാണ്. ഇരുകക്ഷികളും മതത്തിന്റെ സഹായത്തിന് തങ്ങളുടെ ദൈവത്തിനോടു ദൈവികാടയാളം തേടിയാൽ മാത്രം മതിയാകും. ആ അടയാളങ്ങൾ വെളിപ്പെടാൻ ഒരുവർഷത്തെ കാലയളവ് നിശ്ചയിക്കേണ്ടതാണ്. പിന്നീട് ഏതു കക്ഷിക്ക് അനുകൂലമായാണോ മനുഷ്യശക്തിക്കതീതമായ ദൈവികാടയാളം വെളിപെടുന്നത് അത് എതിർകക്ഷിക്ക് വെളിപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ ആ പരാജയപ്പെട്ട കക്ഷി അല്ലാഹു തന്റെ ദൈവികമായ അടയാളങ്ങളോടുകൂടി വിജയിപ്പിച്ച കക്ഷിയുടെ മതം സ്വീകരിക്കേണ്ടതാണ്. ഈ രീതി സത്യാസത്യങ്ങൾ തികച്ചും വേർപെടുത്തി കാണിക്കുന്ന ഒന്നായിരിക്കും. കാരണം ഒരു ദൈവികമായ ദൃഷ്ടാന്തത്തിന്നെതിരിൽ എതിർകക്ഷിക്ക് മനുഷ്യശക്തിക്കതീതമായ ദൃഷ്ടാന്തം കാണിക്കാൻ കഴിയാതെ വരുമ്പോൾ സത്യം തികച്ചും വെളിപ്പെടുന്നതും എല്ലാ സംവാദങ്ങളും അതോടെ അവസാനിക്കുന്നതും സത്യം വെളിപ്പെടുന്നതുമായിരിക്കും.' (ഹുജ്ജത്തുൽ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 48)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. ഇരുഭാഗത്തുനിന്നും ആരെങ്കിലും തന്റെ മതത്തിന്റെ സത്യത്തിനുള്ള അടയാളത്തിനായി തന്നെ സമർപിക്കുക. ആരാണോ സമർപിക്കുന്നത് അവന്റെ മതം തന്നെയായിരിക്കും സത്യമായിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇരുകക്ഷികളുടേയും വാദം, തങ്ങൾക്ക് തങ്ങളുടെ മതം ഒരുപാട് ദൃഷ്ടാന്തങ്ങളോടുകൂടി അല്ലാഹുവിൽനിന്ന് ലഭിച്ചതാണെന്നാണ്. തെളിവുകളിൽ അടിത്തറയുള്ള മതമാണ് –ഈ തെളിവുകൾ കഥ എന്ന നിലയിലുള്ളതായിരിക്കരുത്–ജീവനുള്ള മതമെന്നാണ് ഇരുകക്ഷികളും സമ്മതിക്കുന്നത്. എന്നല്ല, തെളിവുകളുടെ വർണത്തിൽതന്നെ ഇപ്പോഴും നിലവിലുള്ളതും വ്യക്തവുമായിരിക്കണം. അതിനാൽ കാര്യം ഇങ്ങനെയായിരിക്കുമ്പോൾ വളരെ സുഗമമായ സംവാദമെന്താണെന്നാൽ, ഇസ്‌ലാം മതത്തിലെ ഏതെങ്കിലും വ്യക്തി പൂർണനായ മുസ്‌ലിമാകുന്നതിന് വിശുദ്ധ ഖുർആൻ പറഞ്ഞിട്ടുള്ള അധ്യാപനവും ലക്ഷണങ്ങളും അനുസരിച്ച് തന്റെ സത്വം സ്ഥാപിക്കുക. സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ വ്യാജനാണ്, മുസ്‌ലിമല്ല. അപ്രകാരംതന്നെ ക്രൈസ്തവ സാഹിബുമാരിൽനിന്ന് ആരെങ്കിലും ബൈബിളിലുള്ള അധ്യാപനവും അടയാളങ്ങളുമനുസരിച്ച് തന്റെ സ്വത്വം സ്ഥാപിച്ചുകാണിക്കുക. അവർക്ക് സ്ഥാപിച്ചു കാണിക്കാൻ കഴിയുന്നില്ലെങ്കിൽ അയാൾ വ്യാജനാണ്. ക്രിസ്ത്യാനിയല്ല. ഏതൊരു അവസ്ഥയിൽ ഇരുകക്ഷികളുടേയും വാദം ഏതൊരു പ്രകാശത്തെ അവരുടെ നബിമാർ കൊണ്ടുവന്നിരുന്നുവോ ആ പ്രകാശം കേവലം വ്യക്തിഗതമായിരുന്നില്ല. പ്രത്യുത എല്ലാവർക്കും ബാധകമായിരുന്നു. അപ്പോൾ പിന്നെ ഏതൊരു കക്ഷിയിലാണോ ഈ പ്രകാശം എല്ലാവർക്കും ബാധകമായി സ്ഥാപിതമാകുന്നത് അതിനെ സംബന്ധിച്ച് ആ മതമാണ് ജീവനുള്ളതും സത്യവുമെന്ന് ബുദ്ധി നിശ്ചയിക്കുന്നതായിരിക്കും. (Ibid, പേജ് 61–62)

ഏതെങ്കിലും മതത്തിന്റെ സത്യതയ്ക്കുള്ള യഥാർഥ തെളിവ്, ദൈവം അതിനനുകൂലമായി സംസാരിക്കുകയും അത് സത്യമാണെന്നതിന് തന്റെ പിന്തുണയും സഹായവും കാണിക്കുകയും ചെയ്യുക എന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഈ സംവാദം ഭൂമിയിൽ മാത്രം പരിമിതമാകാൻ പാടില്ല. പ്രത്യുത ആകാശവും ഇതിനോടൊപ്പം പങ്കുചേരണം. ആത്മീയമായ ജീവിതവും ആകാശീയമായ സ്വീകാര്യതയും തെളിമയാർന്ന മനഃസാക്ഷിയും ഏതു മതത്തിലാണെന്ന കാര്യത്തിൽ മാത്രമായിരിക്കണം. ഞാനും എന്റെ എതിരിലുള്ളവരും അവരവരുടെ ഗ്രന്ഥത്തിന്റെ സ്വാധീനശക്തികൾ അവരവരുടെ സ്വത്വത്തിൽ സ്ഥാപിക്കേണ്ടതാണ്. അതേ! ബുദ്ധിപരമായ നിലയിലും ഈ രണ്ട് വിശ്വാസങ്ങളുടേയും (അതായത് മിശിഹാ ദൈവമായിരുന്നോ അതല്ല ദൈവദൂതന്മാരെപോലെ ഒരു ദൂതനോ)വ്യക്തത ഉണ്ടാകണം. അങ്ങനെയാണെങ്കിൽ ഇതും ഉത്തമമാണ്. എന്നാൽ അതിനേക്കാൾ മുമ്പേ ആത്മീയവും ആകാശീയവുമായ പരിശോധനകൾ തീർച്ചയായും വേണ്ടതാണ്. (കയശറ, പേജ് 66)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) സംവാദത്തിന്റെ നിബന്ധനകളും മറ്റു കാര്യങ്ങളും നിശ്ചയിച്ചുറപ്പിക്കുന്നതിനുവേണ്ടി 15 പേരടങ്ങുന്ന ഒരു സംഘത്തെ അമൃതസറിൽ മാർട്ടിൻ ക്ലാർക്കിന്റെ അടുത്തയച്ചു. നിബന്ധനകൾ തയ്യാറായപ്പോൾ മാർട്ടിൻ ക്ലാർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എഴുതി: 'താങ്കൾ ഈ നിബന്ധനകൾ അംഗീകരിക്കുന്നുണ്ടോ എന്ന് എന്നെ അറിയിക്കുക.' അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'താങ്കളുടേയും എന്റേയും സ്നേഹിതന്മാർ ഒപ്പിട്ടു കഴിഞ്ഞിട്ടുള്ള ഈ എല്ലാ നിബന്ധനകളും ഞാൻ സമ്മതിക്കുന്നു. പക്ഷേ, ഏറ്റവുമാദ്യം ഇക്കാര്യം വ്യക്തമാക്കേണ്ടതുണ്ട്: ഈ സംവാദത്തന്റേയും മത്സരത്തിന്റേയും അടിസ്ഥാന ലക്ഷ്യമെന്താണ്? ഇതു വർഷങ്ങളായി മുസ്‌ലിമീങ്ങളും ക്രിസ്ത്യാനികളും തമ്മിൽ പഞ്ചാബിലും ഹിന്ദുസ്താനിലും നടന്നുവരുന്ന സാധാരണ സംവാദമായിരിക്കുമോ? അവയുടെ ഫലം മുസ്‌ലിമീങ്ങൾ തങ്ങൾ ക്രിസ്ത്യാനികളെ പരാജയപ്പെടുത്തിയെന്നും ക്രിസ്ത്യാനികൾ തങ്ങൾ മുസ്‌ലിമീങ്ങളുടെ വായടപ്പിച്ചു എന്നു പറയുന്നതും മാത്രമാണ്. ഇത്ര മാത്രമാണെങ്കിൽ അത് വെറുമൊരു പാഴ്‌വേലയാണ്. അതുകൊണ്ട് സംവാദരീതി മാറ്റേണ്ടതാണ്. എന്റെ അഭിപ്രായത്തിൽ അതിന് ആത്മീയമായ മത്സരം അതായത് 'മുബാഹല' അല്ലാതെ മറ്റൊന്നുമില്ല. ഒന്നാമതായി ഇരുകൂട്ടരുടേയും ആറാറു ദിവസം സംവാദം നടക്കണം. അതെന്റെ സ്നേഹിതന്മാർ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്; പിന്നീട് ഏഴാം ദിവസം മുബാഹലയും. ഇരുകക്ഷിയും മുബാഹലയിൽ ഇങ്ങനെ ദുആ ചെയ്യണം: ഉദാഹരണത്തിന് ക്രൈസ്തവ കക്ഷി ഇങ്ങനെ പറയുക, 'ഞാൻ വിശ്വസിക്കുന്ന നസ്റേത്തുകാരനായ യേശുമിശിഹാ സാക്ഷാൽ ദൈവമാണ്. ഖുർആൻ മനുഷ്യന്റെ കറ്റുകെട്ടാണ്. ദൈവഗ്രന്ഥമല്ല. ഞാനിതിൽ സത്യവാദിയല്ലെങ്കിൽ ഒരു വർഷത്തിനുള്ളിൽ എന്നിൽ എന്റെ നിന്ദ്യത പ്രകടമാകുന്ന എന്തെങ്കിലും ശിക്ഷ ഇറക്കിയാലും.' അതുപോലെതന്നെ ഈ വിനീതനും ഇങ്ങനെ ദുആ ചെയ്യുന്നതായിരിക്കും: 'സമ്പൂർണനും പുണ്യവാനുമായ ദൈവമേ, യഥാർഥത്തിൽ യേശുമിശിഹാ നിന്റെ ദാസനും നിന്റെ ദൂതനുമാണെന്ന് എനിക്കറിയാം; ദൈവം ഒരിക്കലുമല്ല! വിശുദ്ധഖുർആൻ നിന്റെ പരിശുദ്ധഗ്രന്ഥമാണ്. മുഹമ്മദ് മുസ്തഫ(സ) നിന്റെ പ്രിയപ്പെട്ടവനും പുണ്യവാനുമായ റസൂലാണ്. ഞാനിക്കാര്യത്തിൽ സത്യവാനല്ലെങ്കിൽ എന്നിൽ ഒരു വർഷത്തിനുള്ളിൽ സമാനകരമായ എന്തെങ്കിലും ശിക്ഷ ഇറക്കിയാലും. എന്റെ അപമാനത്തിന് ഒരു വർഷത്തിനുള്ളിൽ എനിക്കനുകൂലമായി നിന്നിൽനിന്ന് എന്നെ പിന്തുണച്ച് ഒരു അടയാളം പ്രകടമാകാതിരുന്നാൽമാത്രം മതി. അതിനെ നേരിടുന്നതിൽനിന്ന് എല്ലാ എതിരാളികളും കഴിവറ്റരാകണം.' (Ibid, പേജ് 69)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ച് ആത്മീയമായ പോരാട്ടത്തിന് സമ്മർദ്ദം ചെലുത്തി. അതിലേക്ക് നിർബന്ധിച്ച് വിളിച്ചു. അതു കണ്ട് പാതിരി അബ്ദുല്ലാ ആഥിം പരിഭ്രമിച്ചു. അദ്ദേഹം ആദ്യമേതന്നെ തന്റെ പരാജയം സമ്മതിച്ചു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു കത്തയച്ചു: അതിലെഴുതി: 'നമുക്ക് മുഅ്ജിസത്ത് അഥവാ ദിവ്യദൃഷ്ടാന്തത്തിന്റെ ആവശ്യമില്ല. നമ്മുടെ ഉള്ളിൽ ദിവ്യാത്ഭുതം കാണിക്കുന്നതിന് ശക്തിയുമില്ല.' അപ്രകാരംതന്നെ എഴുതി: 'ഇനി ജനാബ് ഏതെങ്കിലും മുഅ്ജിസത്ത് കാണിക്കാൻ തൽപരനാണെങ്കിൽ ഞങ്ങൾ അത് കാണുന്നതിന് കണ്ണടയ്ക്കുകയില്ല. ഞങ്ങളുടെ തെറ്റ്

(ശേഷം പേജ് 12ൽ)

## ഖുത്ബ ജുമുഅ

ലോകത്തെ തൗഹീദിനുകീഴിൽ കൊണ്ടുവരാൻ നമ്മൾ ശ്രമിക്കേണ്ടതാണ്.
നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരിക തന്നെയാണ് തഹ്‌രീക്കെ ജദീദിന്റെ ലക്ഷ്യവും.

ഈ വർഷം, ആഗോള അഹ്മദിയ്യാ ജമാഅത്തിന് ദൈവകൃപയാൽ തഹ്‌രീക്കെ ജദീദിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ 14.5 മില്യൺ അതായത് ഒരുകോടി 54 ലക്ഷം പൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് കിട്ടിയിരിക്കുന്നു. ഈ വരവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8,82,000 പൗണ്ട് അധികമാണ്.

അല്ലാഹു പറയുന്നു: എന്റെ ശ്രദ്ധ കരസ്ഥമാക്കുന്നതിനും എന്റെ തൃപ്തി കൈവരിക്കുന്നതിനും എന്റെ സമ്പ്രീതി സംപ്രാപ്തമാകുന്നതിനും ആത്മാർഥമായി ചെലവഴിക്കുകയാണെങ്കിൽ നിങ്ങളുടെ ഭയം അകറ്റാമെന്നതും നിങ്ങളുടെ ദുഃഖങ്ങൾ ഇല്ലാതാക്കാമെന്നതും നിങ്ങൾക്ക് മനസ്സമാധാനത്തിനുള്ള കാര്യങ്ങൾ ചെയ്യാമെന്നതും നിങ്ങൾക്ക് സമാധാനം നൽകാമെന്നതും നിങ്ങളെ എന്റെ മടിത്തട്ടിലേക്ക് എടുക്കാമെന്നതും എന്റെ വാഗ്ദാനമാകുന്നു.

ത്യാഗങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെടുന്നു.
ആ ത്യാഗങ്ങളുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകണമെന്നതാണ് നിബന്ധന.

**തഹ്‌രീക്കെ ജദീദിന്റെ 86-ാമത് വർഷത്തിന്റെ വിജയകരവും അനുഗൃഹീതവുമായ പരിസമാപ്തിയും 87-ാം വർഷത്തിന്റെ ആരംഭ വിളംബരവും.**

ഈ വർഷം തഹ്‌രീക്കെ ജദീദിന്റെ കീഴിൽ ധനത്യാഗം ചെയ്ത ആദ്യത്തെ 10 രാജ്യങ്ങളിൽ ജർമനി, ബ്രിട്ടൺ, അമേരിക്ക, കനഡ, മധ്യപൂർവദേശത്തെ ഒരു രാജ്യം, ഭാരതം, ആസ്ത്രേലിയ, ഇന്തൊനേഷ്യ, ഘാന, മധ്യപൂർവദേശത്തെ മറ്റൊരു രാജ്യം.

ലോകം മുഴുവൻ താമസിക്കുന്ന, വിവിധ ജനതകളുമായി ബന്ധം വെക്കുന്ന അഹ്മദികളായ പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും അതുപോലെതന്നെ നവഅഹ്മദികളുടേയും അതുല്യമായ ത്യാഗങ്ങളുടേയും അതിന്റെ ഫലമായുണ്ടായ ദൈവാനുഗ്രഹങ്ങളുടേയും ചർച്ച.

ഇന്നത്തെ അവസ്ഥകളിൽ ആഗോള ഇസ്‌ലാമിനും മുസ്‌ലിമീങ്ങൾക്കുംവേണ്ടി ദുആ ചെയ്യാനുള്ള ആഹ്വാനം.

**ഖുത്‌ബ ജുമുഅ 2020 നവംബർ 06/1399 നുബുവ്വത്ത് 06**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ -
اَلَّذِينَ يُنْفِقُونَ أَمْوَالَهُمْ بِاللَّيْلِ وَالنَّهَارِ سِرًّا وَّعَلَانِيَةً فَلَهُمْ أَجْرُهُمْ عِنْدَ رَبِّهِمْ وَلَا
خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (البقرة:275)

അതായത് അവർ തങ്ങളുടെ സമ്പത്തിൽ നിന്ന് രാവും പകലും രഹസ്യമായും പരസ്യമായും ചെലവഴിക്കുന്നു. അവർക്ക് അവരുടെ നാഥന്റെ പക്കൽ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവും ഉണ്ടാകുന്നതല്ല. അവർ വ്യസനിക്കുന്നതുമല്ല. (2:275)

വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ അല്ലാഹു സത്യവിശ്വാസികളെ ധനത്യാഗത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഈ ആയത്തിലും സത്യവിശ്വാസി അല്ലാഹുവിന്റെ മാർഗത്തിൽ രാവും പകലും ചെലവു ചെയ്തു കൊണ്ടിരിക്കുന്ന കാര്യം അവരുടെ ഒരു പ്രത്യേകതയായി എടുത്തു പറയുന്നത് നമ്മൾ കാണുന്നു. അവർ രഹസ്യമായും പരസ്യമായും ചെലവ് ചെയ്യുന്നു. അല്ലാഹുവിന്റെ പക്കൽ ഈ രണ്ട് രീതിയും സ്വീകാരാർഹമാണ്. അതായത് രഹസ്യമായും പരസ്യമായും ചെലവഴിക്കുന്നത്. കാരണം അല്ലാഹു മറ്റൊരിടത്ത് പറയുന്നു: ഈ സത്യവിശ്വാസികൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതാണ്. *വമാ തുൻഫിഖൂന ഇല്ലബ്‌തിഗാഅ വജ്ഹില്ലാഹി* എന്നു പറഞ്ഞതുപോലെ. അതായത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി അവർ ചെലവഴിക്കുന്നു. അല്ലാഹുവിന്റെ തൃപ്തിയ്ക്ക് വേണ്ടിയല്ലാതെ അവർ ചെലവഴിക്കുന്നേയില്ല. അതായത് അവരുടെ ലക്ഷ്യം തന്നെ അല്ലാഹുവിന്റെ തൃപ്തി ആകുന്നു. അതിനാൽ നന്മകൾ ചെയ്യുക, അല്ലാഹുവിന്റെ മാർഗത്തിൽ തന്റെ പരിശുദ്ധ സമ്പത്തിൽനിന്ന് ചെലവഴിക്കുക, രാവും പകലും നന്മകൾ ചെയ്യാനുള്ള ചിന്തയുണ്ടാകുക, ചിലപ്പോൾ പരസ്യമായി നന്മകൾ ചെയ്യുക, ചിലപ്പോൾ രഹസ്യമായി നന്മകൾ ചെയ്യുക, ചിലപ്പോൾ പരസ്യമായി സാമ്പത്തിക ത്യാഗം ചെയ്യുക, ചിലപ്പോൾ രഹസ്യമായി സാമ്പത്തിക ത്യാഗം ചെയ്യുക തുടങ്ങിയവയാണ് ഒരു യഥാർഥ വിശ്വാസിയുടെ ലക്ഷണം. ഈ ത്യാഗങ്ങളാണ് അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമായിത്തീരുന്നത്. പക്ഷേ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെന്ന ലക്ഷ്യമായിരിക്കണം ഉണ്ടാകേണ്ടത് എന്നതാണ് നിബന്ധന. കാണിച്ചുകൂട്ടാനുള്ള ത്യാഗമാണെങ്കിൽ അത്തരം ത്യാഗങ്ങൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകരിക്കപ്പെടുകയില്ല. പ്രദർശനപരമായ ആ ത്യാഗങ്ങൾ അവരുടെ മുഖത്തേക്ക് തന്നെ വലിച്ചെറിയപ്പെടുന്നതാണ്. ഈ അന്തസത്തയെ മുൻനിറുത്തിക്കൊണ്ട് ഒരു സത്യവിശ്വാസി ത്യാഗങ്ങൾ ചെയ്യേണ്ടതാണ്. ഈ അന്തസത്തയെ മുൻനിറുത്തിക്കൊണ്ടുതന്നെയാണ് ജമാഅത്ത് അംഗങ്ങൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധനത്യാഗങ്ങൾ ചെയ്യുന്നത്. ഈ അന്തസത്ത ഇല്ലെങ്കിൽ സാമ്പത്തിക ത്യാഗങ്ങൾ നിഷ്പ്രയോജനമാകുന്നു; അത് വ്യർഥമാകുന്നു. ഇന്നയാൾ ഇത്ര ത്യാഗം ചെയ്തുവെന്നും എനിക്ക് അതിനെക്കാൾ കൂടുതൽ ത്യാഗം ചെയ്യണമെന്നുമുള്ള ഉദ്ദേശ്യത്തിലാണെങ്കിൽ അതും പ്രയോജനരഹിതമാകുന്നു. അതല്ലെങ്കിൽ ഇന്ന ജമാഅത്ത് അല്ലെങ്കിൽ ഹൽഖ(ഏരിയ) നമ്മളെക്കാൾ ത്യാഗത്തിൽ മുന്നേറരുത്, അങ്ങനെയായാൽ ജനങ്ങൾ എന്തുപറയും എന്ന തോന്നലും ശരിയല്ല. മത്സര മനോഭാവം നല്ലതുതന്നെ. എന്നാൽ, ജനങ്ങൾ എന്തു പറയുമെന്ന ആശങ്ക ഉണ്ടാകരുത്. മറിച്ച് അല്ലാഹുവിന്റെ വീക്ഷണത്തിൽ അവരെക്കാൾ കൂടുതൽ ത്യാഗം ചെയ്യുന്നവരാകണമെന്നതായിരിക്കണം ലക്ഷ്യം. ഇങ്ങനെയാണ് മത്സര മനോഭാവം ഉണ്ടാകേണ്ടത്. അതുപോലെ അഹങ്കാരത്തോടെ താൻ ഇത്ര ചന്ദ കൊടുത്തു, അതല്ലെങ്കിൽ താൻ ഇത്ര ചന്ദ കൊടുക്കുന്നവനാണ്, തന്റെ ഈ കാര്യം അംഗീകരിക്കേണ്ടത് തന്റെ അവകാശമാണ്, അതല്ല ഇന്ന സൗകര്യം തനിക്ക് ചെയ്തു തരണം എന്ന് പറഞ്ഞ് എന്തെങ്കിലും അഭിപ്രായഭിന്നത യുണ്ടാകുമ്പോൾ സംവിധാനത്തിനുമേൽ തന്റെ ഔദാര്യം പ്രകടിപ്പിക്കുന്നതും അല്ലെങ്കിൽ താൻ ഇത്രത്തോളം ത്യാഗം ചെയ്യുന്നതുകൊണ്ട് കാലത്തിന്റെ ഖലീഫയുടെ അല്ലെങ്കിൽ ഭാരവാഹികളുടെ ദൃഷ്ടിയിൽ വരുമെന്നും തനിക്ക് പ്രശംസ കിട്ടുമെന്നും കരുതുന്നതും എല്ലാം തെറ്റാകുന്നു. അതെല്ലാം നിഷ്പ്രയോജനവും വ്യർഥമായ കാര്യങ്ങളും ത്യാഗത്തിന്റെ അന്തസത്തക്ക് നിരക്കാത്തതുമാകുന്നു. എന്നല്ല അത് തിരിച്ച് നഷ്ടത്തിന് കാരണമാകുന്നതാണ്.

അല്ലാഹു പറയുന്നു: ഇതെല്ലാം തെറ്റാകുന്നു. എന്റെ മാർഗത്തിൽ ചെലവഴിക്കുകയാണെങ്കിൽ എന്റെ തൃപ്തി കരസ്ഥമാക്കുക എന്ന ലക്ഷ്യം

മാത്രമായിരിക്കണം ഉണ്ടാകേണ്ടത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവർക്ക് അല്ലാഹു അന്തസും നൽകുന്നതാണ്. എന്നാൽ ഈ അന്തസ് അഥവാ ബഹുമതി അയാളിൽ വിനയവും താഴ്മയും വർധിപ്പിക്കുന്നതായിരിക്കണം. ജനങ്ങൾ, തന്നെ ശ്ലാഘിക്കുന്നതിൽ അയാൾക്ക് ലജ്ജയുണ്ടാകുന്നതാണ്. കാലത്തിന്റെ ഖലീഫയുടെ ദൃഷ്ടിയിൽ വരണമെന്ന ആഗ്രഹം പോലും, തനിക്കുവേണ്ടി അദ്ദേഹം ദുആ ചെയ്യണമെന്നും ഖിലാഫത്തുമായി ഒരു ഉറച്ചബന്ധം ഉണ്ടാകണമെന്നുമുള്ള ലക്ഷ്യത്തോടെയായിരിക്കേണ്ടതാണ്. ആർക്കാണോ ബയ്അത്ത് ചെയ്തിട്ടുള്ളത്, അദ്ദേഹത്തിന്റെ ദുആകളിൽ ഭാഗഭാക്കാകണമെന്ന ആഗ്രഹം പ്രകൃത്യാ ഉണ്ടാകുന്നതാണ്. സത്യഖിലാഫത്തിൽ ഉറച്ച വിശ്വാസമുണ്ടെങ്കിൽ അത്തരം ആഗ്രഹത്തിന് ഒരു പ്രശ്നവുമില്ല. പക്ഷേ, ഉദ്ദേശ്യം പ്രദർശനപരത യായിരിക്കരുത്. മറിച്ച് ദൈവപ്രീതി കരസ്ഥമാക്കണമെന്നതും അല്ലാഹുവിന്റെ സാമിപ്യം നേടുന്നതിനും അല്ലാഹുവിന്റെ തൃപ്തി സ്വായത്തമാക്കുന്നതിനുമായി കാലത്തിന്റെ ഖലീഫ തനിക്കുവേണ്ടി ദുആ ചെയ്യണമെന്നുമുള്ള ഉദ്ദേശ്യമാണ് ഈ ത്യാഗംകൊണ്ട് ഉണ്ടാകേണ്ടത്. സത്യവിശ്വാസികളുടെ പരസ്പരമുള്ള പ്രാർഥനകൾ തന്നെയാണ് അവരുടെ ആത്മീയ പുരോഗതിക്കുള്ള മാർഗമായി മാറുന്നത്. അതിനാൽ ഈ ചിന്താഗതി അല്ലാഹുവിന്റെ അധ്യാപനങ്ങൾക്ക് അനുസൃതമാകുന്നു.

അല്ലാഹു പറയുന്നു: എന്റെ ശ്രദ്ധ കരസ്ഥമാക്കുന്നതിനും എന്റെ തൃപ്തി കൈവരിക്കുന്നതിനും എന്റെ സമ്പ്രീതി സംപ്രാപ്തമാകുന്നതിനും ആത്മാർഥമായി ചെലവഴിക്കുകയാണെങ്കിൽ നിങ്ങളുടെ ഭയം അകറ്റാമെന്നതും നിങ്ങളുടെ ദുഃഖങ്ങൾ ഇല്ലാതാക്കാമെന്നതും നിങ്ങൾക്ക് മനസ്സമാധാനത്തിനുള്ള കാര്യങ്ങൾ ചെയ്യാമെന്നതും നിങ്ങൾക്ക് സമാധാനം നൽകാമെന്നതും നിങ്ങളെ എന്റെ മടിത്തട്ടിലേക്ക് എടുക്കാമെന്നതും എന്റെ വാഗ്ദാനമാകുന്നു. അല്ലാഹുവിന്റെ ദീനിനുവേണ്ടി ധനത്യാഗം ചെയ്യണമെന്ന ഈ ചിന്താഗതി ദൈവകൃപയാൽ ഈ കാലഘട്ടത്തിലെ ഇമാമും വാഗ്ദത്ത മഹ്ദിയും നബി(സ)തിരുമേനിയുടെ സേവകനെ വിശ്വസിച്ചവരുമായ സംഘത്തിന്റെ ചിന്താഗതിയാകുന്നു. അല്ലാഹു ആ ധനത്യാഗത്തെ ഫലപ്രദമാക്കാതെ ഉപേക്ഷിക്കുകയില്ല. അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടിയാണ്. എന്നാൽ, അല്ലാഹു ചില സന്ദർഭത്തിൽ അപ്പപ്പോൾ തന്നെ അനുഗ്രഹിക്കാറുണ്ട്; ചിലപ്പോൾ സമ്പത്തിന്റെ രൂപത്തിലും മറ്റു ചിലപ്പോൾ മറ്റു പല അനുഗ്രഹങ്ങളുടെ രൂപത്തിലും. ഇതിനുള്ള ഉദാഹരണങ്ങൾ എല്ലാ ദിവസവും നമ്മുടെ ജമാഅത്ത് കണ്ടുകൊണ്ടിരിക്കുന്നു. പത്തോ ഇരുപതോ നൂറോ അല്ല. മറിച്ച് ആയിരക്കണക്കിന് ഉദാഹരണങ്ങളുണ്ട്. എന്നല്ല, ഞാൻ പറയുന്നത് അത് ലക്ഷക്കണക്കിനുണ്ടെന്നാണ്. അതിലൂടെയാണ് ദൈവപ്രീതി കരസ്ഥമാക്കിയവർ കടന്നുപോകുന്നതും തങ്ങൾക്കുമേൽ ദൈവാനുഗ്രഹം ഉണ്ടാകുന്നത് അനുഭവിക്കുന്നതും. പിന്നെ അവരുടെ വിശ്വാസം ദൃഢമാകുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുന്നു. ഈ ചെലവഴിക്കുന്നവർ, തങ്ങളുടെ ഭാര്യമക്കൾക്കുമേലും അവകാശങ്ങളുണ്ടെന്ന് തീർച്ചയായും ഓർക്കേണ്ടതാണ്. ഈ അവകാശങ്ങൾ നിറവേറ്റേണ്ടതും ഒരു വിശ്വാസിയുടെ കടമയാകുന്നു. തങ്ങളുടെ ഭാര്യാമക്കളുടെ അവകാശങ്ങൾ ഹനിക്കുന്നതും അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കാതിരിക്കുന്നതും പാപമാകുന്നു. എന്നാൽ, ഓർക്കുക! ഉള്ളതിൽ തൃപ്തിപ്പെടുത്തേണ്ടതും അതിന്റെ പ്രാധാന്യം അവരെ ബോധ്യപ്പെടുത്തേണ്ടതും ബോധവത്ക്കരണത്തിലൂടെ ധനത്യാഗത്തിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കേണ്ടതും അനിവാര്യമാണ്. തുടർന്ന് അത്തരമാളുകളുടെ മക്കൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളോടൊപ്പം വിവിധ മാർഗങ്ങളിലൂടെ ദൈവാനുഗ്രഹങ്ങളുടെ അവകാശികളാകുന്നതും കാണുമ്പോൾ മനുഷ്യൻ അത്ഭുതപ്പെട്ടുപോകുന്നു. ഈ സന്ദർഭത്തിൽ, ത്യാഗം ചെയ്യുന്നവരുടെ ത്യാഗം കൊണ്ടുണ്ടായ അനുഗ്രഹങ്ങൾ അഥവാ സമ്പത്ത് ചെലവഴിക്കുന്നതിന് അവർക്ക് പ്രേരണ ഉണ്ടാകുകയും, പിന്നെ എങ്ങനെയാണ് അവർ അനുഗ്രഹിക്കപ്പെട്ടതെന്നുമുള്ള സംഭവങ്ങളിൽ ചിലത് ഞാൻ കേൾപ്പിക്കാം. ഇത്തരം സംഭവങ്ങൾ സമർപ്പിക്കുമ്പോൾ ചിലപ്പോൾ അത് ഗുണകരമാകുകയും അതുമുഖേന മറ്റുള്ളവർക്ക് പ്രേരണ ഉണ്ടാകുകയും ചെയ്യുന്നതാണ്. ചിലർ, ഈ സംഭവങ്ങൾ തങ്ങളിൽ സ്വാധീനം ചെലുത്തിയെന്നും ധനത്യാഗത്തിന് പ്രചോദനമായെന്നും തങ്ങളും ദൈവികാനുഗ്രഹങ്ങളുടെ കാഴ്ചകൾക്ക് സാക്ഷിയായെന്നും എഴുതുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: 'എന്നാൽ, നിങ്ങൾ നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കരുതെന്ന് ഖുർആൻ പറയുന്നു. പ്രത്യുത, നന്മ കരുതി ചില സൽകർമങ്ങൾ രഹസ്യമായി ചെയ്യുന്നതാണ് നിങ്ങൾക്കുത്തമമെന്ന് കണ്ടാൽ അങ്ങനെ ചെയ്യുക. പരസ്യമായി ചെയ്യുന്നതിലാണ് സാധാരണക്കാർക്ക് ഗുണമെന്ന് കണ്ടാൽ, രണ്ട് പ്രതിഫലം ലഭിക്കുന്നതിന് ചില കർമങ്ങൾ പരസ്യമായും ചെയ്യുക. സൽകർമം ചെയ്യാൻ ധൈര്യമില്ലാത്ത ദുർബല മനസ്കരും നിങ്ങളെ പിന്തുടർന്ന് ആ സൽകർമം ചെയ്യട്ടെ. അല്ലാഹു തന്റെ ഗ്രന്ഥത്തിൽ സിർറൻവ്വഅലാനിയത്തൻ അതായത്, രഹസ്യമായും ദാനധർമം ചെയ്യുക, മറ്റുള്ളവരെ കാണിച്ചും ചെയ്യുക എന്ന് പറഞ്ഞിരിക്കുന്നു. ഈ കല്പനയുടെ യുക്തി അവൻ സ്വയം പറഞ്ഞുതന്നിരിക്കുന്നു. ഇതിന്റെ ഉദ്ദേശ്യം നിങ്ങൾ വെറും വാക്കുകൾ മുഖേന മനസ്സിലാക്കി കൊടുക്കാതെ പ്രവർത്തികൊണ്ടും ആഹ്വാനം ചെയ്യുക എന്നതാണ്.'(കശ്തിയെ നൂഹ്, റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 31–32)

ഞാൻ കേൾപ്പിക്കുന്ന അല്ലെങ്കിൽ ഇന്ന് പറയാൻ പോകുന്ന സംഭവങ്ങൾ വിവരിക്കണമെന്ന് എന്നോട് ആരും പറയാറില്ല. ഈ നന്മകളുടെ സ്വാധീനം ജനങ്ങളിൽ ഉണ്ടാകട്ടെ എന്ന് കരുതി, ഞാൻ സ്വയം അത് വിവരിക്കുകയാണ് ചെയ്യുന്നത്. മറിച്ച് ചിലയാളുകൾ, സംഭവങ്ങൾ വിവരിക്കുമ്പോൾ തങ്ങളുടെ പേര് പറയരുതെന്നും എഴുതാറുണ്ട്. ഏതായിരുന്നാലും ഞാൻ ചില സംഭവങ്ങൾ സമർപ്പിക്കുകയാണ്. ഈ സംഭവങ്ങളിൽ ഭാഗഭാക്കായ ആളുകൾക്ക് അത് ഇരട്ടി പ്രതിഫലത്തിന് കാരണമാകുമാറാകട്ടെ. ഒന്ന് അവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചതിനും മറ്റൊന്ന്, അവരുടെ മാതൃകകളും സംഭവങ്ങളും മുഖേന മറ്റുള്ളവർക്ക് പ്രേരണ ഉണ്ടായതുകൊണ്ട് അഥവാ ഉണ്ടാകുന്നതുകൊണ്ടും ധനത്യാഗത്തിന്റെ ബോധം ഉണ്ടായതുകൊണ്ടും.

ബയ്അത്ത് ചെയ്തശേഷം ദൈവപ്രീതി കരസ്ഥമാക്കാൻ എങ്ങനെയാണ് ധനത്യാഗത്തിന് ആവേശവും പ്രേരണയും ഉണ്ടാകുന്നത് എന്നതിനെക്കുറിച്ച് അൽബേനിയായിലെ മുബല്ലിഗ് സ്വമദ് സാഹിബ് എഴുതുന്നു; ജൽസാ സാലാന 2020ൽ എന്റെ സമാപന പ്രഭാഷണമുണ്ടായിരുന്നു. ദൈവാനുഗ്രഹങ്ങളെ സംബന്ധിച്ചാണ് ഞാൻ സംസാരിച്ചത്. അൽബേനിയകാരനായ ജഅ്ഫർ കോച്ചി സാഹിബ് ഈ പ്രസംഗം കേൾക്കുന്നുണ്ടായിരുന്നു. ഞാൻ അതിൽ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ച കാര്യവും അനുസ്മരിച്ചിരുന്നു. മുബല്ലിഗ് സാഹിബ് എഴുതുന്നു: ആഗസ്റ്റ് വരേയും അദ്ദേഹത്തിന് ഒരു വിധ വരുമാനവുമില്ലായിരുന്നു. ഒരിക്കൽ ജുമുഅയ്ക്കുശേഷം മറ്റുഅഹ്മദീ യുവാക്കൾ ചന്ദ കൊടുക്കുന്നത് സംബന്ധിച്ച് തനിക്ക് വിശദീകരിച്ചു തരാൻ അദ്ദേഹം പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന് ചന്ദകളെ പറ്റി പരിചയപ്പെടുത്തി. നേരത്തേയും പറഞ്ഞുകൊടുത്തിരുന്നതാണ്. തുടർന്നു പറയുന്നു: 'ഈ മാസം അദ്ദേഹത്തിന്റെ ഫ്ളാറ്റ് വാടകയ്ക്ക് പോയിട്ടുണ്ട്. വാടക കിട്ടിയിരുന്നു. ഈ ആദ്യത്തെ വരുമാനത്തിൽനിന്ന് തോതനുസരിച്ച് അതിനെക്കാളും എത്രയോ അധികം ചന്ദ കൊണ്ടു വന്നിട്ട് പറഞ്ഞു, 'ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറഞ്ഞ തോതനുസരിച്ച് എടുത്തതിനുശേഷം ബാക്കി വരുന്ന തുക തഹ്‌രീക്കെ ജദീദിലും വഖ്ഫെ ജദീദിലും വകവെക്കുക.' മുബല്ലിഗ് സാഹിബ് പറയുന്നു, 'ഞാൻ അദ്ദേഹത്തോട് പറഞ്ഞു: 'ധനത്യാഗം ചെയ്യുന്നവർക്ക് അല്ലാഹു സമ്പത്ത് വർധിപ്പിച്ചു തരുമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്.' അദ്ദേഹം പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നുദ്ദേശ്യത്തോടെയാണ് ചന്ദ നൽകിയത്. ദീനിനുവേണ്ടി ധനത്യാഗം ചെയ്യാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശവും ദീനുവേണ്ടി ധനത്യാഗം ചെയ്യണമെന്നത് ഇസ്‌ലാമിന്റെ കല്പനയും ആണെന്ന നിയ്യത്തിലാണ് ചന്ദഃ നൽകുന്നത്.' ഇപ്പോൾ അദ്ദേഹം എല്ലാ മാസവും കൃത്യമായി ചന്ദഃ നൽകുന്നുണ്ട്.' ഭൗതികരായ ആളുകളുടെ ചിന്താഗതിയും ഒരു നിമിഷ നേരം കൊണ്ട് മാറിപ്പോകുന്നു.

അർജന്റീനയിലെ മുബല്ലിഗ് സർവർ സാഹിബ് എഴുതുന്നു: 'അർജന്റീനയിൽ കൊറോണ വൈറസും പൊതുവായുള്ള പണപ്പെരുപ്പവും(Inflation) കാരണം ജനങ്ങൾക്ക് കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. പക്ഷേ, ഇതൊക്കെ ആയിട്ടും ഇസ്‌ലാം കാര്യങ്ങളിൽ ഒരു പ്രധാന സംഗതി സാമ്പത്തിക ത്യാഗമാണെന്നും അഹ്മദിയ്യാ ജമാഅത്തിൽ ഈ ദൈവ കൽപന പ്രാവർത്തികമാക്കുന്നതിനുള്ള ഒരു ശാഖ തഹ്‌രീക്കെ ജദീദ് പദ്ധതിയാണെന്നും നവഅഹ്മദികളോട് പറഞ്ഞതിനെ തുടർന്ന് തദ്ദേശ നവഅഹ്മദികൾ, വളരെ നല്ല നിലയിൽ തങ്ങളുടെ നിലവാരമനുസരിച്ച് ത്യാഗങ്ങൾ ചെയ്യുകയുണ്ടായി. ഇതിൽ ഫാത്വിമ വേറോനിക്ക(Fatima Veronica)സാഹിബക്ക് അനിതരസാധാരണമായ ത്യാഗത്തിന് തൗഫീഖ് ലഭിച്ചു. അവർ വിധവയാണ്. തൊഴിൽ പരമായി വളരെ തുച്ഛമായ ശമ്പളമാണ് കിട്ടിയിരുന്നത്. പൊതുവിൽ തഹ്‌രീക്കെ ജദീദിന്റെ വർഷം അവസാനിക്കാൻ കുറച്ചു ദിവസങ്ങൾ മാത്രമേ ബാക്കിയുള്ളൂ എന്ന് എല്ലാ നവഅഹ്മദികളേയും അറിയിച്ചു. അപ്പോൾ അവർ എനിക്ക് ഒരു മെസ്സേജ് അയച്ചു. മുബല്ലിഗ് പറയുന്നു. അവർ പറയുന്നു: ഇപ്പോൾ എനിക്ക് കഴിവില്ല. എന്നാൽ, അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ കുറച്ചു തുക അടയ്ക്കുന്നതാണ്. അങ്ങനെ കുറച്ചു ദിവസം കഴിഞ്ഞതും അവർ 5000 അർജന്റീനിയൻ പെസോസ്, അവർ തന്റെ കഴിവനുസരിച്ച് നിലവാരമനുസരിച്ച് അടക്കുകയുണ്ടായി. മറിച്ച് അർജന്റീനയുടെ പൊതുവായ സാമ്പത്തിക അവസ്ഥയെ പരിഗണിച്ചാൽ ഇത് വൻ തുകയാകുന്നു. മുബല്ലിഗ് എഴുതുന്നു: അവരുടെ ഈ ആവേശം കണ്ടപ്പോൾ ഞാൻ അവരോട് പറഞ്ഞു, 'എനിക്ക് നിങ്ങളോട് ഒരുപാട് നന്ദിയുണ്ട്.' അപ്പോൾ അവർ പറഞ്ഞു: 'ഇതിൽ നന്ദി പറയാൻ എന്താണുള്ളത്.' അവർ പറഞ്ഞു: 'ഞാൻ വളരെ സന്തോഷത്തോടെയാണ് ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നത്. അത് മനസ്സിലാക്കിയിട്ടാണ് ഞാൻ സ്വീകരിച്ചിരിക്കുന്നത്. അതിന്റെ കല്പനകളിൽ ഒന്ന് ദീനിനു വേണ്ടി ത്യാഗം ചെയ്യുക എന്നതാകുന്നു. ഞാൻ എന്റെ ജോലിത്തിരക്കു കാരണം സമയം ചെലവഴിക്കാനുള്ള ഒരു അഹ്മദിയുടെ ഉത്തരവാദിത്തത്തോടെ, അത് ചെയ്യാൻ എനിക്ക് കഴിയുന്നില്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പൂർണ്ണ ആത്മാർഥതയോടെ ചേരുന്നവർക്കുള്ളിൽ അല്ലാഹുവിന്റെ തൃപ്തി എങ്ങനെ നേടണമെന്നത് സംബന്ധിച്ച് അല്ലാഹു ഉണ്ടാക്കിയ വിപ്ലവമാണിത്. അതിനുവേണ്ടി എങ്ങനെ ശ്രമിക്കണ

മെന്നും എങ്ങനെയാണ് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തെ മുന്നോട്ടു കൊണ്ടുപോകേണ്ടതെന്നും അവർ ചിന്തിക്കുന്നു.

ഇന്തൊനേഷ്യ ലോകത്തിലെ മറ്റൊരു അറ്റമാകുന്നു. ദ്വീപുകളാണ്. അവിടെയുള്ള അമീർ സാഹിബ് എഴുതുന്നു: 'ടാങ്കെറാംൻഗ്(Tangerang) പട്ടണത്തിൽ 'മർസീല' എന്ന പേരുള്ള ഒരു സ്ത്രീയുണ്ട്. അവർ പറയുന്നു: 'കൊറോണ കാരണം അവരുടെ ഭർത്താവിന് ജോലി നഷ്ടപ്പെട്ടു. അദ്ദേഹം കച്ചവടം തുടങ്ങിയെങ്കിലും ലാഭകരമായില്ല. തുടർന്ന് ഓൺലൈൻ മോട്ടോർസൈക്കിൾ ടാക്സി ആരംഭിച്ചു. അതിലും നേരത്തെ പറഞ്ഞ പ്രശ്നങ്ങൾ വന്നുതുടങ്ങി. എത്രത്തോളമെന്നാൽ അടുത്തദിവസം ഭക്ഷണത്തിന് എന്തെങ്കിലും കിട്ടുമോ എന്ന ചിന്തയായി.' അവർ പറയുന്നു: 'റമളാനിൽ തഹ്‌രീക്കെ ജദീദ് ചന്ദ വാഗ്ദാനം മുഴുവൻ കൊടുത്തു തീർക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. വാഗ്ദാനം പൂർത്തിയാക്കാൻ കഴിയുന്നതിന് ദുആ ചെയ്യണമെന്ന് മാത്രമാണ് ഭർത്താവ് എന്നോട് പറഞ്ഞിരുന്നത്.' അവർ പറയുന്നു: 'റമളാനിൽ ഞാൻ ഒരു സ്വപ്നം കണ്ടു. ഒരാൾ എന്നോട് പറയുന്നു, 'നിങ്ങൾ എന്തോ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ.' ഞാൻ പറഞ്ഞു: 'അതേ.' അപ്പോൾ അയാൾ പറഞ്ഞു: 'വാഗ്ദാനം പൂർത്തിയാക്കുക.' കണ്ണ് തുറന്നപ്പോൾ തഹജ്ജുദിന്റെ സമയമായിരുന്നു. തഹജ്ജുദിനു ശേഷം അത്താഴം കഴിക്കുമ്പോൾ ഞാൻ സ്വപ്നത്തെ പറ്റി ഭർത്താവിനോട് പറഞ്ഞു. കുറച്ചു ദിവസങ്ങൾക്കു ശേഷം എന്റെ ഭർത്താവ്, വളരെ സന്തോഷത്തോടെ വലിയൊരു സംഖ്യ തന്നിട്ട് പറഞ്ഞു, എത്രയും വേഗം തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തു തീർക്കുക. എന്റെ ഭർത്താവ് ഓൺലൈൻ മോട്ടോർ സൈക്കിൾ ടാക്സിയുടെ ലാഭമായ അമ്പതിനായിരം ഇന്തൊനേഷ്യൻ രൂപ എടുക്കാൻ ബാങ്കിൽ പോയപ്പോൾ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ അതിനേക്കാളും 20 ഇരട്ടി തുക ഉള്ളതായി കണ്ടു.' അവർ പറയുന്നു: ഈ പണം എവിടെനിന്നാണ് വന്നതെന്ന് ഞങ്ങൾക്കറിയില്ല. എന്നാൽ, ഇത് അല്ലാഹുവിന്റെ സഹായമാണെന്നും ഞങ്ങളുടെ നിയ്യത്ത് കണ്ടിട്ട് ഞങ്ങളോട് അല്ലാഹു ചെയ്ത അനുഗ്രഹമാണെന്നും ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇങ്ങനെയാണ് അല്ലാഹു ആകുലതയിൽനിന്നും ദുഃഖങ്ങളിൽനിന്നും സഹായിക്കുന്നത്.

ഇന്തൊനേഷ്യയിലെ അമീർ സാഹിബ് പറയുന്നു: 'ലാംപോംഗ്(Lampong)ലെ ഒരു ഗ്രാമത്തിൽ നൂർ സാഹിബ എന്നൊരു അഹ്മദി സ്ത്രീയുണ്ട്. അവർ ഭർത്താവിനോടൊപ്പം ഒരു എലിമെന്ററി സ്കൂളിലെ കടയിൽ സാധനങ്ങൾ വിൽപ്പന നടത്തുന്നു. അതിൽ അധികം ലാഭമൊന്നുമില്ല. പക്ഷേ, ദൈനംദിന ആവശ്യങ്ങൾക്കും ചന്ദ കൊടുക്കുവാനും അതുമതിയായതാണ്. ഇവർ എല്ലാ മാസവും വളരെ താൽപര്യത്തോടെ ചന്ദ കൊടുക്കുന്നു. അവർ പറയുന്നു: 'കൊറോണ വൈറസ് കാരണം രണ്ടുമാസത്തേക്ക് സ്കൂളടച്ചു. വരുമാനം നിലച്ചു. ചന്ദ എങ്ങനെ കൊടുക്കണമെന്ന കാര്യത്തിൽ വലിയ ആശങ്കയിലായി. അവരുടെയും അവരുടെ മക്കളുടെയും കൈയിൽ ഒരു മണി ബോക്സു(money box)ള്ള കാര്യം ഓർമ വന്നു. അതിൽ അവർ പൈസ ശേഖരിക്കാൻ തുടങ്ങി; കുടുക്കയാണ്. അത് പൊട്ടിച്ചു തഹ്‌രീക്കെ ജദീദിൽ കൊടുക്കാം. അങ്ങനെ അവർ മക്കൾക്ക് ധനത്യാഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുകയായിരുന്നു. മക്കളുടെ ആ തുക ചന്ദയിൽ അടച്ചു. അവർ പറയുന്നു: 'റമളാനു മുമ്പേ വീട്ടിൽ ഒരു പാത്രം അരി മാത്രമാണ് ബാക്കിയുണ്ടായിരുന്നത്. അത് രണ്ടു മക്കൾക്കുപോലും തികയുമായിരുന്നില്ല.' അവർ പറയുന്നു: 'ഞാൻ കുട്ടികൾക്കു വേണ്ടി പ്രാതൽ തയ്യാറാക്കി. അങ്ങനെ കുട്ടികൾ ചോറും വെള്ളവും കൊണ്ട് പ്രാതൽ കഴിച്ചു. 'നിങ്ങളെന്താണ് ഞങ്ങളോടൊപ്പം ചോറ് കഴിക്കാത്തതെന്ന് അവർ ഞങ്ങളോട് ചോദിച്ചു. ഭക്ഷണം കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് മാതാപിതാക്കൾ ത്യാഗം ചെയ്തതാണ്. പുഞ്ചിരിക്കുകയല്ലാതെ മറ്റു ഒരു മറുപടിയും ഞങ്ങൾക്കില്ലായിരുന്നു. ഉച്ചനേരമായപ്പോൾ മക്കൾക്ക് വിശക്കാൻ തുടങ്ങി. ബാക്കി ഉണ്ടായിരുന്ന കുറച്ചു ചോറ് ഒരു കുട്ടിക്ക് മാത്രമേ തികയുമായിരുന്നുള്ളൂ. രണ്ടാമത്തെ കുട്ടിക്ക് വിശന്നപ്പോൾ അവൻ കരയാൻ തുടങ്ങി. അപ്പോൾ ദുആ ചെയ്യുകയല്ലാതെ മറ്റൊരു നിർവാഹവും ഉണ്ടായിരുന്നില്ല. നമസ്കരിച്ചു നല്ലതുപോലെ ദുആ ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ അല്ലാഹുവിൽനിന്നുള്ള സഹായമെത്തി. ചോളപ്പാടത്ത് പണി ചെയ്യാൻ ആളെ ആവശ്യമുണ്ടായിരുന്ന ഒരാൾ വന്നു. അങ്ങനെ എന്റെ ഭർത്താവിന് ജോലി കിട്ടി. അതോടെ ഞങ്ങളുടെ ആവശ്യവും പൂർത്തിയായി.

മാലിയിലെ മുറബ്ബി, അത്വാഉൽ ഹലീം സാഹിബ് എഴുതുന്നു: 70 വയസ്സുള്ള താരാതർഗോ എന്ന് പേരുള്ള ഒരു അഹ്മദി എല്ലാ മാസവും കൃത്യമായി ചന്ദ കൊടുത്തിരുന്നു. ആ ചന്ദ കൊടുക്കാൻ ഏഴുകിലോമീറ്റർ പരുക്കൻ വഴിയിലൂടെ വരണമായിരുന്നു. കുറച്ചു കാലം മുമ്പേ അദ്ദേഹത്തിന്റെ സ്ഥലം അടുത്ത ഗ്രാമത്തിലെ ചീഫ് പിടിച്ചെടുത്തു. അതുകാരണം അദ്ദേഹം ഏറെ പ്രയാസത്തിലായിരുന്നു. അദ്ദേഹം ദുആ ചെയ്യാൻ എനിക്കും കത്തയച്ചിരുന്നു. കുറച്ചു തുക അധികമായി ചന്ദയിൽ കൃത്യമായി അടക്കാൻ തുടങ്ങി. അങ്ങനെ അല്ലാഹു അനുഗ്രഹിച്ചു. നേരത്തെ അദ്ദേഹത്തിനെതിരിൽ വിധി പറഞ്ഞ ജഡ്ജി, അദ്ദേഹത്തിന് അനുകൂലമായി വിധി പറഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ സ്ഥലം തിരികെ ലഭിച്ചു. അത് അദ്ദേഹം പ്രതീക്ഷിച്ചതല്ലായിരുന്നു. കാരണം ഗ്രാമത്തിലെ ചീഫ് വലിയ ആളായിരുന്നു. നല്ല സ്വാധീനമുള്ള വ്യക്തിയുമായിരുന്നു. ജഡ്ജ്, ചീഫിനെതിരിൽ വിധിപറയുമെന്ന് ആർക്കും ഊഹിക്കാൻ പോലും കഴിയുമായിരുന്നില്ല. അദ്ദേഹം ഈ സംഭവം തന്റെ ഗ്രാമത്തിൽ മാത്രമല്ല, റീജ്യണിലെ സകല മസ്ജിദുകളിലും പോയി ദൈവസഹായത്തിന്റെ ഈ സംഭവം വിവരിക്കുകയുണ്ടായി. അതുകേട്ടപ്പോൾ മറ്റു ആളുകളിലും അത് വലിയ സ്വാധീനമുണ്ടാക്കി. ഇങ്ങനെയാണ് അല്ലാഹു ഭയത്തെ സമാധാനത്തിലേക്ക് മാറ്റുന്നത്.

ഫ്രാൻസ് അമീർ സാഹിബ് എഴുതുന്നു: ഒരു സുഹൃത്ത് പറയുന്നു: 'ഞാൻ ഈ വർഷം എന്റെ തഹ്‌രീക്കെ ജദീദ് വാഗ്ദാനം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇരട്ടിയാക്കി. ആയിരം യൂറോ എഴുതിച്ചിട്ടുണ്ട്. എന്നാൽ, യാദൃച്ഛികമെന്ന് പറയട്ടെ. ലോക്ഡൗൺ കാരണം വരുമാനം പൂർണമായും കുറഞ്ഞു. വാഗ്ദാനം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രത്യക്ഷത്തിൽ സാധ്യമെന്ന് തോന്നിയില്ല. ഞാൻ കുറച്ചു കടവും എടുത്തിരുന്നു. അതും കൊടുത്തു വീട്ടേണ്ടതുണ്ട്. ആയിരം യൂറോ കൊടുക്കുന്നത് വളരെ പ്രയാസകരമായി തോന്നുന്നുണ്ടായിരുന്നു.' അദ്ദേഹം പറയുന്നു: 'അല്ലാഹുവിന്റെ കൃപയും ഔദാര്യവും ഒന്നുകൊണ്ടു മാത്രം ഈ ആഴ്ച എന്റെ മേധാവി, ലോക്ഡൗൺ കാലത്തെ സേവനവേതനമായി കൃത്യം എന്റെ വാഗ്ദാനപ്രകാരമുള്ള ആയിരം യൂറോ ബോണസായി തന്നു. അദ്ദേഹം പറയുന്നു: 'ഇത് അല്ലാഹുവിൽനിന്ന് തന്നെയാണെന്ന് ഞാൻ മനസിലാക്കുന്നു. ഹുദൂർ പറഞ്ഞതനുസരിച്ച് ഞാൻ വാഗ്ദാനം ചെയ്തതാണ്. അപ്പോൾ അല്ലാഹുവിൽ നിന്നുതന്നെ അത് കിട്ടി. അല്ലാതെ പ്രയാസമുള്ള കാലത്ത് എന്റെ മേധാവി ഇത്രയധികം ബോണസ് നൽകുമെന്ന് എനിക്ക് ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല.'

ലോക്ഡൗണിനെ പറ്റി പറഞ്ഞപ്പോൾ ഒരു കാര്യംകൂടി പറയട്ടെ, ഇവിടെ വീണ്ടും ഒന്നാം തിയതി മുതൽ നാല് ആഴ്ചത്തേക്ക് ലോക്ഡൗൺ ആരംഭിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇന്ന് മസ്ജിദിലും നമസ്കാരക്കാർ ആരുംതന്നെ എന്റെ മുന്നിലില്ല. അവർ (സർക്കാർ) പറഞ്ഞത്, നിങ്ങൾക്ക് ഖുത്‌ബ കൊടുക്കാം, ബാങ്ക് വിളിക്കുന്ന ആളല്ലാതെ മറ്റാരും ഉണ്ടാകരുതെന്നാണ്.

കനഡയിൽനിന്ന് ഒരു സിറിയൻ അഹ്മദി എഴുതുന്നു. സംഭവം വിശദീകരിക്കേണ്ടിവന്നാൽ അതോടൊപ്പം തന്റെ പേര് വെളിപ്പെടുത്തരുതെന്നും എഴുതിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: 'ഇസ്‌ലാമാബാദിൽ പുതിയ കേന്ദ്രം ഉണ്ടാക്കിയതിലുള്ള ആശംസയായി, തഹ്‌രീക്കെ ജദീദിൽ ഈ സന്തോഷത്തിന്റെ ഭാഗമായി അയ്യായിരം കനേഡിയൻ ഡോളർ നൽകാമെന്ന് ഞാൻ വാഗ്ദാനം ചെയ്തിരുന്നു.' അദ്ദേഹം പറയുന്നു: അദ്ദേഹം കഴിഞ്ഞവർഷമാണ് വാഗ്ദാനം ചെയ്തത്. അന്ന് എന്റെ വരുമാനം മാസം 4000 ഡോളറായിരുന്നു. പക്ഷേ, നല്ല അവസ്ഥയായിരുന്നു. ഏതാനും മാസങ്ങൾക്കുശേഷം തന്നെ ഞാൻ പുതിയ വാഹനം വാങ്ങി. ജോലിയും മാറി. തുടർന്ന് വരുമാനവും വർധിച്ചു. നല്ല സ്ഥിതി ആയിരുന്നിട്ടും ഒരു പാട് കൈയയച്ച് നൽകാനും അയ്യായിരം എന്ന വാഗ്ദാനം പൂർത്തിയാക്കാനുമുള്ള ത്രാണി ഇല്ലായിരുന്നു. കാരണം ഞാൻ സിറിയയിലെ എന്റെ വീട്ടുകാർക്കും കുറച്ചു തുക അയക്കാറുണ്ടായിരുന്നു. അല്ലാഹുവേ! എന്റെ ചന്ദ കൊടുത്തു വീട്ടാനുള്ള സാഹചര്യം ഉണ്ടാക്കി തരേണമേ എന്ന് ഞാൻ എല്ലാ ദിവസവും ദുആ ചെയ്തിരുന്നു.' അദ്ദേഹം പറയുന്നു: '2020 ജനുവരിയിൽ ഒരു അപകടം (ആക്സിഡന്റ്)പറ്റി. ഒരു മാസം ജോലി ചെയ്യാൻ കഴിഞ്ഞില്ല. മാസന്തോറുമുള്ള ചെലവിന് കടവും വാങ്ങേണ്ടിവന്നു. തുടർന്ന് കൊറോണ കാരണം സാമ്പത്തിക അവസ്ഥ കൂടുതൽ മോശമായി. ലോക്ഡൗണായി. എത്രത്തോളമെന്നാൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഭാര്യയും ഭർത്താവും നാമമാത്രമായ ഭക്ഷണമാണ് വാങ്ങി കഴിച്ചിരുന്നത്. അതിന് നിർബന്ധിതരായിരുന്നു. വർഷാവസാനത്തിന് മുമ്പേ വാഗ്ദാനവും പൂർത്തിയാക്കേണ്ടതുണ്ട്. ഞങ്ങൾ പരിശ്രമിച്ചതും ദുആ ചെയ്തതും വർഷം തീരുന്നതിന് മുമ്പേയല്ല, റമളാനുള്ളിൽ പൂർണമായും കൊടുത്തു തീർക്കാനായിരുന്നു. എന്നാൽ, അതെല്ലാം ഞങ്ങൾക്ക് സ്വപ്നമായി അനുഭവപ്പെടുകയായിരുന്നു.' അദ്ദേഹം പറയുന്നു: തുടർന്ന് ഞാൻ ടാക്സി ജോലി ഉപേക്ഷിച്ച് ഭക്ഷണം ഡെലിവറി ചെയ്യുന്ന ജോലി ആരംഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവസ്ഥകൾ മെച്ചപ്പെടാൻ തുടങ്ങി. അങ്ങനെ ഞങ്ങൾ വീണ്ടും ഉറച്ച തീരുമാനമെടുക്കുകയും റമളാൻ തീരുന്നതിന് മുമ്പേ വാഗ്ദാനം പൂർത്തിയാക്കണമെന്ന് ശപഥം ചെയ്യുകയുമുണ്ടായി. അങ്ങനെ കാലത്തിന്റെ ഖലീഫയുടെ ദുആകളും ലഭിക്കുമല്ലോ!' തുടർന്നു പറയുന്നു: 'ജോലിസമയം വർധിപ്പിച്ചു. എല്ലാ ദിവസവും 11,12 മണിക്കൂർ ജോലി ചെയ്യാൻ തുടങ്ങി. പിന്നെ ഞങ്ങൾക്ക് അറിയാത്ത ഇടങ്ങളിൽ നിന്നുപോലും വരുമാനം വന്നു തുടങ്ങി. മാസവരുമാനം ഒമ്പതിനായിരം ഡോളറിനടുത്തെത്തി. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ റമളദാൻ തുടങ്ങുന്നതിന് 10 ദിവസം മുമ്പേ ഞങ്ങൾ വാഗ്ദാനം പൂർത്തിയാക്കി. എന്റെ വാഗ്ദാനം ഇതിനെക്കാൾ മൂന്നിരട്ടി കൂടുതൽ ആണെങ്കിൽപോലും വർഷം അവസാനിക്കുന്നതിനു മുമ്പേ അത് കൊടുത്തു തീർക്കാൻ കഴിയുമായിരുന്നു എന്ന് എനിക്കുറപ്പുണ്ട്.' സിറിയയിലുള്ള കുടുംബക്കാർക്കും അദ്ദേഹം സഹായം ചെയ്തു കൊണ്ടിരിക്കുന്നു.

സിയറ ലിയോൺ (Sierra Leone)ലെ അമീർ സാഹിബ് എഴുതുന്നു: അവിടെയുള്ള ഉഥ്മാൻ സാഹിബ് ഫ്രീടൗണിലെ ഒരു ജമാഅത്തിലെ ഇമാമാകുന്നു. അദ്ദേഹം വിവരിക്കുന്നു: 'ഞങ്ങൾ എല്ലാവർഷവും തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കാറുണ്ട്. പക്ഷേ, ഞങ്ങൾ കൊടുക്കുന്ന ചന്ദ നിസ്സാരമാണെന്ന് ഞങ്ങൾക്ക് ഈ വർഷമാണ് തോന്നിയത്.' അദ്ദേഹം പറഞ്ഞു: 'എനിക്ക് പ്രത്യേകിച്ച് ഒരു വരുമാനവും ഇല്ല.

വീട്ടുകാര്യങ്ങൾതന്നെ വളരെ ബുദ്ധിമുട്ടിലാണ് നീങ്ങുന്നത്. കൂടെക്കൂടെ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കണമെന്ന് വിളംബരം കേൾക്കാറുണ്ട്. എന്റെ ഭാര്യ പറഞ്ഞു: 'ഒരു ക്യാഷ് ബോക്സ് ഉണ്ടാക്കാം. എല്ലാ ദിവസവും കുറച്ചു തുക അതിൽ ഇടാം. അതിൽ സ്വരുക്കൂട്ടുന്നത് മുഴുവനും തഹ്‌രീക്കെ ജദീദിൽ കൊടുക്കാം.' 'കഴിഞ്ഞവർഷം വരെ ഞാൻ ഇരുപതിനായിരം ലിയോണിൽ കൂടുതൽ കൊടുത്തിട്ടില്ല.' അദ്ദേഹം പറയുന്നു: എന്നാൽ. ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മാർഗത്തിലൂടെ ഞങ്ങൾ രണ്ടു ലക്ഷം ലിയോണിലധികം കൊടുക്കുകയുണ്ടായി. എന്റെ മറ്റു സഹോദരങ്ങളും ഈ മാർഗം അവലംബിച്ചിട്ടുണ്ട്. അവരും 1,30,000 ലിയോൺ അടക്കുകയുണ്ടായി.' പറയുന്നു: 'ഇങ്ങനെ ചെയ്യുന്നതിൽ ഈ വർഷം ഞങ്ങൾക്ക് നല്ല നിലയിൽ സാമ്പത്തികത്യാഗം ചെയ്യാൻ സൗഭാഗ്യം ലഭിച്ചതിലും അങ്ങനെ ത്യാഗ നിലവാരം നന്നാക്കാൻ കഴിഞ്ഞതിലും എന്റെ ഭാര്യ പ്രത്യേകിച്ചും സന്തോഷവതിയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വരുമാനത്തിലും വർധന ഉണ്ടായി. അല്ലാഹു ഞങ്ങൾക്ക് പഠിപ്പിച്ചുതന്ന ഈ രീതി ഞങ്ങൾ തുടരുന്നതാണ്.'

അമേരിക്കയിൽനിന്നു വളരെ ദൂരെയുള്ള ഒരു പ്രദേശമാണ് മാർഷൽ ഐലന്റ്. ഇവിടെയുള്ള മുബല്ലിഗ് സാജിദ് ഇഖ്ബാൽ സാഹിബ് എഴുതുന്നു: 'മാർഷൽ ഐലന്റിൽ ഒരു നാസ്വിർ ക്യൂഷി റാക്കിൺ (Kioshi Rakin)സാഹിബുണ്ട്. നടപ്പുവർഷം, തഹ്‌രീക്കെ ജദീദ് ചന്ദക്കുള്ള വാഗ്ദാനം എടുക്കുമ്പോൾ ക്യൂഷി സാഹിബ് പറഞ്ഞു: 'എനിക്ക് ജോലിയൊന്നുമില്ല. താമസിക്കാനും ഇടമില്ല. ഭക്ഷണത്തിന് പോലും ജമാഅത്തിലെ ലങ്കറിനെ ആശ്രയിച്ചാണ് കഴിയുന്നത്.' അതു കേട്ടപ്പോൾ കുറച്ചു കാലം മസ്ജിദിൽ താമസിക്കാൻ ഞങ്ങൾ അനുമതി കൊടുത്തു. അതോടൊപ്പംതന്നെ നിസ്സാരമായ തുകയെങ്കിലും എന്തെങ്കിലും വാഗ്ദാനം എഴുതിക്കാനും അല്ലാഹുവിന്റെ സഹായം ലഭിക്കാൻ ദുആ ചെയ്യാനും പറഞ്ഞിരുന്നു. അപ്പോൾ അദ്ദേഹം രണ്ട് അമേരിക്കൻ ഡോളർ വാഗ്ദാനം എഴുതിച്ചു. ഏതാനും മാസങ്ങൾക്ക് ശേഷം അദ്ദേഹം മിഷൻഹൗസിലെത്തി. 50 ഡോളർ തഹ്‌രീക്കെ ജദീദ് നൽകി. അദ്ദേഹം പറഞ്ഞു: 'അല്ലാഹു എന്റെ ദുആ കേട്ടിരിക്കുന്നു. എനിക്ക് ജോലി ലഭിക്കുകയും താമസത്തിന് അപ്പാർട്ട്മെന്റ് കിട്ടുകയും ചെയ്തിരിക്കുന്നു.' ഇപ്പോൾ അദ്ദേഹം ഭക്ഷണത്തിന് സ്വയം സംവിധാനം ചെയ്തിരിക്കുന്നു. ഈമാൻ ദൃഢീകരിക്കാൻ അല്ലാഹു എങ്ങനെയാണ് സഹായിക്കുന്നതെന്ന് നോക്കുക. ഈ മാർഗങ്ങൾ കാണുമ്പോൾ നമ്മുടെ മുബല്ലിഗുമാർ പോലും ചിലപ്പോൾ അത്ഭുതപ്പെട്ടുപോകുന്നു.

ഗാംബിയ(Gambia) ജമാഅത്ത് അമീർ സാഹിബ് എഴുതുന്നു: 'ബസ്സ്വെ' എന്ന സ്ഥലത്ത് തഹ്‌രീക്കെ ജദീദ് സംബന്ധമായി പ്രോഗ്രാം നടത്തിയിരുന്നു. വാഗ്ദാനങ്ങൾ അടക്കുന്നത് സംബന്ധിച്ചും ഓർമപ്പെടുത്തിയിരുന്നു. ഈ പ്രോഗ്രാമിൽ മൂസാ സാഹിബും പങ്കെടുത്തിരുന്നു. ചന്ദ കൊടുക്കാൻ ഒന്നുംതന്നെ അദ്ദേഹത്തിന്റെ പക്കലില്ലായിരുന്നു. അതുകൊണ്ട് വളരെ അസ്വസ്ഥനായിരുന്നു അദ്ദേഹം. അദ്ദേഹം തഹജ്ജുദിന് എഴുന്നേറ്റ് അല്ലാഹുവിന്റെ അനുഗ്രഹം യാചിച്ചുകൊണ്ട്, അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴി ക്കുന്നവരിൽ ഭാഗഭാക്കാകാൻ കഴിയുന്നതിന് ദുആ ചെയ്തുകൊണ്ടിരുന്നു. അങ്ങനെ അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയാഭിലാഷം സ്വീകരിച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞതേയുള്ളൂ. അദ്ദേഹം കോൺട്രാക്ട് ജോലി ചെയ്തിരുന്ന കമ്പനി പറഞ്ഞു: ബസ്സ്വെ എന്ന സ്ഥലത്ത് രണ്ടുദിവസത്തെ ഒരു പ്രോഗ്രാം ഞങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അതിൽ പങ്കെടുക്കന്നതിന് വേതനമായി നാലായിരം ഡലാസി താങ്കൾക്ക് നൽകുന്നതാണ്.' അദ്ദേഹം അതിൽ ഏറെ സന്തോഷിക്കുകയും രണ്ടു ദിവസത്തെ പ്രോഗ്രാമിൽ പങ്കെടുത്തതിനുശേഷം വാഗ്ദാനം വർധിപ്പിച്ചു രണ്ടായിരം ഡലാസി അയക്കുകയും ചെയ്തു. ചന്ദ കൊടുക്കുന്നതിന് അല്ലാഹു അദ്ദേഹത്തിന് കൂടുതൽ വഴികൾ ഉണ്ടാക്കി കൊടുത്തു. അദ്ദേഹം മറ്റു അഹ്മദികളോടും തഹ്‌രീക്കെജദീദിന്റെ പ്രാധാന്യം പറയുകയും സാമ്പത്തിക ത്യാഗത്തിന് സന്നദ്ധരാക്ൻ പറയുകയും ചെയ്യുന്നു.

ഫിലിപ്പൈനിലെ ജമാഅത്ത് സ്വദ്റും മുറബ്ബിയുമായ ത്വൽഹ അലി സാഹിബ് പറയുന്നു: ഫിലിപ്പൈനിലെ പഴയ ജമാഅത്തുകളിൽ ഒന്നാണ് 'സമിയോനൂൾ' ജമാഅത്ത്. ഇവിടെ അധികപേരും അധ്യാപക വൃത്തി ചെയ്യുന്നവരാണ്. ഈ ജമാഅത്തിലെ സ്വദ്ർ സാഹിബ് ടാർഗറ്റിനേക്കാളുമധികം പിരിച്ചെടുത്ത ശേഷം എനിക്ക് മെസ്സേജ് തന്നു കൊണ്ട് പറഞ്ഞു: 'മൂന്ന് അധ്യാപകരെ പ്രത്യേകമായും ദുആകളിൽ ഓർക്കണം. അവർക്ക് മാർച്ച് മുതൽ ശമ്പളം കിട്ടിയിട്ടില്ല. എന്നിട്ടും അവർ മൂന്നുപേരും തഹ്‌രീക്കെ ജദീദ് ചന്ദഃയിൽ കാര്യക്ഷമമായി ഭാഗഭാക്കായിരിക്കുന്നു.' ദൈവപ്രീതി കരസ്ഥമാക്കാൻ ത്യാഗം ചെയ്യുന്നതും വിദൂരസ്ഥലങ്ങളിലുള്ള ജനങ്ങളും എങ്ങനെയൊക്കെയാണ് ത്യാഗം ചെയ്യുന്നതെന്നും നോക്കുക.

കബാബീറിലെ മുബല്ലിഗ് ശംസുദ്ദീൻ സാഹിബ് എഴുതുന്നു: 'അൽഖലീൽ, ഫലസ്തീനിലെ പുതിയൊരു ജമാഅത്താകുന്നു. ഇവിടെയുള്ള അധികം അഹ്മദികളുടേയും സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാവരും തഹ്‌രീക്കെ ജദീദ് ചന്ദയിൽ പങ്കെടുത്തിട്ടുണ്ട്. അൽഖലീൽ എന്ന സ്ഥലത്തെ ഒരു നവഅഹ്മദിയാണ് ഇബ്റാഹിം സാഹിബ്. അദ്ദേഹം ബയ്അത്ത് ചെയ്തുടനെതന്നെ സാമ്പത്തിക ത്യാഗത്തിൽ വളരെ ശുഷ്കാന്തിയോടെ പങ്കെടുക്കുന്നു. ഇപ്രാവശ്യം നല്ലൊരു തുക അദ്ദേഹം തഹ്‌രീക്കെ ജദീദിൽ കൊടുത്തിട്ടുണ്ട്. അദ്ദേഹം പറയുന്നു: എന്റെ ഒരു സുഹൃത്ത് എനിക്ക് കടം തിരിച്ചു തരാനുണ്ടായിരുന്നു. എന്തോ കാരണത്താൽ കടം തിരികെ തരുന്നുണ്ടായിരുന്നില്ല. നീണ്ടകാലം കാത്തിരുന്നു. തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കാനുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ടുമുണ്ട്. കിട്ടാനുള്ള തുക സംബന്ധിച്ച് പ്രതീക്ഷയുമില്ല. ഏതായാലും അമീർ സാഹിബിനെ സന്ദർശിച്ച് ചില ഏർപ്പാടുകൾ ചെയ്തുകൊണ്ട് ഞാൻ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തു. എന്റെ അവസ്ഥ മനസ്സിലാക്കിയപ്പോൾ അമീർ സാഹിബ് പറഞ്ഞു, നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തിരിക്കുന്നു. അതുകൊണ്ട് അല്ലാഹു അനുഗ്രഹിക്കുന്നതാണ്. അങ്ങനെ അമീർ സാഹിബ് പോയി ഏതാനും മണിക്കൂറുകൾക്കകംതന്നെ കടം തിരിച്ചു തരാനുള്ള ആൾ വന്നു എന്റെ പണം തന്നു. എന്റെ എല്ലാ പ്രയാസങ്ങളും അകലുകയും ചെയ്തു.'

ജർമനിയിലെ വേസ് ബാദൻ(Wiesbaden)എന്ന സ്ഥലത്തെ ഒരു സുഹൃത്ത് തഹ്‌രീക്കെ ജദീദ് ഓഫീസിലെത്തി പറഞ്ഞു: 'എന്റെ അസൈലം കേസ് കൈകാര്യം ചെയ്യുന്ന ജഡ്ജി കേസ് പാസാക്കാൻ സമ്മതിക്കാത്ത ആളായിരുന്നു. തഹ്‌രീക്കെ ജദീദിന്റെ പ്രോഗ്രാമിൽ വിശ്വാസ വർധനവിന്റെ സംഭവങ്ങൾ കേട്ടപ്പോൾ, ആയിരം യൂറോ തഹ്‌രീക്കെ ജദീദിൽ കൊടുക്കാമെന്ന് തീരുമാനിച്ചു. അല്ലാഹുവാകട്ടെ എന്റെ കേസ് ഈ ജഡ്ജിയിൽനിന്ന് മറ്റൊരു ജഡ്ജിയുടെ പക്കലേക്ക് മാറ്റി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കേസ് അംഗീകരിക്കപ്പെട്ടു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വാഗ്ദാനം പൂർത്തിയാക്കാൻ വന്നതാണ്. അങ്ങനെ അദ്ദേഹം വാഗ്ദാനം ചെയ്ത അത്രയും തുക നൽകുകയുണ്ടായി.'

യു.കെയിലെ തഹ്‌രീക്കെ ജദീദ് സെക്രട്ടറി പറയുന്നു: 'ബ്രിട്ടൺ ജമാഅത്തിലെ ഒരു സുഹൃത്തിന് ജോലിയില്ലായിരുന്നു. തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തതിന്റെ അടുത്ത ദിവസംതന്നെ അദ്ദേഹത്തിന് ഉചിതമായ ജോലി ലഭിച്ചു.' ബ്രിട്ടൺ ജമാഅത്തിലെ മറ്റൊരു സുഹൃത്തിന് സാമ്പത്തിക പ്രയാസം ഉണ്ടായിരുന്നു. ഏതായാലും അദ്ദേഹം തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തു. അങ്ങനെ കുറച്ച് കാലത്തിന് ശേഷം അദ്ദേഹത്തിന് ഒങ്ങഘ ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്ന്, കഴിഞ്ഞ വർഷം നിങ്ങൾ കൂടുതൽ തുക അടച്ചിട്ടുണ്ടെന്ന് പറഞ്ഞ് കത്ത് കിട്ടുകയുണ്ടായി. ആ തുക ചന്ദയിൽ അടച്ച തുകയേക്കാൾ എത്രയോ അധികമായിരുന്നു.' 'ഒരു പ്രൊഫഷണൽ ജോലിയിലുള്ള ആൾക്ക് ജോലി സ്ഥലത്ത് പ്രയാസം ഉണ്ടായിരുന്നു. ആരോ ഒരാൾ അനാവശ്യമായി പരാതി കൊടുത്തിരുന്നു. അദ്ദേഹം തഹ്‌രീക്കെ ജദീദ് ചന്ദ കൊടുത്തിരുന്നു. തുടർന്ന് പരാതിക്കാരനെ അവർ പുറത്താക്കുകയുണ്ടായി. അതായത് പരാതി കൊടുത്ത ആളെ തന്നെ പുറത്താക്കി.' ഒരു സുഹൃത്തിന്റെ കാർ കുഴിയിൽ വീഴുകയുണ്ടായി. ഇത് സുരക്ഷിതമായി പുറത്തെത്തിയാൽ തഹ്‌രീക്കെ ജദീദ് ചന്ദ കൊടുക്കാമെന്ന് അദ്ദേഹം കരുതി. അങ്ങനെ കാർ, ഒരു പരിക്കുമില്ലാതെ പുറത്തെടുക്കുകയും അദ്ദേഹം ഒരാഴ്ചയിലെ വരുമാനം തഹ്‌രീക്കെ ജദീദ് ചന്ദഃ കൊടുക്കുകയും ചെയ്തു.' 'ഒരു കുട്ടി തന്റെ ആറു മാസത്തെ പോക്കറ്റ് മണി തഹ്‌രീക്കെ ജദീദ് ചന്ദ നൽകുകയുണ്ടായി.' കുട്ടികളും ധനത്യാഗത്തി ൽ മുന്നേറാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. 'ഒരു സുഹൃത്ത് അവധിക്ക് പോകാൻ തുക സ്വരൂപിച്ചു വച്ചിരുന്നു. ഈ തുക മുഴുവനും തഹ്‌രീക്കെ ജദീദ് ചന്ദയിൽ കൊടുക്കുകയുണ്ടായി.'

ബാർക്കിംഗും ഡാഗൺഹമും(Barking And Dagenham)ലെ ജമാഅത്ത് സ്വദ്ർ പറയുന്നു: 'ഇപ്രാവശ്യവും സ്വന്തം കീശയിൽനിന്ന് അധിക തുക നൽകിയിട്ടാണെങ്കിലും ടാർഗറ്റ് പൂർത്തിയാക്കണമെന്ന് ഞങ്ങൾ ഉറപ്പിച്ചിരുന്നു. അങ്ങനെ ടാർഗറ്റിലെ കുറവ് അദ്ദേഹം സ്വന്തം നിലയ്ക്ക് നികത്തി. തുടർന്ന് അദ്ദേഹത്തിന് ഇപ്രാവശ്യം കഴിഞ്ഞ തവണത്തെ അപേക്ഷിച്ച് 70 ശതമാനം അധികം ബോണസ് കിട്ടുമെന്ന് അറിയിപ്പ് ലഭിച്ചു. ഈ തുക ചന്ദയിൽ കൊടുത്ത തുകയേക്കാൾ എത്രയോ അധികമുണ്ടായിരുന്നു.'

ഖസാക്കിസ്താനിൽ നിന്ന് ലയ്ന അബ്ദുർറഹ്മാൻ വഫ് പറയുന്നു: 'ഞാൻ കൃത്യമായി ചന്ദ ആം, ജൽസ സാലാന, തഹ്‌രീക്കെ ജദീദ്, വഖ്ഫെജദീദ് എന്നിവ കൊടുക്കുന്നു.' ഇവർ വിവിധ ജനതകളിലെ വിവിധതരം ആളുകളാണ്. 'ഈ ചന്ദകളുടെ അനുഗ്രഹത്താൽ എന്റെ ഭാര്യക്ക് മെഡിക്കൽ കോളേജ് പഠനം പൂർത്തിയാക്കിയ ഉടൻതന്നെ സർക്കാർ പ്രോഗ്രാമിൽ ജോലി ലഭിച്ചു. സർക്കാർ കുട്ടികളുടെ താമസത്തിന് കടം അനുവദിച്ചു. അവർ നഴ്സറിയിലാണ് പഠിക്കുന്നത്. ഇപ്പോൾ സാമ്പത്തികാവസ്ഥ നേരത്തെതിനേക്കാളും എത്രയോ മെച്ചപ്പെട്ടിരിക്കുന്നു. എന്റെ കൈയിൽ 2 വണ്ടികളുണ്ട്. ഇനി ഞാൻ സ്വന്തമായി വീടുണ്ടാക്കാനുള്ള പരിശ്രമത്തിലാണ്. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹവും ചന്ദ കൊടുത്തതിന്റെ ഫലവുമാണ്. നേരത്തെ ഞങ്ങൾ വാടക ഫ്ലാറ്റിലാണ് താമസിച്ചിരുന്നത്. സാമ്പത്തിക പ്രയാസങ്ങളും ഉണ്ടായിരുന്നു. എങ്കിലും ഞങ്ങൾ ചന്ദ കൊടുത്തിരിക്കുന്നു. അത് കാരണം അല്ലാഹുവിന്റെ അനന്തമായ അനുഗ്രഹമാണ് ഞങ്ങൾക്ക് ലഭിച്ചത്.'

ഗിനി–ബിസോ(Guinea-Bissau)യിലെ മുറബ്ബി മുഹമ്മദ് അഹ്സൻ സാഹിബ് എഴുതുന്നു: അഹ്മദി സുഹൃത്തായ മുഹമ്മദ് ഇബ്റാഹിം പറയുന്നു, കഴിഞ്ഞവർഷം തഹ്‌രീക്കെ ജദീദ് വിളംബരം നടത്തിയപ്പോൾ വിളംബരം കേട്ട അന്നേദിവസം തന്റെ വാഗ്ദാനം എഴുതിച്ചു. ഖുത്ബ കേട്ടപ്പോൾ എല്ലാമാസവും കൊടുക്കണമെന്ന് തീരുമാനിച്ചു. തുടർന്ന് അങ്ങനെതന്നെയാണ് ചെയ്തുവന്നത്. എന്നാൽ, പകർച്ചവ്യാധിയുടെ കാലത്ത് വരുമാനം നിലച്ചു. അപ്പോൾ അസ്വസ്ഥതയായിരുന്നു. തഹ്

രീക്കെ ജദീദിന്റെ വർഷാവസാനം അടുത്തുവന്നപ്പോൾ അസ്വസ്ഥത വീണ്ടും വർധിച്ചു. ഞാൻ ദുആയിൽ മുഴുകി. ഒരു ദിവസം രാവിലെ ഒരാളുടെ ഫോൺ വന്നു. നിങ്ങൾക്ക് ബ്ലോക് ഇഷ്ടിക ഉണ്ടാക്കാൻ അറിയുമോ? എന്ന് അയാൾ ചോദിച്ചു. ഞാനുടനെ സമ്മതമറിയിക്കുകയും വീട്ടിലിരുന്നുകൊണ്ടുതന്നെ ജോലി ലഭിക്കുകയും ചെയ്തു. അങ്ങനെ അല്ലാഹു, എന്റെ വാഗ്ദാനം പൂർത്തിയാക്കാനുള്ള വഴിയൊരുക്കി. ലോക്ഡൗൺ കാരണം ഉണ്ടായ സാമ്പത്തിക ഞെരുക്കവും മാറ്റിത്തന്നു. ഇബ്റാഹീം സാഹിബ് പറയുന്നു: 'ഈ എല്ലാ അനുഗ്രഹവും കാലത്തിന്റെ ഖലീഫയുടെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞതുകൊണ്ടാണ് ലഭിച്ചത്.

ടാൻസാനിയാ(Tanzania) അമീർ സാഹിബ് എഴുതുന്നു: സെൻജബാറിലെ മുബല്ലിഗ് പറയുന്നു: 'ആമിന ബീബി സാഹിബ എന്ന അഹ്മദീ സ്ത്രീ ചുരുങ്ങിയ വരുമാനമായിട്ടുപോലും എല്ലാ വർഷവും ചന്ദകൾ കൊടുക്കുന്നതിൽ പ്രഥമസ്ഥാനത്താണ്. ഈ വർഷവും റമദളാനിൽ സാമ്പത്തിക ത്യാഗത്തിന് ആഹ്വാനം ചെയ്തപ്പോൾ ആ മാസംതന്നെ തന്റെ വാഗ്ദാനം പൂർത്തിയാക്കാൻ അവർ എല്ലാ നിലയ്ക്കും ശ്രമിക്കുകയുണ്ടായി. എന്നാൽ, സാമ്പത്തിക ബുദ്ധിമുട്ട് കാരണം അവരുടെ കൈയിൽ പണമുണ്ടായിരുന്നില്ല. ഒരു ദിവസം എനിക്ക് ഇക്കാര്യം വളരെ തീക്ഷണമായ അനുഭവപ്പെട്ടു. രാത്രി എഴുന്നേറ്റ് അല്ലാഹുവിനോട് ഞാൻ കരഞ്ഞു പറഞ്ഞു. 'കാലത്തിന്റെ ഖലീഫയുടെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറയേണ്ട സമയമാണ്. പക്ഷേ, ഞാൻ അതിൽനിന്ന് ഒഴിവാക്കപ്പെടുകയാണ്.' അങ്ങനെ അതേദിവസം രാവിലെ, കുറേക്കാലമായി താങ്കളെ കോൺടാക്ട് ചെയ്യാൻ കഴിയുന്നില്ലെന്ന് പറഞ്ഞ് അവരുടെ ഒരു ബന്ധുവിന്റെ ഫോൺ വന്നു. ആ ബന്ധു കുറച്ചു തുക ഉപഹാരമായി അയച്ചിരുന്നു. അതുകൊണ്ട് ചന്ദ അടച്ചുതീർത്തു. അവർ പറയുന്നു: 'ചന്ദ കൊടുക്കുന്നതുകൊണ്ട് എപ്പോഴും എന്റെ നാഥൻ എന്നോട് സ്നേഹത്തോടെയാണ് വർത്തിക്കുന്നത്. ഒരിക്കലും എന്നെ ഒറ്റക്കാക്കിയിട്ടില്ല.'

ഖാദിയാനിൽ നിന്ന് വക്കീലുൽമാൽ സാഹിബ് എഴുതുന്നു: 'കേരളത്തിലെ ജമാഅത്ത് കരുളായിലെ ഒരു സുഹൃത്തിന്റെ തഹ്രീക്കെ ജദീദ് ചന്ദ 5 ലക്ഷം രൂപയായിരുന്നു. അദ്ദേഹം കുറച്ചു തുക തന്റെ ഫർണീച്ചർ ഫേം തുടങ്ങുന്നതിന് വെച്ചിട്ടുണ്ടായിരുന്നു. തുക അടച്ചില്ലെങ്കിൽ ഫേമിന്റെ ജോലി നിർത്തേണ്ടിവരുമായിരുന്നു. എന്നാൽ, അതേ സമയത്ത് തഹ്രീക്കെ ജദീദ് ചന്ദ കൊടുക്കാനുള്ള ആഹ്വാനവുമുണ്ടായി. അദ്ദേഹം ചന്ദയുടെ പ്രാധാന്യം കണക്കിലെടുത്ത് ആ തുക ചന്ദയിൽ കൊടുത്തു. ഈ ആത്മാർഥ നിയ്യത്ത് കാരണം അല്ലാഹു അനുഗ്രഹം ചൊരിയുകയും കുറച്ചു സമയംകൊണ്ടുതന്നെ അഡ്വാൻസ് കൊടുക്കാൻവച്ച തുകയേക്കാളുമധികം തുക ആരോ ഒരാളിൽനിന്ന് അക്കൗണ്ടിൽ വരികയും ചെയ്തു, ഫേമിന് വേണ്ടി ആവശ്യമായ സാധനങ്ങൾ വരുത്തിച്ചു. അതേതുടർന്ന് അദ്ദേഹത്തിനു വളരെ വലിയ തുക അതായത് എത്രയോ ലക്ഷം രൂപയുടെ പ്രോജക്ട് ലഭിച്ചു. അങ്ങനെ തന്റെ വാഗ്ദാനത്തിനു പുറമേ ഒരു വലിയ തുക, ഏകദേശം 12 ലക്ഷം രൂപ തഹ്രീക്കെ ജദീദിൽ കൊടുത്തു.

ഇന്ത്യയിൽനിന്ന് ഇൻസ്പെക്ടർ അബ്ദുൽ ബാസിത് സാഹിബ് എഴുതുന്നു: 'കേരളത്തിലെ കൊച്ചി ജമാഅത്തിൽ തഹ്രീക്കെ ജദീദ് സംബന്ധിച്ച് മീറ്റിംഗ് നടത്തുകയും തഹ്രീക്കെ ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുകയും ചെയ്തിരുന്നു. തഹ്രീക്കെ ജദീദിന്റെ ധനത്യാഗത്തിൽ ആവേശപൂർവം പങ്കെടുക്കുന്നതിനെപറ്റി ജമാഅത്ത് അംഗങ്ങളെ ഓർമപ്പെടുത്തി. ജൽസക്ക് ശേഷം സ്വദ്ർ സാഹിബിന്റെ വീട്ടിൽ പോയി. അപ്പോൾ സ്വദ്ർ സാഹിബിന്റെ എട്ടു വയസ്സുള്ള മകൾ, തന്റെ മണി ബോക്സ്(കുടുക്ക) കൊണ്ടുവന്ന പറഞ്ഞു: 'മൗലവി സാഹിബേ! ഇതിലുള്ള മുഴുവൻ പൈസയും തഹ്രീക്കെ ജദീദിൽ അടക്കണം.' ആ സമയത്ത് അവളുടെ ബോക്സിൽ ഏകദേശം 864 രൂപ ഉണ്ടായിരുന്നു. അത് ആ കുട്ടി തഹ്രീക്കെ ജദീദിന് നല്കി. അവളുടെ പിതാവ് പറയുന്നു: 'എന്റെ മകൾ നീണ്ട കാലമായി ഈ തുക തഹ്രീക്കെ ജദീദിൽ കൊടുക്കണമെന്ന നിയ്യത്തിൽ സ്വരുകൂട്ടുകയായിരുന്നു. ഞാൻ കടയിൽനിന്ന് വരുമ്പോൾ, എന്റെ പോക്കറ്റിലുള്ള എല്ലാ നാണയങ്ങളും എടുത്തു സ്വരുക്കൂട്ടിയിരുന്നു. ആ നാണയങ്ങൾ എന്നോട് ചോദിച്ചു വാങ്ങുകയും തന്റെ കുടുക്കയിലിടുകയും ചെയ്തിരുന്നു.' അങ്ങനെ ആ കുട്ടി നിരവധി മാസങ്ങൾകൊണ്ട് സ്വരൂപിച്ച തുക ചന്ദയിൽ കൊടുത്തു. ഈ തിരിച്ചറിവാണ് അല്ലാഹു അഹ്മദീ കുട്ടികളിലും ഉണ്ടാക്കിയിരിക്കുന്നത്.

ബയ്അത്ത് ചെയ്തശേഷം എങ്ങനെയാണ് ത്യാഗത്തിനുള്ള ചിന്ത ഉണ്ടാകുന്നത് എന്നതിനെ സംബന്ധിച്ച് അൽബേനിയ(Albania)യിലെ സ്വമദ് സാഹിബ് എഴുതുന്നു: അൽബേനിയയിലെ തദ്ദേശ അഹ്മദിയാണ് ഗ്രാമീണനായ ദാലീബ് ജർജി(Dalip Gjergji) സാഹിബ്. ഒരു ദിവസം ജുമുഅക്കുശേഷം എന്നെ കണ്ടു. അദ്ദേഹം പെൻഷൻ ആയിട്ടുണ്ട്. നിസാര വരുമാനമായിരുന്നുവെങ്കിലും കൃത്യമായി ചന്ദ കൊടുത്തിരുന്നു. അദ്ദേഹത്തിന് സ്വന്തം വാഹനംപോലും ഉണ്ടായിരുന്നില്ല. സർക്കാർ വാഹനത്തിലാണ് ജുമുഅക്ക് വന്നിരുന്നത്. ഇപ്പോൾ ഉണ്ടായ പകർച്ചവ്യാധി കാരണം, നീണ്ട കാലത്തിനുശേഷമാണ് ജുമുഅക്ക് വന്നത്. ജുമുഅക്കുശേഷം പറഞ്ഞു, ഇത്രയും കാലം ചന്ദ കൊടുക്കാത്തതുകൊണ്ട് മനസിൽ വല്ലാത്ത ഒരു ഭാരം അനുഭവപ്പെടുന്നു. അദ്ദേഹം 8 മാസത്തെ ചന്ദയും കൈയിൽ കരുതിയിരുന്നു. ചന്ദ ആമിനു പുറമെ, തഹ്രീക്കെ ജദീദ്, വഖ്ഫെ ജദീദ് ചന്ദയും കൊടുത്തു.

ഇങ്ങനെ നിരവധി സംഭവങ്ങളുണ്ട്. ഉദാഹരണമായി ടാൻസാനിയാ(Tanzania)യിലെ ഒരു മുഅല്ലിം ഹുസയ്ൻ സാഹിബ് എഴുതുന്നു: 'ആത്മാർഥനായ അഹ്മദി സുഹൃത്ത് സ്വാലിഹ് സാഹിബ് മട്ടുങ്കാ, വളരെ സന്തോഷത്തോടെ, താൽപര്യപൂർവം സാമ്പത്തിക ത്യാഗത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. കുറച്ചുമുമ്പേ അദ്ദേഹം രോഗാതുരനായി. ചികിത്സിക്കാൻ അദ്ദേഹത്തിന്റെ കൈയിൽ പണമൊന്നുമുണ്ടായിരുന്നില്ല. മാസാവസാനം അദ്ദേഹത്തിന് പെൻഷൻ കിട്ടിയപ്പോൾ അദ്ദേഹം ഏറ്റവുമാദ്യം തഹ്രീക്കെ ജദീദ് വാഗ്ദാനം പൂർത്തിയാക്കി. മുഅല്ലിം സാഹിബ് പറയുന്നു: 'ആദ്യം ചികിത്സ നടത്താനും പിന്നീട് ചന്ദ കൊടുക്കാനും ഞാൻ മനസ്സിലാക്കി കൊടുക്കാൻ ശ്രമിച്ചെങ്കിലും അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ് ശിഫ നൽകുന്നവൻ. അതുകൊണ്ട് ആദ്യം ഞാനെന്റെ അല്ലാഹുവിനോട് ചെയ്ത വാഗ്ദാനം പൂർത്തിയാക്കുന്നതാണ്. പിന്നെ എന്റെ ചികിത്സ നടത്താം.' ത്യാഗത്തിന്റെ ഈ നിലവാരവും കൗതുകകരമാകുന്നു. പുതുതായി ചേർന്ന ആളുകളുടെ അവസ്ഥ കാണുമ്പോൾ അല്ലാഹു എങ്ങനെയാണ് അവർക്ക് ഇതിന്റെ പ്രാധാന്യം വ്യക്തമാക്കിയതെന്നും എങ്ങനെയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിനുശേഷം വിപ്ലവം ഉണ്ടായതെന്നുമുള്ള കാര്യവും ആശ്ചര്യകരമാകുന്നു.

ഗാംബിയയിലെ അമീർ സാഹിബ് എഴുതുന്നു: അവിടെ ഒരു സ്ഥലത്ത് തഹ്രീക്കെ ജദീദ് സംബന്ധിച്ച് ഒരു പ്രോഗ്രാം സംഘടിപ്പിച്ചു. അതിൽ ഇസ്ലാമിനുവേണ്ടി ജീവിതം സമർപ്പണം ചെയ്യുന്നതും ലളിതജീവിതം നയിക്കുന്നതും നിസാരജോലികൾ പോലും ചെയ്യുന്നതിൽ ലജ്ജിക്കേണ്ടതില്ലെന്നതും സംബന്ധിച്ച് ബോധവൽക്കരണം നടത്തിയിരുന്നു. അങ്ങനെ ആ പ്രോഗ്രാമിനുശേഷം ഇബ്റാഹീം എന്ന സുഹൃത്ത് താൻ ആയിരം ഡലാസി താൻ തഹ്രീക്കെ ജദീദിൽ നല്കുകയാണെന്ന് പറഞ്ഞു. തന്റെ ഏകമകനെ വഖ്ഫ് ചെയ്തു മുറബ്ബിയാക്കാൻ വിടുന്നതാണെന്നും ഇപ്പോൾ മകൻ സെക്കന്ററി സ്കൂളിലാണ് പഠിക്കുന്നതെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. അദ്ദേഹത്തിന്റെ ആഗ്രഹം ഇൻശാ അല്ലാഹ് മകൻ മുറബ്ബി ആകണമെന്നാണ്.

ഘാനയിലെ ആക്രാസോണിലെ ജനറൽ സെക്രട്ടറി ആദം സാഹിബ് എഴുതുന്നു: 'മേഖലാ സ്വദ്ർ സാഹിബ് 50 ഘാനിയൻ സെഡി വാടക ഇനത്തിൽ എനിക്കു തന്നിരുന്നു. ഞാൻ ആ തുക തഹ്രീക്കെ ജദീദ് ചന്ദയിൽ കൊടുത്തു. അടുത്തദിവസം രാവിലെ ഓഫീസറിനോടൊപ്പം ഏതോ ഒരു ആവശ്യത്തിന് പോയതാണ്. തിരിച്ചു വരുമ്പോൾ എങ്ങനെയാണ് പോകുക എന്ന് അദ്ദേഹം ചോദിച്ചു ടാക്സിയിൽ പോകാമെന്ന് ഞാൻ പറഞ്ഞു. ഓഫീസർ എന്റെ ഫോൺ ചോദിച്ചിട്ട് ഫോൺ ചെക്ക് ചെയ്തു നോക്കാൻ പറഞ്ഞു. ഞാൻ പരിശോധിച്ചപ്പോൾ അദ്ദേഹം ആയിരം സെഡി എനിക്ക് മൊബൈൽ മുഖേന അയച്ച് തന്നിരിക്കുന്നതു കണ്ടു. ഞാൻ 50 സെഡി ചെലവാക്കിയപ്പോൾ എനിക്ക് ആയിരം സെഡി ലഭിച്ചു.

ചില സംഭവങ്ങളാണ് ഞാൻ വിവരിച്ചത്. ഇതുപോലുള്ള നിരവധി സംഭവങ്ങൾ എന്റെ കൈയിലുണ്ട്. അല്ലാഹു ഈ ത്യാഗം ചെയ്തവരുടെ ധനത്തിലും ആയുസ്സിലും സീമാതീതമായ അനുഗ്രഹം ചൊരിയുമാറാകട്ടെ.

മൊത്തത്തിലുള്ള ത്യാഗത്തെ കുറിച്ച് ഇനി വിശദീകരിക്കാം. ഇത് എല്ലാവർഷവും തഹ്രീക്കെ ജദീദിന്റ വിളംബരത്തിൽ വിവരിക്കാറുള്ളതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തഹ്രീക്കെ ജദീദിന്റെ 86–ാം വർഷം ഒക്ടോബർ 31 ന് അവസാനിക്കുകയും 87–ാം വർഷം ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ഈ വർഷം, ആഗോള അഹ്മദിയ്യാ ജമാഅത്തിന് ദൈവകൃപയാൽ തഹ്രീക്കെ ജദീദിന്റെ സാമ്പത്തിക വ്യവസ്ഥിതിയിൽ 14.5 മില്യൺ അതായത് ഒരുകോടി 54 ലക്ഷം പൗണ്ട് ത്യാഗം ചെയ്യാൻ തൗഫീഖ് കിടിയിരിക്കുന്നു. ഈ വരവ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 8, 82,000 പൗണ്ട് അധികമാണ്. ഈ വർഷം ലോക ജമാഅത്തുകളിൽ ജർമനിയാണ് ഒന്നാം സ്ഥാനത്ത്. പാകിസ്താനിലെ സാമ്പത്തിക രാഷ്ട്രീയ അവസ്ഥ അധോഗതിയിൽ നിന്ന് അധോഗതിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. പാകിസ്താൻ ലോക ജമാഅത്തുകളുടെ താരതമ്യത്തിൽ ഇല്ലെങ്കിലും പൊതുവിൽ തങ്ങളുടെ രാഷ്ട്രത്തിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക കറൻസിയിൽ ഒരുപാട് അഭിവൃദ്ധിപ്പെടുകയും ത്യാഗം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അല്ലാഹു സാമ്പത്തികവും രാഷ്ട്രീയപരവുമായി മോശം അവസ്ഥയുള്ള രാജ്യങ്ങളിൽ സമാധാനവും സ്വസ്ഥതയും ഉണ്ടാക്കുകയും നന്മ വരുത്തുകയും ചെയ്യുമാറാകട്ടെ. അങ്ങനെ അവർക്ക് കൂടുതൽ ത്യാഗങ്ങൾ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ. ഏതായിരുന്നാലും ഇപ്പോഴുള്ള അവസ്ഥ ഇങ്ങനെയാണ്, ഒന്നാംസ്ഥാനത്ത് ജർമനി. പിന്നെ ബ്രിട്ടൻ. തുടർന്ന് അമേരിക്ക. പുറത്തുള്ള ജമാഅത്തുകളിൽ ഇതിന്നിടയിൽ പാകിസ്താനുമുണ്ട്. അമേരിക്ക മൂന്നാം സ്ഥാനത്താകുന്നു. പിന്നെ കനഡ. തുടർന്ന് മിഡിൽ ഈസ്റ്റിലെ ഒരു രാജ്യം. പിന്നെ ഇന്ത്യ. തുടർന്ന് ആസ്ട്രേലിയ ശേഷം ഇന്തൊനേഷ്യ. പിന്നെ ഘാന. തുടർന്ന് മിഡിൽ ഈസ്റ്റിലെ ജമാഅത്ത്. ഘാനയും ആഫ്രിക്കയിലെ രാജ്യങ്ങളുടെ മത്സരത്തിൽനിന്ന് പുറത്തുകടന്ന്, സാമ്പത്തിക ത്യാഗത്തിൽ ആഗോള മത്സരത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. ഇപ്പോൾ അത് അമേരിക്കയോടും യൂറോപ്പിനോടും മറ്റു രാഷ്ട്രങ്ങളോടുമാണ് മത്സരിക്കുന്നത്.

അതേപോലെ ആളോഹരി പിരിവിന്റെ അടിസ്ഥാനത്തിൽ സ്വിറ്റ്സർലന്റാണ് ഒന്നാം സ്ഥാനത്ത്. പിന്നെ അമേരിക്കയും തുടർന്ന് സിംഗപ്പൂ

രുമാകുന്നു. ആദ്യ മൂന്ന് ജമാഅത്തുകൾ ഇവയാണ്. മറ്റു വിവരണങ്ങൾ തുടർന്നുവരുന്നത്.

ആഫ്രിക്കൻ രാജ്യങ്ങളിൽ മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ മുന്നിലുള്ള ജമാഅത്തുകൾ, ഒന്നാംസ്ഥാനത്ത് ഘാന, പിന്നെ നൈജീരിയ, പിന്നെ ബുർക്കിനാ ഫാസോ (Burkina Faso), ടാൻസാനിയ, ഗാംബിയ, സിയറലിയോൺ എന്നിവയാകുന്നു. സിയറലിയോൺ ജമാഅത്ത് വളരെ വലുതും പഴക്കവുമുള്ള ജമാഅത്താകുന്നു. അവിടെ അമീർ സാഹിബും ബന്ധപ്പെട്ട ഭാരവാഹികളും പരിശ്രമിക്കേണ്ടതാണ്. ധനത്യാഗത്തെപ്പറ്റി ശരിയായ നിലയിൽ ബോധവൽക്കരിച്ചാൽ ജമാഅത്ത് അംഗങ്ങൾ ത്യാഗത്തിന് തയ്യാറാണ്. അവർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. തുടർന്ന് ബെനിൻ ആകുന്നു ബെനിനും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നല്ലതുപോലെ ശ്രമിച്ചിട്ടുണ്ട്. നൈജീരിയയിലും ബെനിനിലും ആളോഹരി പിരിവിൽ വളരെ നല്ല വർധനയാണ് ഉണ്ടായിട്ടുള്ളത്. ബെനിനിൽ 6 മടങ്ങ് വർധനയാണ് ആഗോള ഓഹരി പിരിവിൽ തദ്ദേശ കറൻസി അനുസരിച്ച് ഉണ്ടായിട്ടുള്ളത്. നൈജീരിയയിൽ ചന്ദയിൽ പങ്കെടുത്തവരുടെ എണ്ണം കുറവാണെങ്കിലും 8 മടങ്ങ് വർദ്ധനയുണ്ടായിട്ടുണ്ട്. പക്ഷേ, മൊത്തം തുക കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ അല്ലെങ്കിൽ അത്ര തന്നെയായിരിക്കും. ഇതിൽ പങ്കെടുത്തവരുടെ മൊത്തം എണ്ണം പതിനാറുലക്ഷത്തി എണ്ണൂറ് ആകുന്നു. ഇതിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വർദ്ധന ഉണ്ടാക്കിയ എടുത്തുപറയേണ്ട ആഫ്രിക്കൻ രാജ്യങ്ങളിൽ ഒന്നാം സ്ഥാനം ഘാനയാകുന്നു. പിന്നീട് ബുർക്കിനാ ഫാസോ, തുടർന്ന് മാലി, സെനഗൽ, ഗാംബിയ, കോംഗോ കിൻഷാസ(Congo Kinshasa), ടാൻസാനിയ, ലൈബീരിയ, കെനിയ, സെൻട്രൽ ആഫ്രിക്ക, സാവോ ടോമെ, കോംഗോ(Congo) ബ്രാസവിൽ, സിംബാബ്‌വെ(Zimbabwe) എന്നിവയാണ്. മറ്റു വലിയ ജമാഅത്തുകളിൽ ബംഗ്ലാദേശ്, ജർമനി, കനഡ, ഭാരത്, ആസ്ട്രേലിയ, ബ്രിട്ടൻ. ചന്ദദായകരിലും വളരെയേറെ വർധന ഉണ്ടായിട്ടുണ്ട്. ഒന്നാമത്തെ ലഡ്ജറിൽ(ദഫ്ത്തറെ അവ്വൽ) അല്ലാഹുവിന്റെ അനുഗ്രഹത്താൽ 5927 പേരാണുള്ളത്. അതിൽ 33 പേരാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നത്. അവർ സ്വയം ചന്ദ കൊടുക്കുന്നവരാണ്. 3119 പേരുടെ ലഡ്ജറുകൾ അവരുടെ പിന്തുടർച്ചാവകാശികൾ നിലനിറുത്തുന്നുണ്ട്. ബാക്കി 2775 പേരുടേത് ജമാഅത്തിലെ ആത്മാർഥരായ ആളുകളാണ് നിലനിറുത്തുന്നത്.

ജർമനിയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ: ജർമനിയാണ് ലോകത്ത് ഒന്നാം സ്ഥാനത്തുള്ളത്. അതുകൊണ്ട് അവരെപ്പറ്റിയുള്ള കണക്ക് ആദ്യം പറയാം, ജർമനിയിലെ 10 ജമാഅത്തുകൾ ഇവയാകുന്നു. മഹ്ദി ആബാദ്(Mehdi-Abad), റോഡർ മാർക്ക്(Rodermark), ന്യൂസെ(Neuse), നിദ്ദാ (Nidda), കോളൻ(Koln), പിന്നെ ബർഗ്(Pinneberg), ഓസ്നാ ബർഗ്(Osnabruck) ഫ്ളോർഹെയിം (Florsheim), കീൽ(Kiel), ഫ്രേൻസ്ഹെയിം(Freinsheim).

ലോക്കൽ ഇമാറത്തുകൾ: ഹംബർഗ് (Hamburg), ഡട്ട്സൺ ബാഘ് (Dietzenbach), ഫ്രാങ്ക്ഫർട്ട്(Frankfurt), ഗ്രോസ് ഗ്രെവ്(Gross-Gerau) വെയ്സ് ബാദൻ(Wiesbaden), മോർഫൽഡൻ (Morfelden), മാൻഹയിം(Manheim), റീഡ്ഷാട്ട് (Riedstadt), റസ്സൽസ് ഹെയിം(Russelsheim), ഡംഷാട്ട് (Darmstadt),

ഇതിനുശേഷം രണ്ടാം സ്ഥാനത്ത് ബ്രിട്ടനാകുന്നു. ബ്രിട്ടനിലെ ജമാഅത്തുകളുടെ സ്ഥാനം ഇപ്രകാരമാണ്: ബയ്തുൽ ഫുത്തൂഹ് റീജ്യൺ ഒന്നാം സ്ഥാനത്ത്. തുടർന്ന് മസ്ജിദ് ഫള്ൽ റീജ്യൺ, ഇസ്ലാമാബാദ് റീജ്യൺ, മിഡ്ലാന്റ്സ് റീജ്യൺ, ബയ്തുൽ ഇഹ്സാൻ റീജ്യൺ.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ പത്ത് വലിയ ജമാഅത്തുകൾ: ആൾഡർഷാർട്ട്, ഇസ്ലാമാബാദ്, മസ്ജിദ് ഫള്ൽ, വൂസ്റ്റർ പാർക്ക്, ബർമിംഗ്ഹംസൗത്ത്, ജലിംഗം, പട്ട്നി, സൗത്ത്ചീം, ബർമിംഗ്ഹംവെസ്റ്റ്, ചീം. മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ബ്രിട്ടനിലെ അഞ്ച് ചെറിയ ജമാഅത്തുകൾ: സ്പെൻ വാലി, കേഥ്ലീ, സവാൻസി, നോർത്ത് വെൽസ്, നോർത്താംപ്ട്ടൺ.

മൊത്തം പിരിവിന്റെ അടിസ്ഥാനത്തിൽ ഇനി അമേരിക്കയാണ്. ഞാൻ കരുതുന്നത് അതിനുമുമ്പേ പാകിസ്താന്റെ കാര്യങ്ങൾ വിവരിക്കാമെന്നാണ്. പാകിസ്താനിലെ ജമാഅത്തുകളുടെ താരതമ്യം ഇങ്ങനെ ആണ്: ഒന്നാം സ്ഥാനത്ത് ലാഹോർ, രണ്ടാം സ്ഥാനത്ത് റബ്വ, കറാച്ചിയാണ് മൂന്നാം സ്ഥാനത്ത്. ത്യാഗം ചെയ്ത പത്ത് ജില്ലകൾ; ഇസ്ലാമാബാദ്, സിയാൽക്കോട്ട്, ഗുജറാത്ത്, ഗുജറൻവാല, ഹൈദരാബാദ്, മീർപൂർ ഖാസ്, ഫൈസലാബാദ്, ടോബടേക് സിംഗ്, ഉമർകോട്ട്, ചക്വാൽ കോട്ട്ലി, ചാക്വാലും കോട്ട്ലിയും വേവ്വേറെ ആക്കേണ്ടതാണ്. എന്തുകൊണ്ടാണ് ഒന്നിച്ചു എഴുതിയതെന്ന് അറിയില്ല. ഒരുപക്ഷേ രണ്ടും ഒരേ സ്ഥാനമായിരിക്കും.

പിരിവിന്റെ അടിസ്ഥാനത്തിൽ ത്യാഗം ചെയ്ത പാകിസ്താനിലെ നഗര ജമാഅത്തുകൾ: ഡിഫൻസ് ലാഹോർ ഇമാറത്ത്, റാവൽപിണ്ടി ടൗൺ ഇമാറത്ത്, ഡർഗ്ഡോർ കറാച്ചി ഇമാറത്ത്, ലാഹോർ മുഗൾപുര ഇമാറത്ത്, ലാഹോർ ടൗൺഷിപ്പ് ഇമാറത്ത്, കറാച്ചി അസീസാബാദ് ഇമാറത്ത്, കറാച്ചി ഗുൽനാബാദ് ഇമാറത്ത്, പിശാവർ, ക്വായിട്ട, ലാഹോർ ദില്ലി ഗേറ്റ് ഇമാറത്ത്.

അമേരിക്കയിലെ ജമാഅത്തുകൾ: മെറിലാന്റാണ് ഒന്നാം സ്ഥാനത്ത്. തുടർന്ന് ലോസ് ഏഞ്ചലസ്, സിലിക്കോൺ വാലി, സെൻട്രൽ വെർജീന, സിയാറ്റൽ, ഓഷ്കോഷ്, ഡട്രായിറ്റ്, ചിക്കാഗോ, സൗത്ത് വെർജീനാ, അറ്റ്ലാന്റാ, ബോസ്റ്റൺ.

പിരിവിന്റെ അടിസ്ഥാനത്തിൽ കനഡയിലെ ലോക്കൽ ജമാഅത്തുകൾ: വാൻ, പീസ് വില്ലേജ്, കാൽഗറി, വേങ്കോവാർ, ടൊറാന്റോ വെസ്റ്റ്, മിസിസാഗാ, ബ്രാംടൺ ഈസ്റ്റ്, സസ്കടോൺ, ടൊറാന്റോ.

കനഡയിലെ ചെറിയ ജമാഅത്തുകൾ: ബ്രഡ്ഫോർഡ്, ഹേമൽടൺ, മൗണ്ടൻ ആസ്മിന്റൺ വെസ്റ്റ്, റജയിനാ, ഹൈമൽടൺ ഈസ്റ്റ്

ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഭാരതത്തിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ: ഒന്നാം സ്ഥാനത്ത് കോയമ്പത്തൂർ ആകുന്നു, തുടർന്ന് കരുളായി, ഖാദിയാൻ, പത്തപ്പിരിയം, ഹൈദരാബാദ്, കണ്ണൂർ ടൗൺ, കൊൽക്കത്ത, കോഴിക്കോട്, ബാംഗ്ളൂർ, മാത്തോട്ടം.

ആദ്യത്തെ പത്ത് സംസ്ഥാനങ്ങൾ: കേരളം ഒന്നാം സ്ഥാനത്താകുന്നു. തുടർന്ന് തമിഴ്നാട്, കർണാടക, ജമ്മു–കശ്മീർ, തെലുങ്കാന, പഞ്ചാബ്, ഒഡിഷ, ബംഗാൾ, ഡൽഹി, മഹാരാഷ്ട്ര.

ആസ്ട്രേലിയയിലെ ആദ്യത്തെ പത്ത് ജമാഅത്തുകൾ: മൽബൺ, ലാംഗ് വറാൻ, കാസൽഹിൽ, മൽബറൺ ബേറുക്, മാർസഡൺ പാർക്ക്, ഏഡിലയ്ഡ് സൗത്ത്, പീൻ റത്ത്, എ.സി.ടി കോൻബറാ, ഏഡിലായിഡ് വെസ്റ്റ്, മൗണ്ട് ഡറൗട്ട്, പേരാമാട്ടാ.

ഇതാണ് ജമാഅത്തുകളുടെ താരതമ്യം. അല്ലാഹു അവരുടെ ധനത്തിലും ആയുസ്സിലും അതിരറ്റ അനുഗ്രഹം ചൊരിയുമാറാകട്ടെ. അവരുടെ ത്യാഗങ്ങൾ സ്വീകരിക്കട്ടെ.

ഇതിനുശേഷം ഇതോടൊപ്പംതന്നെ ഞാൻ പറഞ്ഞതുപോലെ തഹ്‌രീക്കെ ജദീദിന്റെ 87–ാം വർഷം ആരംഭിച്ചതായി വിളംബരപ്പെടുത്തി കൊള്ളുന്നു. നവംബർ ഒന്നുമുതൽ ആരംഭിച്ചിരിക്കുന്നു.

ഇനി ഞാൻ മറ്റൊരു കാര്യത്തിലേക്ക് ശ്രദ്ധക്ഷണിക്കുകയാണ്. ഇപ്പോൾ ഒരുപാട് ദുആകൾ ആവശ്യമുണ്ട്. ദുആകളിലേക്ക് ശ്രദ്ധിക്കുക. നമ്മൾ നമുക്ക് വേണ്ടിയും ജമാഅത്തിനു വേണ്ടിയും ദുആ ചെയ്യാറുണ്ട്. മുസ്ലിമീങ്ങൾക്ക് വേണ്ടിയും പൊതുവിൽ ദുആ ചെയ്യേണ്ട ആവശ്യമുണ്ട്. ഇന്ന് മുസ്ലിമീങ്ങൾക്കെതിരിൽ അമുസ്ലിം ലോകത്തിലെ ചില രാജ്യങ്ങളിലെ നേതാക്കന്മാർ വിദ്വേഷത്തിന്റേയും വെറുപ്പിന്റേയും വികാരമാണ് വെച്ചുപുലർത്തുന്നത്. ലോക നേതാക്കന്മാർ ജനാധിപത്യത്തിന്റെ ഇക്കാലത്ത് പൊതുജനങ്ങളെ ദൈവം ആണെന്ന് കരുതി അവരുടെ ആഗ്രഹങ്ങൾക്ക് അനുസരിച്ച് തങ്ങളുടെ പ്രസ്താവനയും പോളിസിയും ഉണ്ടാക്കാൻ ശ്രമിക്കുന്നു. അതല്ലെങ്കിൽ സ്വയമേവ, ചിലപ്പോൾ തെറ്റായ മാർഗനിർദ്ദേശം നൽകി ദൈവമല്ല, നിങ്ങളാണ് എല്ലാം എന്ന നിലയ്ക്ക് കൊണ്ടു പോകാൻ ശ്രമിക്കുന്നു. വ്യക്തമായി പറയുന്നില്ലെങ്കിൽക്കൂടി, അവരുടെ ഹൃദയങ്ങളിൽ വെറുപ്പും മുൻകരുതലുമാണുള്ളത്. പൊതു ജനങ്ങളിൽ വലിയൊരു വിഭാഗം, ഇസ്ലാമിനെപറ്റി ശരിയായ അവബോധം ഇല്ലാത്തതിനാൽ മുസ്ലിംകൾക്കെതിരാകുന്നു. ഏതായിരുന്നാലും ദുആയും പരിശ്രമവും മുഖേന ഇസ്ലാമിന്റെ യാഥാർത്ഥ്യം എന്താണെന്ന് നമ്മൾ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്. കഴിഞ്ഞ ദിവസം പരസ്യമായി ഒരു പാശ്ചാത്യൻ നേതാവിന്റെ പ്രസ്താവന വന്നിരുന്നു. പൊതുവിൽ ഇങ്ങനെ വരാറുണ്ട്. ഏതെങ്കിലും തരത്തിൽ വാക്കുകൾ പൊതിഞ്ഞുകൊണ്ട് രാഷ്ട്രീയപരമായി പ്രസ്താവനകൾ വരുന്നു. അല്ലെങ്കിൽ അങ്ങനെ വളച്ചു തിരിച്ച വാക്കുകളിൽ പറയുന്നു. എന്നാൽ, തുറന്ന നിലയിൽ വന്ന പ്രസ്താവന ഫ്രാൻസ് പ്രസിഡണ്ടിന്റേതാണ്. അയാൾ ഇസ്ലാമിനെ പ്രതിസന്ധികളുടെ ഇരയായ മതമാണെന്ന് വിശേഷിപ്പിച്ചിരിക്കുന്നു. പ്രതിസന്ധികളുടെ മതമുണ്ടെങ്കിൽ അത് അയാളുടെ മതമാണ്. ഒന്നാമതായി അവർ ഒരു മതത്തേയും അംഗീകരിക്കുകയില്ല. ക്രിസ്തുമതത്തെയും മറന്നിരിക്കുന്നു. അതാണ് പ്രതിസന്ധിയുടെ മതം. ഇസ്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജീവൽ മതമാകുന്നു. വളരുകയും പുഷ്പിക്കുകയും ചെയ്യുന്ന മതമാകുന്നു. അത് വളരുകയും പുഷ്പിക്കുകയും ചെയ്യുന്നു. അല്ലാഹു തന്നെ എല്ലാ കാലത്തും അതിന്റെ സംരക്ഷണ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നു. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അതിന്റെ പ്രചാരണം ലോകത്തിന്റെ കോണുകളോളം വ്യാപിച്ചുകൊണ്ടിരിക്കുന്നു.

യഥാർഥത്തിൽ മുസ്ലിമീങ്ങൾക്കിടയിൽ ഐക്യം ഇല്ലെന്ന് അറിയുന്നതുകൊണ്ടാണ് ഇസ്ലാം വിരുദ്ധ ശക്തികളും ആളുകളും ഇത്തരം നീക്കങ്ങൾ നടത്തുന്നത്. ഇവിടെ ഞാൻ കനേഡിയൻ പ്രധാനമന്ത്രിയെ ഏതായാലും പ്രശംസിക്കുകയാണ്. അദ്ദേഹം ഫ്രഞ്ച് പ്രസിഡണ്ടിന്റെ പ്രസ്താവനയെ തുടർന്ന് നല്ലൊരു പ്രസ്താവന നടത്തിയിരിക്കുന്നു. അതായത് 'ഇതെല്ലാം തെറ്റാകുന്നു. ഇങ്ങനെ ഉണ്ടാകാൻ പാടില്ല. പരസ്പരം മതവികാരത്തേയും മതനേതാക്കന്മാരേയും പരിഗണിക്കേണ്ടതാണ്.' ലോകത്തിലെ മറ്റു നേതാക്കന്മാരും കനഡാ പ്രധാനമന്ത്രിയുടേത് പോലുള്ള ചിന്തയും പ്രസ്താവനയും സംബന്ധിച്ച് അല്പമെങ്കിലും ചിന്തിച്ചു നോക്കുകയും ലോകത്ത് ശാന്തിയും സമാധാനവും നിലനിറുത്താൻ അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായേനേ! ഏതായിരുന്നാലും കനഡ പ്രധാനമന്ത്രി ഈ നിലയ്ക്ക് അഭിനന്ദനാർഹനാകുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ഹൃദയം കൂടുതൽ വിശാലമാക്കാൻ നമ്മൾ ദുആ ചെയ്യേണ്ടതാണ്.

മുസ്ലിമീങ്ങൾക്ക് ഐക്യമില്ലെന്നത് ഒരു പരമാർഥമാണ്. അതു കാരണമാണ് ഇതെല്ലാം സംഭവിക്കുന്നത്. മുസ്ലിമീങ്ങളുടെ ഓരോ രാജ്യവും മറ്റൊന്നിന് എതിരാകുന്നു. കക്ഷിപ്രതികക്ഷികൾ മുസ്ലിമീങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടെന്ന്

ലോകത്തിന് വ്യക്തമാക്കി കൊടുത്തിരിക്കുന്നു. മുസ്‌ലിമീങ്ങൾ ഒന്നാണെന്നും ഒരു ദൈവത്തേയും ഒരു പ്രവാചകനേയും അംഗീകരിക്കുന്നവരാണെന്നും അതിനു വേണ്ടി ത്യാഗം ചെയ്യാൻ അറിയുന്നവരാണെന്നും ലോകത്തിനു മനസിലായാൽ അമുസ്‌ലിമീങ്ങൾ ഒരിക്കലും ഇത്തരം കാര്യങ്ങൾ ചെയ്യില്ലായിരുന്നു. ഒരിക്കലും പത്രങ്ങൾക്ക് നബി(സ)തിരുമേനിയുടെ കാർട്ടൂൺ വരക്കാൻ ധൈര്യം വരില്ലായിരുന്നു.

കുറച്ചു വർഷങ്ങൾക്കു മുമ്പേ ഡന്മാർക്കിലും ഫ്രാൻസിലും കാർട്ടൂൺ പ്രസിദ്ധീകരിച്ചപ്പോൾ നൈമിഷികമായി ഒച്ചപ്പാട് ഉണ്ടാക്കുകയും അവരുടെ സാധനങ്ങൾ ബഹിഷ്കരിക്കാനും വാങ്ങാതിരിക്കാനും വിളംബരപ്പെടുത്തുകയും ചെയ്തശേഷം പിന്നെ കുറച്ചു മാസങ്ങൾക്കകം നിശബ്ദരായി. ആ സമയത്തും അഹ്‌മദിയ്യാ ജമാഅത്ത് മാത്രമാണ് ശരിയായ നിലയിൽ പ്രതികരിച്ചത്. അവർക്കുമുന്നിൽ നബി(സ)തിരുമേനിയുടെ സുന്ദരമായ ചരിത്രം സമർപ്പിച്ചു. അതിനെ അന്യരും വിദ്യാസമ്പന്നരും ലോക നേതാക്കന്മാരും സാധാരണക്കാരും ശ്ലാഘിക്കുകയും അത് ഇഷ്ടപ്പെടുകയും ചെയ്തു. അതുതന്നെയാണ് നമ്മൾ ചെയ്യുന്നത്. ഞങ്ങൾ പറയുന്നു: 'ഏതാനും തലതിരിഞ്ഞ ആളുകളുടെ ചെയ്തികൾക്ക് ഇസ്‌ലാമിന്റെ പേര് നൽകരുത്. ഒരു രാജ്യത്തേയും പ്രസിഡന്റ്, ഏതെങ്കിലും വ്യക്തിയുടെ ദുഷ്പ്രവൃത്തിയെ ഇസ്‌ലാമിന്റെ പാഠമെന്നും മുസ്‌ലിമീങ്ങളുടെ പ്രതിസന്ധിയെന്നും പറഞ്ഞ് സ്വന്തം ജനങ്ങളെ ഇളക്കി വിടാനും അവരെ തങ്ങൾക്കെതിരെ യുദ്ധത്തിലാക്കാനും തങ്ങൾ യുദ്ധം തുടരുമെന്നും പറയാനും പാടില്ലാത്തതാണ്. അവരെ തെറ്റായ നിലയിൽ പ്രേരിപ്പിക്കുന്നതും ഇവർ തന്നെയാണ്.

ഞാൻ നേരത്തെ പറഞ്ഞിരുന്നതുപോലെ, കാർട്ടൂൺ വരച്ച് ഏതെങ്കിലും വിധത്തിൽ നബി(സ) തിരുമേനിയെ അവഹേളിക്കുന്നത് ആത്മാഭിമാനമുള്ള ഒരു മുസ്‌ലിമിന് സഹിക്കാൻ കഴിയില്ല. ഏതെങ്കിലും മുസ്‌ലിമീങ്ങളുടെ വികാരത്തെ അത് ഇളക്കി വിടാൻ സാധ്യതയുണ്ട്; എന്നല്ല ഇളക്കിവിടുന്നുണ്ട്. അങ്ങനെ നിയമവിരുദ്ധമായ കാര്യങ്ങൾ നടത്തുകയും ആരെങ്കിലും നിയമം കൈയിലെടുക്കുകയും ചെയ്താൽ അതിന്റെ ഉത്തരവാദി അമുസ്‌ലിം ലോകം തന്നെയാണ്; ഭരണകൂടങ്ങളാണ്. അതല്ലെങ്കിൽ നാമമാത്ര സ്വാതന്ത്ര്യമാകുന്നു. അതിന് ഫ്രീഡം എക്സ്പ്രഷൻ അല്ലെങ്കിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേര് നൽകപ്പെടുകയാണ്. ഏതായിരുന്നാലും അമുസ്‌ലിംലോകം അവരുടെ വികാരങ്ങളെ ഇളക്കി വിടുന്നു. ഞാൻ ഈ പ്രശ്നം ഉണ്ടായ ആദ്യ സമയത്തും ഖുത്ബ പരമ്പരയിലൂടെ നമ്മൾ എങ്ങനെയാണ് ശരിയായി പ്രതികരിക്കേണ്ടതെന്നും എന്താണ് വ്യക്തമാക്കേണ്ടതെന്നും വിശദീകരിച്ചിരുന്നു. ഞാൻ പറഞ്ഞതുപോലെ അതിന് നല്ല സ്വാധീനവും ജനങ്ങൾക്കിടയിലുണ്ടായി. അതാണ് നമ്മൾ ഇന്ന് വരെയും തുടർച്ചയായി ചെയ്തുവരുന്നത്. ഈ മാർഗം തുടർന്ന് വരികയും ചെയ്യുന്നു.

ഹോളണ്ടിലെ ഒരു രാഷ്ട്രീയക്കാരൻ, ഞാൻ പ്രസ്താവന നടത്തിയപ്പോൾ അന്നും, ഹോളണ്ടിൽ ഞാൻ ഒരു ഖുത്ബ നടത്തിയപ്പോഴും അയാൾക്ക് ദൈവിക ശിക്ഷയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയപ്പോഴും ഞാൻ അയാളെ മരണത്തെപ്പറ്റി ഭീഷണിപ്പെടുത്തി എന്ന് പറഞ്ഞ് എന്നെ ഹോളണ്ടിൽ വരുന്നതിൽനിന്ന് ബാൻ ചെയ്യാനും എനിക്കെതിരിൽ കേസ് നടത്താനും ഹോളണ്ട് സർക്കാറിനോട് അപേക്ഷിച്ചിരുന്നു. ഏതായിരുന്നാലും ഞങ്ങൾ നിയമത്തിനുള്ളിൽ നിന്നുകൊണ്ട് ഇസ്‌ലാമിനും നബി(സ)തിരുമേനിക്കും എതിരിൽ വരുന്ന എല്ലാ നീക്കങ്ങൾക്കും നിയമത്തിനകത്തുനിന്നുകൊണ്ട് മറുപടി നൽകിയിട്ടുണ്ട്. നൽകുന്നതുമാണ്. അതിന്റെ സ്വാധീനവുമുണ്ടാകുന്നുണ്ട്. നിയമത്തിനുള്ളിൽ നിന്നുകൊണ്ട് എല്ലാ നടപടികളും നമ്മൾ സ്വീകരിക്കണമെന്നതാണ് അതിനുള്ള പോംവഴി. ഏറ്റവും അധികമായി നബി(സ)തിരുമേനിക്കുമേൽ സ്വലാത്ത് ചൊല്ലണം. ദുആ ചെയ്യണം. കഴിഞ്ഞ ഖുത്ബകളിൽ ഞാൻ ഇതു സംബന്ധിച്ച് ആഹ്വാനം ചെയ്തതാണ്. നമ്മളെ സംബന്ധിച്ച് അനഹ്‌മദീ പണ്ഡിതന്മാരുടെ കഠിനമായ പ്രസ്താവനകൾ ഉണ്ടെങ്കിലും നമ്മൾ ഇസ്‌ലാമിനെ പ്രതിരോധിക്കുകയും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഇൻശാ അല്ലാഹ്.

ഒന്ന് രണ്ടു ആളുകളെ കൊല ചെയ്യുമ്പോൾ താൽക്കാലികമായി ആവേശം കെട്ടടങ്ങുമെങ്കിലും ഇതൊരു സ്ഥായിയായ പോംവഴിയല്ല. മുസ്‌ലിം സമുദായം ശാശ്വതമായ പരിഹാരം ആഗ്രഹിക്കുന്നുവെങ്കിൽ അവർ ഒറ്റക്കെട്ടായി നിൽക്കേണ്ടതാണ്. ഇപ്പോൾ ഫ്രാൻസിലെ പ്രസിഡണ്ടിന് തുർക്കി പ്രസിഡണ്ട് മറുപടി നൽകിയിരിക്കുന്നു. അതുപോലെ ഒന്ന് രണ്ട് രാജ്യങ്ങൾ പ്രതികരിച്ചിരിക്കുന്നു. എന്നാൽ, സകല മുസ്‌ലിമീങ്ങളുടേയും ഒന്നിച്ചുള്ള പ്രതികരണത്തിന്റെ സ്വാധീനം ഇതിന് ഉണ്ടാകാൻ സാധ്യമല്ല. ഏതായാലും തുർക്കിയുടേയും മറ്റും പ്രതികരണത്തിൽ ഫ്രാൻസ് പ്രസിഡന്റ് തന്റെ പ്രസ്താവന മാറ്റുകയും കുറച്ച് മയപ്പെടുത്തിക്കൊണ്ട് ഞാൻ അതല്ല ഉദ്ദേശിച്ചത് എന്റെ ഉദ്ദേശ്യം ഇതായിരുന്നു എന്നെല്ലാം പറയുന്നുണ്ട്. അതോടൊപ്പം തങ്ങൾ ചെയ്യുന്നത് ശരിയാണെന്ന തന്റെ നിലപാടിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. എന്നാൽ, 54, 55 മുസ്‌ലിം രാഷ്ട്രങ്ങൾ ഒന്നിച്ച് ഒരേ സ്വരത്തിൽ പറഞ്ഞിരുന്നുവെങ്കിൽ അങ്ങനെ ഇങ്ങനെ എന്ന് പറഞ്ഞു നിൽക്കാതെ മാപ്പ് ചോദിച്ച് മുട്ടുമടക്കാൻ നിർബന്ധിതനാകുമായിരുന്നു.

ഏതായിരുന്നാലും ഞാൻ ഇവിടെ, ദുആ ചെയ്യാൻ പറയാനാണ് ആഗ്രഹിച്ചത്. മുസ്‌ലിം രാഷ്ട്രങ്ങൾ ചുരുങ്ങിയപക്ഷം അന്യർക്കുമുന്നിൽ ഒന്നിച്ച് ശബ്ദമുയർത്തിയാൽ എന്താണ് സ്വാധീനമെന്ന് കാണാമായിരുന്നു. ഞങ്ങൾ ഞങ്ങളുടെ കർമങ്ങൾ ചെയ്തു കൊണ്ടിരിക്കുകയാണ്. ചെയ്തുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാ അല്ലാഹ്. മുഹമ്മദീ മസീഹിനെ അംഗീകരിച്ചവരുടെ കർത്തവ്യം, ഇസ്‌ലാമിന്റെ സുന്ദര അധ്യാപനങ്ങൾ ലോകത്ത് പരത്തുകയാണ്. നബി(സ)തിരുമേനിയുടെ സുന്ദരമുഖം ലോകത്തിന് കാണിച്ചു കൊടുക്കുകയാണ്. ലോകത്തെ മുഴുവൻ നബി(സ) തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരാതെ സ്വസ്ഥമായി ഇരിക്കരുത്. ഏകദൈവത്തെ തിരിച്ചറിയുകയും അക്രമങ്ങൾ നിറുത്തുകയും ചെയ്യുന്നതിലാണ് നിങ്ങളുടെ നിലനിൽപ്പെന്ന് ലോകത്തിന് പറഞ്ഞുകൊടുക്കുവിൻ!

കുറച്ചുകാലം മുമ്പേ ഞാൻ രാഷ്ട്രീയ നേതാക്കൾക്ക് വീണ്ടും കത്തെഴുതിയിരുന്നു. ഏതാനും മാസം മുമ്പേ ഈ കോവിഡ് കാലത്ത് ഞാൻ ഫ്രാൻസ് പ്രസിഡണ്ടിനും എഴുതിയിരുന്നു. അതിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഈ ശിക്ഷകളും ആപത്തുകളും അല്ലാഹു ഇറക്കാൻ കാരണം അക്രമങ്ങളാണെന്നും നിങ്ങൾ ഇത് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണെന്നും അക്രമങ്ങൾ അവസാനിപ്പിക്കാനും നീതി നടപ്പാക്കാനും സത്യാധിഷ്ഠമായി പ്രസ്താവന നൽകാനും പറഞ്ഞിരുന്നു.

നമ്മൾ നമ്മുടെ കടമകൾ നിറവേറ്റുന്നുണ്ട്. അത് നിറവേറ്റി കൊണ്ടിരിക്കുന്നതുമാണ്. അത് മനസ്സിലാക്കണമോ വേണ്ടയോ എന്നത് ഓരോരുത്തരുടെയും ഇഷ്ടം. ഏതായാലും നമ്മൾ മുസ്‌ലിം സമുദായത്തെ ദുആകളിൽ വിസ്മരിക്കാൻ പാടില്ല. അല്ലാഹു അവർക്ക് നബി(സ)തിരുമേനിയുടെ സത്യസേവകനെ തിരിച്ചറിയാൻ തൗഫീഖ് നൽകുമാറാകട്ടെ. ദൈവത്തിൽനിന്ന് അകന്നുപോയാൽ നാശമല്ലാതെ മറ്റൊന്നും ഉണ്ടാവുകയില്ലെന്ന് ലോകം പൊതുവായും മനസ്സിലാക്കേണ്ടതാണ്. മൊത്തത്തിൽ ലോകത്തെ, തൗഹീദിനുകീഴിൽ കൊണ്ടുവരാൻ നമ്മൾ ശ്രമിക്കേണ്ടതാണ്. നബി(സ)തിരുമേനിയുടെ കൊടിക്കീഴിൽ കൊണ്ടുവരിക തന്നെയാണ് തഹ്‌രീക്കെ ജദീദിന്റെ ലക്ഷ്യവും. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ. അതുകൂടാതെ ലോകത്തിന്റെ പൊതുവായ അവസ്ഥക്ക് വേണ്ടിയും ദുആ ചെയ്യുക. ഈ രോഗത്തിൽ നിന്ന് മുക്തരായാൽ മറ്റൊരു വിപത്ത് മഹാലോകയുദ്ധത്തിന്റെ രൂപത്തിൽ ഇറങ്ങാതിരിക്കട്ടെ. അല്ലാഹു ലോകത്തിന് ബുദ്ധിയും വിവേകവും നൽകുകയും അവരുടെ കടമകൾ നിറവേറ്റാൻ കഴിയുകയും ചെയ്യട്ടെ.(വിവർത്തനം: എച്ച്. ശംസുദ്ദീൻ, കാവശ്ശേരി. ടൈപ്പ് സെറ്റിംഗ്:ഹാശിം അശ്‌റഫ്, ആലപ്പുഴ)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളം ബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽ നിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ.

**(മുനീർ അഹ്‌മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)**

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ജാബിർ ബിൻ സമുറ(റ)യിൽ നിവേദനം. അദ്ദേഹം പറഞ്ഞു:'ഞാൻ നബി(സ)തിരുമേനിയോടൊപ്പം നമസ്കരിക്കാറുണ്ടായിരുന്നു. അവിടത്തെ നമസ്കാരം മിതമായിരുന്നു. ഖുത്ബയും മിതമായിരുന്നു.'(മുസ്‌ലിം, ഹദീഥ് 419)**

ത്വാലിബെ ദുആ:
Rahman Shakeer & Family, Ahmadiyya Jama-ath Karulai, Kerala

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു:'വെള്ളിയാഴ്ച ഇമാം പ്രസംഗിച്ചു കൊണ്ടിരിക്കെ നീ കൂട്ടുകാരനോടു 'നീ മിണ്ടാതരിക്കൂ' എന്നു പറഞ്ഞാൽ നീ അനാവശ്യം സംസാരിച്ചു.'(മുസ്‌ലിം, ഹദീഥ് 421)**

ത്വാലിബെ ദുആ:
P.Abdul Ameer, Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ഒക്ടോബർ

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2015 ഒക്ടോബർ 16 ശനിയാഴ്ച:

(കഴിഞ്ഞലക്കം തുടർച്ച....) ഭിന്നതയിൽ അകപ്പെട്ടിരിക്കുന്ന സമൂഹം മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഭിന്നതയുള്ളവരാകുന്നു. ഏതു സമയത്തും ഏറ്റുമുട്ടലിനു വിധേയമായിക്കൊണ്ട് നശീകരണത്തിലേക്ക് നീങ്ങുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തപ്പെട്ടിരിക്കുന്നു.

ആഗോള തലത്തിൽ നോക്കുക, അധിക രാജ്യങ്ങളും ശക്തിയ്ക്കും പിടിച്ചെടുക്കലിനും വേണ്ടി പരസ്പരം മത്സരിക്കുന്നു. ഭൂമിശാസ്ത്രപരവും രാഷ്ട്രീയപരവും സാമൂഹികപരവുമായ ഔന്നത്യം സ്ഥാപിച്ചെടുക്കാൻ, അഥവാ വിവിധ മൂല്യങ്ങളുടേയും വിശ്വാസങ്ങളുടേയും ജനതതികളെ സ്വന്തം താല്പര്യത്തിനൊത്ത് മാറ്റിയെടുക്കാൻ അനീതിപരമായ യുദ്ധങ്ങൾ അടിച്ചേൽപ്പിക്കുന്നു. ഉദാഹരണമായി സ്വന്തം ആധിപത്യം സ്ഥാപിക്കുന്നതിന്നുവേണ്ടി ഏതിർരാജ്യങ്ങളുടെ പുരോഗതിയെ തടുക്കുന്നതിന്നു സാമ്പത്തികവും കച്ചവടപരവുമായ യുദ്ധങ്ങൾ തുടങ്ങിക്കഴിഞ്ഞു. ലോകം ശീലമാക്കിയിട്ടുള്ള രക്തരൂക്ഷിത യുദ്ധത്താൽ വളയപ്പെട്ടിരിക്കുന്നു. ഇതര സമൂഹങ്ങളെ തുടച്ചുനീക്കുന്നതിനും അവരുടെ തലമുറകളുടെ ഭാവിയെ അന്ധകാരപൂരിതമാക്കുന്നതിനും വിപുലമായ തരത്തിൽ നാശം വിതയ്ക്കുന്ന ആയുധങ്ങൾ ഉപയോഗത്തിൽ കൊണ്ടു വരുന്നു. നമ്മൾ സ്വന്തം ധനത്തിന്റേയും ശക്തിയുടേയും വിചാരത്തിൽ ഇക്കാലഘട്ടത്തിലെ യുവസമൂഹത്തിന്റെ ഭാവി ഒരു അറ്റമില്ലാത്ത അനീതിയും അക്രമവും മുഖേന നിർദയം നശിപ്പിക്കുകയാണ്. ഏതൊരു കാര്യമാണോ ഇന്നു നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത് ഏതു സമയത്തും ഒരു ആഗോള ദുരന്തമായി പരിണമിക്കാൻ അത് കാരണമാകും എന്നുള്ളതാണ് ഭീതിജനകവും അസ്വസ്ഥപ്പെടുത്തുന്നതുമായ കാര്യം. അതിന്റെ ദുഷ്ഫലങ്ങൾ സങ്കൽപ്പിക്കാവുന്നതിലും അപ്പുറമാണ്. ലോകത്തിന്റെ ഒരു ഭാഗവും സമാധാനപൂരിതമെന്നും ഏറ്റുമുട്ടലിൽനിന്ന് മുക്തമെന്നും പറയാൻ സാധിക്കാതായിരിക്കുന്നു എന്ന് ചുരുക്കം. ലോകത്തിലെ വൻകിട ശക്തികൾ അധിക ദുർബല രാജ്യങ്ങളേയും സ്വന്തം താൽപര്യത്തിനൊത്ത് മാറ്റാൻ തങ്ങളുടെ ശക്തിയും ധനവും ഉപയോഗിച്ചു വരികയാണ്. ഏതു വരെയെന്നാൽ താരതമ്യേന ദുർബലരായ രാജ്യങ്ങളും ശക്തിമത്തായ രാജ്യങ്ങളുടെ പ്രേരണ കാരണത്താൽ പ്രദേശത്ത് സ്വന്തം ആധിപത്യം സ്ഥാപിക്കാൻ തന്റെ അയൽ രാജ്യത്തോട് അനീതി കാണിക്കുന്നു. ഇതോടൊപ്പംതന്നെ തീവ്രവാദ വിഭാഗങ്ങൾ തങ്ങളുടെ നിന്ദ്യമായ ലക്ഷ്യങ്ങൾ നേടാൻ ഭീകരതയും കൊല്ലും കൊലയും നടത്തി വരുന്നു.

ചില നാമമാത്ര മതവിഭാഗങ്ങൾ ധനവും ശക്തിയും നേടുക എന്ന് യഥാർഥ ലക്ഷ്യത്തെ ലാക്കാക്കി മതത്തിന്റെ പേര് ചതിയോടെ ഉപയോഗിക്കുന്നു. അവർ തീവ്രവാദത്തെ അനുവദനീയമാക്കുന്നു. കൂടാതെ വലതു പക്ഷ തീവ്രവാദികൾ യൂറോപ്പിലും ഇതര രാജ്യങ്ങളിലും സമാധാനത്തിന് ഗുരുതരമായ വിപത്തായി മാറിക്കൊണ്ടിരിക്കുന്നു. ഇക്കാലത്ത് വലതു പക്ഷക്കാർ വർഗീയതയുടെ മറവിൽ സംസ്കാരസമ്പന്നരായ ഭൂരിപക്ഷ ജനതയെ ഉന്മൂലനം ചെയ്ത് അവരുടെ മേൽ വിദ്വേഷ ജനകവും വർഗീയ വിദ്വേഷവും അടിച്ചേൽപ്പിക്കാൻ ആഗ്രഹിക്കുന്നു. തങ്ങളുടെ ജനതയുടെ അടയാളം രക്ഷിക്കാനും അവരെ വൈദേശിക ശക്തികളിൽ നിന്ന് മുക്തമാക്കാനും വേണ്ടി യാഥാസ്ഥിതികരായ ചിലയാളുകൾ പത്തും ഇരുപതും വർഷങ്ങളായി സമാധാനത്തോടെ ജീവിച്ചു വരുന്നവരെ മാതൃകാപരമായ ഒരു പൗരൻ എന്ന നിലയിൽ ഈ നാട്ടിന്റെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിച്ചു വരുന്ന അഭയാർഥികളെ വളരെ മോശമായി കുറിമാനമാക്കുന്നു.

ചില രാജ്യങ്ങൾ അഥവാ സംഘങ്ങൾ സ്വാർഥ താൽപര്യങ്ങൾക്കു വേണ്ടി നീതിയുടേയും സംസ്കാരത്തിന്റേയും അടിസ്ഥാന അധ്യാപനങ്ങളെ അവഗണിച്ചു കൊണ്ട് മറ്റുള്ളവരെ ശ്രദ്ധിക്കാതെ ആഗോള മാർക്കറ്റുകളിലും കച്ചവടങ്ങളിലും ആധിപത്യം ഉറപ്പിക്കാനുള്ള ഒരവസരവും ഒഴിവാക്കുന്നില്ല. ഞാൻ പറഞ്ഞതുപോലെ തർക്കവിതർക്കങ്ങളും മുഴുലോകത്തേയും വളഞ്ഞിരിക്കുകയാണെന്ന് ചുരുക്കം. സമൂഹത്തിലെ എല്ലാ തുറയിലും ഈയൊരവസ്ഥ കാണാൻ സാധിക്കും. അതുകൊണ്ട് സമാധാനം കൈവരിക്കണമെന്ന് സ്വാഭാവികമായ നമ്മുടെ ആഗ്രഹം നിലനിൽക്കെതന്നെ അതിന് തികച്ചും ഘടകവിരുദ്ധമായ അവസ്ഥ നമുക്ക് കാണേണ്ടി വരുന്നു.

ലോകത്തിന്റെ ഈ ദുരന്താവസ്ഥയെ കുറിച്ച് കഴിഞ്ഞ കുറേ വർഷങ്ങളായി ഞാൻ പറയുന്നുണ്ടായിരുന്നു. എന്നാലിപ്പോൾ ഇതര സമൂഹങ്ങളും ലോകത്ത് നിലനില്ക്കുന്ന അരക്ഷിതാവസ്ഥയെ കുറിച്ചും അസമാധാനത്തെ കുറിച്ചും തങ്ങളുടെ ആകുലത വെളിപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. ഇനി ഞാൻ ചില ഭൂമിശാസ്ത്ര, രാഷ്ട്രീയ വിദഗ്ദന്മാരുടേയും രാഷ്ട്രീയപ്രവർത്തകരുടേയും നിരൂപകരുടേയും ഇതു സംബന്ധമായ പ്രസ്താവനകൾ നിങ്ങളുടെ മുമ്പിൽ വെക്കാം. വളരെ തുറന്ന നിലയിൽ ഇവർ ഈ അപകടത്തെ കുറിച്ച് വെളിപ്പെടുത്തുന്നുണ്ട്. ലോകത്ത് സമാധാനവും സുരക്ഷിതത്വവും സ്ഥാപിക്കുന്നതിന് ത്വരിതശ്രമങ്ങളും സംസ്കരണങ്ങളും ആവശ്യമാണെന്ന കാര്യത്തിൽ അവർ ശക്തി ചെലുത്തുന്നു. ഉദാഹരണമായി ന്യൂയോർക്ക് ടൈംസിൽ ഈയടുത്തു വന്ന ഒരു കോളത്തിൽ ഫ്രാൻസിന്റെ യൂ എൻ ഒ അംബാസഡർ ഫ്രെൻകോയിസ് ഡെലീടർ എഴുതുന്നു: സെക്യൂരിറ്റി കൗൺസിലിൽ എന്റെ കഴിഞ്ഞ് 5 വർഷത്തെ അനുഭവത്തിനു ശേഷം ഈ കൈപ്പേറിയ യാഥാർഥ്യം ഞാൻ മനസ്സിലാക്കി. ലോകം ദിനേന കൂടുതൽ അപകടകരവും ഒരു ഉറപ്പുമില്ലാത്ത അവസ്ഥയുടെ വേട്ടയായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കൺമുമ്പിൽ ടെക്നോളജിയുടെ വിപ്ലവം, ചൈന മേൽക്കൈ നേടുന്ന കാരണത്താൽ ശക്തിയുടെ ബാലൻസ് മാറിമറിയുന്നു. വൻശക്തി രാജ്യങ്ങൾക്കിടയിൽ കിടമത്സരം വർധിക്കുന്നതായും നമ്മൾ കാണുന്നു. നാമിപ്പോൾ ലോകത്ത് ഒരു പുതിയ കുഴപ്പം കണ്ടുകൊണ്ടിരിക്കുകയാണ്.

ഹുദൂർ തുടരുന്നു: വൻശക്തികൾ ബാഹ്യദൃഷ്ട്യാ വിശാലമനസ്കത പ്രകടിപ്പിച്ചുകൊണ്ടു ലോകത്തിന്റെ നിലവിലുള്ള സംവിധാനത്തെ സുസ്ഥിരമാക്കാൻ അഥവാ ഉത്തമമായൊരു സംവിധാനത്തെ സ്ഥാപിക്കാൻ ശ്രമങ്ങൾ നടത്തുന്നു. പക്ഷേ, ഇവിടെ ഇതിനെതിരിൽ ആഗോള ബന്ധങ്ങളെ കുറിച്ചും രാഷ്ട്രീയത്തെ കുറിച്ചും നല്ലവിവരമുള്ള ഒരു സീനിയർ പാശ്ചാത്യ രാഷ്ട്രീയ പ്രവർത്തകൻ ഈ എല്ലാ ശക്തികളും ലോകത്തെ ഒരു പുതിയ കുഴപ്പത്തിലേക്ക് കൊണ്ടുപോകുന്നുവെന്ന് പരസ്യമായി സമ്മതിക്കുന്നു.

ഫ്രാൻസീസി അംബാസിഡർ തുടരുന്നു: 'എല്ലാവിധ ആഗോള പ്രതിസന്ധിയും അനിയന്ത്രിതമാകാൻ സാധ്യതയുണ്ട്. ഇപ്രകാരംതന്നെയാണ് നമ്മൾ സിറിയയിൽ കണ്ടത്. ഇറാൻ, തെക്കൻ കൊറിയ, ദക്ഷിണചൈന മധ്യധരണ്യാഴി പ്രശ്നങ്ങളിൽ അത്തരം അവസ്ഥ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.'

ഹുദൂർ തുടരുന്നു: 'സിറിയയും ഇറാനും മുസ്‌ലിം രാജ്യങ്ങളാണെന്നത് ശരിയാണ്. എന്നാൽ വടക്കൻ കൊറിയയും ദക്ഷിണ ചൈന മധ്യധരണ്യാഴി തർക്കവും ഇസ്‌ലാമുമായി ഒരു ബന്ധവുമില്ലാത്തതാണ്. അതുകൊണ്ട് ലോകത്തിന്റെ പ്രശ്നത്തിന്റെ വൃത്തം അധികപേരും മനസ്സിലാക്കി വെച്ചിരിക്കുന്നതുപോലെ മുസ്‌ലിമീങ്ങളോ മുസ്‌ലിം രാജ്യങ്ങളോ ആണെന്ന് ഒരു വിധേനയും പറയുക സാധ്യമല്ല. ഈ കോളത്തിൽ ഫ്രാൻസ് അംബാസിഡർല ലോകത്ത് സമാധാനം സ്ഥാപിക്കാന് വേണ്ടി യൂറോപ്പിന്റെ സുപ്രധാന പങ്കിനെ കുറിച്ച് സൂചിപ്പിക്കുന്നു. അദ്ദേഹം എഴുതുന്നു: യൂറോപ്പിനു ചരിത്രപരമായി ഉത്തരവാദിത്വമുണ്ടെന്നും ലോകത്തിലെ വിവിധ രാജ്യങ്ങൾക്കിടയിൽ സന്തുലിതാവസ്ഥ നിലനിറുത്തുന്നതിന് സുപ്രധാന പങ്ക് വഹിക്കാനുള്ള നിലയിലാണു ഇതുള്ളതെന്നും എനിക്ക് ദൃഢ ബോധ്യമുണ്ട്. ലോകത്തെ പരസ്പരം ബന്ധിപ്പിക്കുന്നതിനും ശക്തിയിൽ സന്തുലിതത്വം സ്ഥാപിച്ചു നിറുത്തുന്നതിന്നും സ്വന്തം പങ്ക് നിർവഹിക്കേണ്ടതാണ്.'

ഹുദൂർ തുടരുന്നു: ഇത്തരം കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു ജർമൻ രാഷ്ട്രീയക്കാരനെ കുറച്ചു കാലം മുമ്പേ ഞാൻ കണ്ടിരുന്നു. അദ്ദേഹത്തെ ജർമൻ ഭരണകൂടം അഭയാർഥികൾക്കും തദ്ദേശ വാസികൾക്കുമിടയിൽ ബന്ധങ്ങൾ നന്നാക്കുന്നതിന്നു വേണ്ടി നിയോഗിച്ചതായിരുന്നു. ഞാൻ അദ്ദേഹത്തോടു പറഞ്ഞു: 'ഈ പ്രശ്നങ്ങളുടെ പരിഹാരം കേവലം ജർമനിയുടേയോ മറ്റേതെങ്കിലും ഭരണകൂടത്തിന്റേയോ കഴിവിൽ പെട്ടതല്ല. മറിച്ച് ലോകത്ത് നീണ്ടകാലം സമാധാനം നിലനിൽക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ എല്ലാ യൂറോപ്യൻ രാജ്യങ്ങളും ഐക്യത്തോടെ വർത്തിക്കേണ്ടതാണ്. ഈയടുത്ത് പ്രസിദ്ധീകൃതമായ ഒരു പത്രക്കോളത്തിൽ ക്ലിന്റൻ ഭരണകൂടത്തിൽ വൈറ്റ് ഹൗസിൽ ആഗോള ജീവിത സാഹചര്യങ്ങളെ വിലയിരുത്തുന്ന വിദഗ്ദയായ പ്രഫസർ നൂരിയൽ റൂബിനി അമേരിക്കയ്ക്കും ചൈനയ്ക്കുമിടയിലുള്ള ശീതയുദ്ധം അമേരിക്കയ്ക്കും റഷ്യയ്ക്കുമിടയിലുള്ള ശീതയുദ്ധത്തിലൂടെയുണ്ടായ നാശനഷ്ടങ്ങളേക്കാൾ എത്രയോ അധികമാകുമെന്ന് എഴുതുന്നു. പ്രഫസർ റൂബിനി തുടർന്നെഴുതുന്നു: വൻതോതിലുള്ള ശീതയുദ്ധം ലോകത്തിന്റെ അന്തർദേശീയതയെ അവസാനിപ്പിക്കുന്നതിലേക്ക് നയിക്കാൻ സാധ്യതയുണ്ട്. അഥവാ ഏറ്റവും ചുരുങ്ങിയത് ജീവിതവിഭവ കാര്യത്തിൽ രണ്ട് വിരുദ്ധ ചേരികളായി പിരിയുന്നതാ

### തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)നിവേദനം: അദ്ദേഹം ജുമുഅ നമസ്കാരം കഴിഞ്ഞാൽ പിരിഞ്ഞുപോയി വീട്ടിൽവച്ച് രണ്ടു റക്അത്ത് നമസ്കരിക്കുമായിരുന്നു. അദ്ദേഹം പറഞ്ഞു: 'നബി(സ)തിരുമേനി അങ്ങനെ ചെയ്യാറുണ്ടായിരുന്നു.'**

**(മുസ്‌ലിം, ഹദീഥ് 424)**

ത്വാലിബെ ദുആ
K.Muhammad Shareef &Family, Ahmadiyya Jama-ath Vaniyambalam, Kerala

യിരിക്കും. രണ്ടു രൂപത്തിലും കച്ചവടം, നിക്ഷേപം, തൊഴിലുകൾ, ടെക്നോളജി, ഡേറ്റകൾ വളരെ മോശമായ നിലയിൽ ക്ഷയിച്ചുപ്പോകും.

ഹുദൂർ തുടരുന്നു: 'ഈ കോളം ആഗോള ശക്തികളുടെ കച്ചവടപരമായ യുദ്ധത്തിന്റെ നഷ്ടമുണ്ടാക്കുന്ന വശങ്ങളെ കുറിച്ച് വെളിച്ചം വീശുന്നു. കുറച്ച് ദിവസം മുമ്പേ ചൈനക്കും അമേരിക്കക്കും ഇടയിൽ ഒരു കരാറുണ്ടായിട്ടുണ്ട്. എന്നാൽ ഇത് എത്രമാത്രം വിജയപ്രദമാണെന്ന് നോക്കാം. ഈ വാണിജ്യപരമായ യുദ്ധങ്ങൾ ബുദ്ധിശൂന്യമായ നിലയിലുള്ളതും ഒരു വീണ്ടുവിചാരവും ഇല്ലാത്തതുമാണ്. എന്നാൽ ആറ്റമിക് യുദ്ധത്തിന് ആരംഭം കുറിക്കുമോ എന്നുള്ളതാണ് എന്റെ ഏറ്റവും വലിയ ഭയപ്പാട്. ഈ യുദ്ധത്തിന്റെ ഭീകരമായ ദുരന്തഫലങ്ങൾ മാനുഷിക ചിന്തകൾക്കപ്പുറമാണ്. ഭാവി തലമുറകൾവരെ അത് വ്യാപ്തിയുള്ളതാണ്. ഇപ്പോൾ മറ്റുള്ളവരും ഈ അപകടത്തെ കുറിച്ച് വെളിപ്പെടുത്തുന്നു. ബ്ളൂംബെർഗിലെ ജോർജ് മേസൻയൂണിവേഴ്സിറ്റിയിലെ ജീവിത വിഭവ സംബന്ധമായ പ്രഫസർ ടൈലർ കൊവെൻ എഴുതുന്നു: ഇന്നത്തെ ലോകത്തിന്റെ കൈപ്പേറിയ ഒരു യാഥാർഥ്യമാണ് യുവതലമുറ അറ്റോമിക് യുദ്ധത്തിന്റെ കഷ്ടനഷ്ടങ്ങളെ കുറിച്ച് ബോധവാന്മാരല്ല എന്നത്. അന്തരീക്ഷസംബന്ധമായ മാറ്റം വളരെ വലിയ ഭയപ്പാടായി മനസ്സിലാക്കപ്പെടുന്നു. എന്നിട്ടും അറ്റോമിക് യുദ്ധം കഴിഞ്ഞകാല അപകടം എന്ന നിലയിൽ കരുതപ്പെടുന്നു. ഇതിന്നു ഘടക വിരുദ്ധമായി എന്റെ അഭിപ്രായത്തിൽ അറ്റോമിക് യുദ്ധം ഇന്നും ലോകത്തിന്റെ ഏറ്റവും വലിയ പ്രശ്നമാണ്. നിസ്സംശയം. ഈ അപകടം ചിലയവസരങ്ങളിൽ വലുതായി ദൃശ്യമാകുന്നില്ല. അദ്ദേഹം തുടരുന്നു: ചില ചെറിയ രാജ്യങ്ങൾ അരറ്റോമിക് ആയുധങ്ങൾ കൈക്കലാക്കി കഴിഞ്ഞു. ഇതര രാജ്യങ്ങൾ അത് നേടാനുള്ള തത്രപ്പാടിലാണ്. ഇപ്രകാരം അറ്റോമിക് യുദ്ധത്തിന്റെ അപകടം നിരന്തരം വർധിച്ചു വരുന്നു. വളരെ ഉറച്ച വാക്കുകളിൽ അദ്ദേഹം എഴുതുന്നു: കേവലം ഒരു രാജ്യം ആണവ മിസൈൽ പ്രയോഗിക്കുന്നതു മുഖേന തന്നെ ലോകത്തിന്റെയവസ്ഥ എന്നത്തേക്കുമായി മാറിമറിയുന്നതാണ്.

ഡച്ചെ വെല്ലെ(Duetsch-Welle) പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു സമീപകാല സർവേയനുസരിച്ച് ജർമൻ ജനത ഏറ്റവുമധികം ചിന്താകുലരായിരിക്കുന്നത് അന്തരീക്ഷ മാറ്റത്തെ സംബന്ധിച്ചാണ്. എന്നാൽ, ഞാൻ വ്യക്തിപരമായി യോജിക്കുന്നത് മുകളിൽ സൂചിപ്പിച്ച പ്രഫസർ സാഹിബിന്റെ അഭിപ്രായത്തോടാണ്. ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം യുദ്ധമാണ്. പ്രത്യേകിച്ചും ആണവ യുദ്ധമാണ് പ്രശ്നം.

ഇതേ വർഷം ജർമനിയിലെ മുൻ വിദേശകാര്യ മന്ത്രി സിഗ്മർ ഗബ്രീ(Sigmar Gabriel)ലും ആണവായുധങ്ങളുടെ വ്യാപനത്തെ കുറിച്ച് തന്റെ ആശങ്കകൾ പ്രകടിപ്പിച്ചിരുന്നു. അദ്ദേഹം പറയുന്നു: 'അമേരിക്ക, ചൈന, റഷ്യ ആണവരംഗത്ത് തങ്ങളുടെ ആധിപത്യം സ്ഥാപിക്കുന്നതിന് ഇപ്പോൾ ഒരു പുതിയ ആണവമത്സരത്തിൽ പ്രവേശിച്ചിട്ടുണ്ട്. അമേരിക്കയും റഷ്യയും അവരുടെ ആണവമിസൈലുകൾ യൂറോപ്പിൽ സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്. ഈ രൂപം ഉണ്ടായാൽ യൂറോപ്യൻ രാജ്യങ്ങൾക്ക് സമാനരീതിയിലുള്ള നഷ്ടം ഉണ്ടാകുന്നതായിരിക്കും.

ഹുദൂർ തുടർന്ന് പറയന്നു: ഇതേപോലെതന്നെ അമേരിക്കയ്ക്കും ഇറാനും ഇടയിലെ സാഹചര്യങ്ങളും വളരെ വഷളായിക്കൊണ്ടിരിക്കുന്നു. ഇവരുടെ ഇടയിൽ യുദ്ധം പൊട്ടിപ്പുറപ്പെടുമെന്നതിന് വൻ സാധ്യതയുണ്ട്. അമേരിക്കക്കും ഇറാനുമിടയിൽ നടക്കാൻ പോകുന്ന യുദ്ധം ഒരു മത യുദ്ധമാണെന്ന് ആർക്കും വാദിക്കാൻ കഴിയില്ല. ഇത്തരത്തിലുള്ള ഏറ്റുമുട്ടൽ ലക്ഷക്കണക്കിനു ജനങ്ങളുടെ ജീവിതം എങ്ങനെ അപകടാവസ്ഥയിൽ നിറുത്തിക്കാമെന്നുള്ളതിന് ഇതൊരു വ്യക്തമായ ഉദാഹരണമായിരിക്കും. രാഷ്ട്രീയ വിചക്ഷണർ പറയുന്നത്, അമേരിക്കയ്ക്കും ഇറാനുമിടയിൽ യുദ്ധം തുടങ്ങിയാൽ അതിന്റെ ദുസ്വാധീനം കേവലം രണ്ടു രാജ്യത്തിനിടയിൽ മാത്രം ഒതുങ്ങി നില്ക്കില്ലെന്നാണ്. മറിച്ച് അതിന്റെ അനുരണനങ്ങൾ ബാക്കി രാജ്യങ്ങൾവരെ വ്യാപിക്കുന്നതായിരിക്കും. തീർച്ചയായും ജർമനിയും ഇതരയൂറോപ്യൻ രാജ്യങ്ങളും ഈ സാഹചര്യത്തെ പരിഹരിക്കുന്നതിനുവേണ്ടി സ്വാധീനമുളവാക്കുന്ന പങ്ക് വഹിക്കേണ്ടതാണ്. ആഗോള സാമ്പത്തിക മാന്ദ്യം ഉണ്ടായി 10 വർഷം കടന്നിരിക്കെ യൂറോപ്യൻ രാജ്യങ്ങൾ തങ്ങളുടെ സാമ്പത്തിക അവസ്ഥ സുരക്ഷിതമാണെന്ന് മനസ്സിലാക്കരുത്. അഥവാ നിക്ഷേപകരമായ സംവിധാനം പരോഗമിക്കുന്നുവെന്ന് ധരിക്കരുത്. ഏതു വരെയെന്നാൽ ജീവനോപാധികളെ സംബന്ധിച്ചുള്ള പാശ്ചാത്യ വിദഗ്ദരും ഈ സാമ്പത്തിക വ്യവസ്ഥിതിയുടെ ന്യൂനതകളെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉദാഹരണമായി ഒരു പ്രസിദ്ധ ജീവനോപാധികളുടെ വിദഗ്ദനായ പോൾ കീൻസ്(Paul Kearns)ജീവനോപാധികളെ കുറിച്ചുള്ള ഒരു മാസികയിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൽ എഴുതുന്നു: നാമെല്ലാവരും നിക്ഷേപകരമായ സംവിധാനഫലം എടുത്തവരാണ്. എന്നാലിപ്പോൾ ഈ വ്യവസ്ഥ സക്രിയമാകാൻ ശുദ്ധീകരണത്തിന്റെ ആവശ്യകതയുണ്ട്. അതിനെ ലാഭത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, മറിച്ച് സാമൂഹികമൂല്യങ്ങൾക്കനുസൃതമായി ചലിപ്പിക്കേണ്ടിയും വരും. അതുകൊണ്ട് നിക്ഷേപക സംവിധാനം മെല്ലെ മെല്ലെ ദുർബലമായി വരുന്നു. ഇതിൽ അപകടങ്ങളും അനീതികളും കൂടിക്കുഴയുന്നുവെന്ന് ജനങ്ങൾക്ക് തോന്നുന്നു. അതുകൊണ്ട് യൂറോപ്പ്യൻ രാജ്യങ്ങളും ഇതര ശക്തിമത്തായ രാജ്യങ്ങളും മേൽക്കോയ്മ കാണിച്ചുകൊണ്ട് തങ്ങളുടെ വ്യവസ്ഥ എന്നും ചലനാത്മക മാകുമെന്ന് ധരിക്കരുത്. മറിച്ച്, ലോകത്തിന്റെ ജീവനോപാധികളുടെ വ്യവസ്ഥ സമത്വത്തിലും നീതിയിലും നിലനിറുത്തുന്നു എന്നത് ഉറപ്പു വരുത്തേണ്ടതാണ്.'

ഹുദൂർ അയ്യദഹുല്ലാഹ് തുടരുന്നു: യൂറോപ്പിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിട്ടുള്ള മറ്റൊരു അസ്വസ്ഥജനകമായ പ്രശ്നം ബ്രെക്സിറ്റാ(Brexit)ണ്; അതിന്റെ ഫലമായി ഉണ്ടായിവരുന്ന ബുദ്ധിമുട്ടുകളും. ഈയടുത്ത് ഡച്ചെ വെല്ലെ(Duetsch-Welle) പത്രം ബ്രെക്സിറ്റ് യൂറോപ്പിൽ വരുത്തിയ അനുരണനങ്ങളെ ക്കുറിച്ച് വിലയിരുത്തിയിരുന്നു. കഠിനമായ ബ്രെക്സിറ്റ്(Hard Brexit) വാദത്തിന്റെ ഫലമായി ഏറ്റവുമധികം അത് ബാധിക്കുക ജർമനിയെയാണ്. ഇതിന്റെ ടെക്നോളജിയും കാർവ്യവസായവും വലിയൊരളവോളം ബാധിക്കും. ജർമനിയിൽ മാത്രം ലക്ഷക്കണക്കിനു പേരുടെ ജോലി ഇല്ലാതാകാൻ കാരണമാകാമെന്ന് റിപ്പോർട്ടിൽ പറയപ്പെടുന്നു.

ഹുദൂർ തുടർന്ന് പറയുന്നു: എമിഗ്രേഷനും സ്ഥലം മാറ്റവുമാണ് ലോകത്തേയും പ്രത്യേകിച്ച് ജർമനിയെ വിഷമവൃത്തത്തിലാക്കുന്ന മറ്റൊരു പ്രശ്നം. ഈ പ്രശ്നത്തെ കുറിച്ച് വിരുദ്ധാഭിപ്രായം നിലനില്ക്കുന്നുണ്ട്. എന്നാൽ, യഥാർഥത്തിൽ എമിഗ്രേഷൻ സാമ്പത്തിക പുരോഗതിക്ക് ഒരു സുപ്രധാന ആവശ്യമാണ്. ബെർടെൽസ്മാൻ(Bertelsmann)ഫൌണ്ടേഷൻ ഈയടുത്ത് നടത്തിയ അന്വേഷണത്തിൽ ജർമനിയിൽ ജോലിക്കുവേണ്ടി അടിസ്ഥാനപരമായ വ്യക്തിഗത ശക്തി പൂർത്തിയാക്കണമെങ്കിൽ ഓരോ വർഷവും രണ്ടു ലക്ഷത്തി അറുപതിനായിരം വ്യക്തികളെ ഈ രാജ്യത്തേക്ക് കൊണ്ടു വരേണ്ടി വരും. റിപ്പോർട്ട് പറയുന്നത്, എമിഗ്രേഷന്റെ പ്രവർത്തനം തുടങ്ങിയില്ലെങ്കിൽ ജനങ്ങളുടെ വർധിച്ചു വരുന്ന പ്രായം കാരണത്താൽ ജർമനിയിൽ ആൾശേഷിയിൽ 2060 വരെ മൂന്നിലൊന്ന് മാത്രമേ ബാക്കിയാകുകയുള്ളൂ എന്നാണ്. അഥവാ പിന്നീട് 16 മില്യൺ പേരുടെ കുറവ് അനുഭവപ്പെടും. അതുകൊണ്ട് അഭയാർഥികളാണ് എല്ലാ പ്രശ്നങ്ങളുടേയും വേരെന്ന് പറയുന്നത് തികച്ചും അനീതിപരമാണ്. എന്നുമാത്രമല്ല, എമിഗ്രേഷൻ കൂടാതെ വലിയ വലിയ സമ്പന്ന പാശ്ചാത്യ രാജ്യങ്ങൾ കഠിനമായ അപകടത്തിലാണെന്നതാണ് സത്യം. എല്ലാ രാജ്യങ്ങളും പരസ്പരം ആശ്രയിക്കുക എന്നത് ഒരു യാഥാർഥ്യമാണ്. ഇപ്പോൾ നമ്മൾ പരസ്പര ബന്ധിതമായ ഒരു ആഗോള പരിസ്ഥിതിയിലാണ് ജീവിക്കുന്നത്. അതുകൊണ്ട് തടസ്സങ്ങളുണ്ടാക്കി പരസ്പരം വേർപിരിയുന്നതിനുപകരം വിവിധ പ്രദേശങ്ങളുമായി ബന്ധപ്പെട്ടുള്ള ജനങ്ങൾക്കിടയിൽ പരസ്പരം സഹകരണം സൃഷ്ടിക്കുക. കൂട്ടായി ഫലമെടുക്കുന്നതിന് ശ്രമിക്കുക. ഭരണകൂടങ്ങൾ ഈ ലക്ഷ്യം നേടുന്നതിന്നുവേണ്ടി ഔദ്യോഗികമായി പദ്ധതികൾ തയ്യാറാക്കുക. രാജ്യങ്ങൾ പരസ്പരം കൂടിച്ചേർന്ന് പ്രവർത്തിക്കുക. തദ്ദേശപരമായി അഭയാർഥികളെ സമൂഹത്തിന്റെ ഭാഗമാക്കാൻ ശ്രമിക്കുക.

മധ്യപൗരസ്ത്യ ദേശത്തെ സാഹചര്യം പല ദശകങ്ങളായി അങ്ങേയറ്റം സങ്കീർണ്ണവും ആശങ്കാജനകവുമാണ്. ഇസ്റായേലും ഫലസ്തീനും തമ്മിൽ നടന്ന ചർച്ചകൾ മുഖേന ഉണ്ടായിട്ടുള്ള എണ്ണമറ്റ സമാധാന ഉടമ്പടികൾ നിഷ്ഫലമായിരിക്കുന്നു. ഈയടുത്ത് അമേരിക്കയും അവരോട് ഐക്യപ്പെട്ട് നിൽക്കുന്ന രാഷ്ട്രങ്ങളും ഒരു പുതിയ സമാധാന പദ്ധതി തയ്യാറാക്കിയിരുന്നു. അതിന്റെ ഔദ്യോഗിക വിളംബരം ചെയ്യപ്പെടുന്നതിന്നു മുമ്പേതന്നെ അതുസംബന്ധമായുള്ള ആശങ്കകൾ വെളിപ്പെടാൻ തുടങ്ങിക്കഴിഞ്ഞു. രാഷ്ട്രീയ പ്രവർത്തകരും വിദഗ്ദരും പുതിയ പദ്ധതി അനീതിയിൽ അധിഷ്ഠിതമാണെന്ന് പറയുന്നു. അതുകൊണ്ട് ഇതിനും ഒരു ഫലവും ഉണ്ടാക്കാൻ സാധിക്കില്ല. യൂ. എൻ. ഓയിലെ ഫ്രാൻസിന്റെ അംബാസിഡർ ജെറാഡ് എറൗഡ്(Gerard Araud) വിരമിക്കുന്നതിന്നു മുമ്പേ പ്രസ്താവിച്ചു: 'ഈ കരാറിന്റെ ഫലമില്ലായ്മ ഏകദേശം ഉറച്ച കാര്യമായിരുന്നു. അതുകൊണ്ട് ലോകത്തിന്റെ സമാധാനം വിവിധ പ്രവർത്തനങ്ങൾ കാരണത്താൽ തകർന്നിരിക്കുകയാണ്. ചില രാഷ്ട്രീയ ഭരണാധികാരികളും രാജ്യങ്ങളുടെ ഏകപക്ഷീയ നയപരിപാടികളും വ്യക്തിപരവും സാമൂഹികവുമായ ലക്ഷ്യങ്ങളെ സമത്വത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽനിന്ന് വ്യതിരിക്തമാക്കി വെക്കുന്നു.

(തുടരും)

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് ഇബ്നുഅബ്ബാസ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ നബിയുടെ നാവിലൂടെ അല്ലാഹു നിങ്ങൾക്ക് നമസ്കാരം നിർബന്ധമാക്കിയിരിക്കുന്നു. നാട്ടിൽവച്ച് നാലും യാത്രയിൽ രണ്ടും റക്അത്തുകൾ; ഭീതിദാവസ്ഥയിൽ ഒരു റക്അത്തും.'(മുസ്ലിം, ഹദീഥ് 434)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family, Ahmadiyya Jama-ath**
**Payangadi, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞാൻ നബി(സ)തിരുമേനി യോടൊപ്പം മദീനയിൽവച്ച് ളുഹ്ർ നാലു റക്അത്ത് നമസ്കരിച്ചു. ദുൽഖുലയ്ഫയിൽവച്ച് അസ്ർ രണ്ടു റക്അത്തും നമസ്കരിച്ചു.'(മുസ്ലിം, ഹദീഥ് 435)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family, Ahmadiyya Jama-ath**
**Kakkanad, Kerala**

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ · Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
POSTAL REG NO GDP- 44/2020-2022 Vol-5 Thursday 10 December 2020 Issue-50

MANAGER
Sheik Mujahid
Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

അങ്ങയുടെ മുഅജിസത്തുകൊണ്ട് എത്രത്തോളം തിരുത്താൻ കഴിയുമോ അത് ഞങ്ങളുടെ നിർബന്ധകടമയായി മനസ്സിലാക്കുന്നതായിരിക്കും.'

ഇതിനുള്ള മറുപടിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുതി: 'താങ്കളുടെ ഈ കത്ത് നീതിയിലധിഷ്ഠിതമാണെന്നതിൽ സംശയമില്ല. നീതിയുടെ വിചാരമില്ലാത്തിടത്തോളം ആരുടേയും വായിൽനിന്ന് ഇത് പൂർണമായ നിലയിൽ പുറപ്പെടുകയില്ല. പക്ഷേ, ഇവിടെ താങ്കളുടെ ഈ വാക്യം 'ഞങ്ങളുടെ തെറ്റ് നിങ്ങളുടെ മുഅ്ജിസത്തുകൊണ്ട് എത്രത്തോളം ശരിപ്പെടുത്തുവാൻ കഴിയുമോ അത് ഞങ്ങളുടെ നിർബന്ധകടമയായി മനസ്സിലാക്കുന്നതായിരിക്കും' എന്നത് വിശദീകരണമാവശ്യപ്പെടുന്നുണ്ട്. ഈ വിനീതൻ അയക്കപ്പെട്ടിരിക്കുന്നത് ഈ സന്ദേശം ദൈവസൃഷ്ടികൾക്ക് നല്കാനാണ്. ലോകത്തിലെ എല്ലാം മതങ്ങളിൽനിന്നും സത്യമായിട്ടുള്ളതും ദൈവത്തിന്റെ ഇഷ്ടമനുസരിച്ചുള്ളതും വിശുദ്ധഖുർആൻ കൊണ്ടുവന്ന മതമാണ്. മോക്ഷത്തിന്റെ ഭവനത്തിൽ പ്രവേശിക്കുന്നതിനു ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്ന കവാടമാണുള്ളത്. അടയാളം കണ്ടതിനുശേഷം ആ മതം സ്വീകരിക്കുന്ന കാര്യത്തിൽ താങ്കൾ സന്നദ്ധനാകുകയും തയ്യാറാവുകയും ചെയ്യുമോ? താങ്കൾ ഇതിന് സന്നദ്ധനാണെങ്കിൽ കുറച്ചു വരികൾ മൂന്ന് പത്രങ്ങളിൽ അതായത് നൂറ് അഫ്ശാൻ, മൻഥൂറെ മുഹമ്മദീ പിന്നെ മറ്റേതെങ്കിലും ആര്യപത്രത്തിലും പ്രസിദ്ധീകരിക്കുക; 'ഞങ്ങൾ ദൈവത്തെ സാക്ഷിയാക്കി വാഗ്ദാനം ചെയ്യുന്നു, 1893 മെയ് 22 ന് നടത്താമെന്ന് തിയതി നിശ്ചയിച്ചിട്ടുള്ള ഈ സംവാദത്തിനുശേഷം മിർസാ ഗുലാം അഹ്മദിനെ ദൈവം സഹായിച്ചാൽ, അയാൾ കാലേക്കൂട്ടി പറഞ്ഞ കാര്യം ദൈവം വെളിപ്പെടുത്തിയാൽ അയാൾ പറഞ്ഞതുപോലെ അത് പുലരുകയും ചെയ്താൽ ഞങ്ങൾ ആ അടയാളം കണ്ടതിനുശേഷം ഒട്ടും താമസിയാതെ ഇസ്‌ലാം സ്വീകരിക്കുന്നതായിരിക്കും..... ഈ അടയാളം കണ്ടതിനുശേഷം ഞങ്ങൾ മുസ്‌ലിമായില്ലെങ്കിൽ, അതിനെതിരിൽ ഒരു വർഷത്തിനുള്ളിൽ അതുപോലെയുള്ള അമാനുഷികമായ അടയാളം കാണിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ലെങ്കിൽ ഉടമ്പടി ലംഘനത്തിന്റെ പിഴയായി പകുതി സ്വത്ത് ഇസ്‌ലാമിനെ സഹായിക്കാൻ നല്കുന്നതായിരിക്കും. ഞങ്ങൾ രണ്ടാമത്തെ ഭാഗമനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയും ഉടമ്പടി ലംഘിക്കുകയും ആ ഉടമ്പടി ലംഘനത്തിനുശേഷം എന്തെങ്കിലും ഭീതിദമായ അടയാളം ഞങ്ങളെ സംബന്ധിച്ച് മിർസാ ഗുലാം അഹ്മദ് പ്രസിദ്ധീകരിക്കാൻ ആഗ്രഹിച്ചാൽ അതിന് ഞങ്ങളിൽനിന്ന് അനുവാദമുണ്ടായിരിക്കും; പൊതുവായ നിലയിൽ പത്രങ്ങളിലോ അല്ലെങ്കിൽ സ്വന്തം പ്രസിദ്ധീകരണങ്ങളിലോ പ്രസിദ്ധീകരിക്കാവുന്നതാണ്. ഈ രേഖ താങ്കളുടെ ഭാഗത്തുനിന്ന് പേരും മതവും പിതാവിന്റെ പേരും സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ളതാവണം. ഇരുകക്ഷിയുടേയും 50, 50 വീതം ആദരണീയരും വിശ്വാസയോഗ്യരുമായവരുടെ സാക്ഷ്യവും അതിലുണ്ടാവണം. മൂന്നു പത്രങ്ങളിൽ അത് പ്രസിദ്ധീകരിക്കുകയും വേണം. താങ്കളുടെ ഉദ്ദേശ്യം സത്യം വെളിപ്പെടുക എന്നതാണ്. ഈ അളവുകോൽ താങ്കളുടേയും ഞങ്ങളുടേയും മതാധ്യാപനമനുസരിച്ചാണെങ്കിൽ ദൈവത്തെ ഓർത്ത് ഇതു സ്വീകരിക്കാൻ അമാന്തിക്കരുത്. ഇപ്പോൾ എന്തായാലും അല്ലാഹു സത്യമതത്തിന്റെ പ്രകാശങ്ങളും അനുഗ്രഹങ്ങളും വെളിപ്പെടുത്തുന്നതും ലോകത്തെ ഒരേയൊരു മതത്തിൽ ഒരുമിച്ചുകൂട്ടുന്നതുമായ സമയം വന്നെത്തിയിരിക്കുന്നു. അതുകൊണ്ട് താങ്കൾ മനസ്സിനെ ശക്തിപ്പെടുത്തി ഏറ്റവുമാദ്യം ഈ വഴിയിൽ പദമൂന്നുകയും താങ്കളുടെ ഉടമ്പടി സത്യസന്ധതയോടും പൗരുഷത്തോടുംകൂടി പൂർത്തിയാക്കുകയും ചെയ്താൽ ദൈത്തിന്റെ പക്കൽ സത്യവാനായി തീരുന്നതാണ്. താങ്കളുടെ സന്മാർഗത്തിന് ഇത് എന്നെന്നേക്കുമുള്ള അടയാളമായിരിക്കും.

ഇക്കാര്യങ്ങളെല്ലാം ചെയ്തുകഴിഞ്ഞിരിക്കുന്നുവെന്നും എന്തെങ്കിലും അടയാളം കണ്ടതിനുശേഷം ഇസ്‌ലാം സ്വീകരിക്കുകയോ മുകളിൽ പറഞ്ഞിട്ടുള്ള നിബന്ധനകളനുസരിച്ച് പ്രവർത്തിക്കുകയോ ചെയ്യുന്നതായിരിക്കുമെന്നും നിങ്ങൾ പറയുക. ഈ കരാർ ആദ്യമെതന്നെ മൂന്നു പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതായിരിക്കും. പക്ഷേ, നിങ്ങൾതന്നെ വ്യാജരായി പുറത്തുവരികയും ഒരു അടയാളവും കാണിക്കാൻ കഴിയാതെ വരികയും ചെയ്താൽ നിങ്ങൾക്കെന്തു ശിക്ഷയായിരിക്കും. അപ്പോൾ ഞാൻ അതിനുള്ള മറുപടിയിൽ തൗറാത്തനുസരിച്ചുള്ള വധശിക്ഷ സ്വീകരിക്കുന്നു. ഇതു നിയമവിരുദ്ധമാണെങ്കിൽ മൊത്തം എന്റെ ഭൂസ്വത്ത് നിങ്ങൾക്കു നല്കുന്നതായിരിക്കും. നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ആദ്യമെ എനിക്കു മറുപടി നല്കുക.(Ibid പേജ് 52–54)

തെറ്റു ശരിപ്പെടുത്തലും അല്ലാഹുവിന്റെ കൃപയാലാണുണ്ടാകുന്നത്. അല്ലാഹു പറയുന്നു: **ഇന്നക്കലാ തഹ്ദീ മൻ അഹ്ബബ്ത്ത വലാക്കിന്നല്ലാഹ യഹ്ദീ മൻയ്യശാഉ വഹുവ അഅ്ലമു ബിൽമുഹ്തദീൻ**(28:57) അതായത് നീ ഇഷ്ടപ്പെടുന്നവരെ നിനക്കു നേർവഴിയിലാക്കുവാൻ സാധിക്കുകയില്ല. എന്നാൽ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു. നേർമാർഗം പ്രാപിക്കുന്നവരെ അവൻ നല്ലവണ്ണം അറിയുകയും ചെയ്യുന്നു.(മൻസ്വൂർ അഹ്മദ് മസ്‌റൂർ)

---

**(പേജ് 2ൽനിന്ന്)**

തിനു പകരം അതിന്റെ ഗുണത്തെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്.

ഇനി അവശേഷിക്കുന്നത് ഇതാണ്; ഇതിന്റെ അർഥം ഓരോ വ്യക്തിക്കും ഒരു പരിശുദ്ധ ഇണ നല്കപ്പെടും എന്നുമാണ്. ഈ അർഥത്തിന്റെ അടിസ്ഥാനത്തിലും ആർക്കും ആക്ഷേപം പറയാൻ സാധിക്കുകയില്ല. കാരണം ഓരോ പുരുഷനും ഓരോ പരിശുദ്ധ ഭാര്യ നല്കപ്പെടുമെന്ന അർഥമാണെങ്കിൽ ഓരോ സ്ത്രീക്കും ഓരോ പരിശുദ്ധ പുരുഷൻ നല്കപ്പെടുമെന്നാണെങ്കിൽ അതിൽ ആക്ഷേപിക്കാനെന്തുണ്ട്? ആക്ഷേപം ഉണ്ടാകുന്നത് ഏതെങ്കിലും അവിശുദ്ധമായ കർമത്തെ സൂചിപ്പിക്കുമ്പോഴാണ്. വിശുദ്ധഖുർആൻ പരിശുദ്ധമെന്ന പദം ഉപയോഗിക്കുമ്പോൾ ജന്നത്തിന്റെ അടിസ്ഥാനത്തിൽ പരിശുദ്ധമായതായിരിക്കും കിട്ടുക എന്നതു പ്രകടമാണ്. അതിലെന്ത് ആക്ഷേപമാണുള്ളത്.

സർ വില്യം മൂർ ഈ ആയത്തിന്റെ വിഷയത്തിൽ അങ്ങേയറ്റം വൃത്തികെട്ട ഒരാക്ഷേപം ഉന്നയിച്ചിരിക്കുന്നു. റവന്റ്‌വെരി തന്റെ ശീലംപോലെ അതിനെ സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ആ ആക്ഷേപം ഇതാണ്. വിശുദ്ധഖുർആനിലെ മക്കി സൂറത്തുകളിൽ സ്വർഗത്തിലെ സ്ത്രീകളെ കുറിച്ചുള്ള സ്മരണ ധാരാളമായും കൂടുതൽ ആവേശത്തോടെയും നടത്തപ്പെട്ടിരിക്കുന്നു. പക്ഷേ, മദനീ സൂറത്തുകളിൽ വെറും രണ്ടു പ്രാവശ്യവും വളരെ ചുരുങ്ങിയ വാക്കുകളിലുമാണ് സ്വർഗത്തിൽ സത്യവിശ്വാസികൾക്ക് പുണ്യവതികളായ ഭാര്യമാർ കിട്ടുമെന്ന് പറയപ്പെട്ടിട്ടുള്ളത്. ഇതിൽനിന്ന് (നഊദുബില്ലാഹ്) മക്കയിൽ നബി(സ)തിരുമേനിക്ക് ഒരു ഭാര്യ മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും അവരും പ്രായത്തിൽ കൂടുതലായവരും ആയിരുന്നുവെന്നും അതുകൊണ്ട് മുഹമ്മദ്(സ) തിരുമേനിക്ക് സ്ത്രീകളെ സംബന്ധിച്ച് കൂടുതൽ വിചാരമുണ്ടായിരുന്നുവെന്നുമാണ് പറയുന്നത്. എന്നാൽ, മദീനയിൽ ആ ആഗ്രഹം പൂർത്തിയായി. യുവതികളായ ഒരുപാട് ഭാര്യമാരെ കിട്ടി. അതുകൊണ്ട് ആ വിചാരം കുറയുകയും ചെയ്തു

സർ വില്യം ഈ ആക്ഷേപമാണ് ഉന്നയിച്ചത്. അദ്ദേഹം ഖുർആനികമായ ദർപ്പണത്തിൽ തന്റെ മുഖം നോക്കിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റെവറന്റ് വെരി പാതിരിമാരുടെ പരമ്പരയാലുള്ള ഏകപക്ഷീയത നിലനിറുത്തി. എനിക്ക് അത്ഭുതം തോന്നുകയാണ്. ഇവർ വിദ്വാസമ്പരെന്ന് പറഞ്ഞിട്ട് സംസ്കാരത്തിന്റെ വാദമുന്നയിച്ച് കോടിക്കണക്കിന് അനുയായികളുടെ നേതാവിന്റെമേൽ ഊഹത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെയാണ് ആക്രമണം നടത്തുന്നത്? വാസ്തവത്തിൽ ഇവരുടെ ധാർമികത എത്രത്തോളം അധഃപതിച്ചതും നിന്ദ്യവുമാണെന്നാൽ മനുഷ്യത്വംപോലും ലജ്ജിച്ചുപോകുന്നു. ക്രിസ്ത്യാനികൾക്ക് ഭരണം ഉണ്ടായിരുന്ന കാലത്താണ് അവർക്കതിനു തന്റേടമുണ്ടായിരുന്നത്. മുസ്‌ലിമീങ്ങൾ ലോകത്ത് ഭരണാധികാരികളായിരിക്കുകയും ക്രിസ്ത്യാനികളുടേത് അങ്ങേയറ്റം മോശമായ അവസ്ഥ ആയിരിക്കുകയും ചെയ്തിരുന്ന നേരത്തും മുസ്‌ലിമീങ്ങൾ യേശുവിനെക്കുറിച്ച് കഠിനമായ പദങ്ങൾ ഉപയോഗിച്ചിരുന്നില്ല. മുസ്‌ലിമീങ്ങൾ ആയിരക്കണക്കിന് വർഷംവരെ ക്രൈസ്തവ രാജ്യങ്ങളുടെമേൽ ഭരണം നടത്തി. ഏതൊരു ആദരവാണോ അവർ ക്രിസ്ത്യാനികൾക്ക് നല്കിയത്, കഷ്ടം! രണ്ടുമൂന്ന് നൂറ്റാണ്ട് ഭരണം കിട്ടിയപ്പോൾ അവരിങ്ങനെ അഹങ്കാരികളാകാൻ പാടില്ലായിരുന്നു. നബിമാരുടെ ഈ നേതാവിനുമേലും ഇപ്രകാരം മൃഗങ്ങളെപോലെ ആക്രമണം നടത്തരുതായിരുന്നു. മുസ്‌ലിമീങ്ങളുടെ ആ ഔദാര്യങ്ങൾ അവർ ചിന്തിച്ചിരുന്നെങ്കിൽ! അവർ യേശുവിന്നെതിരിൽ ഒരിക്കലും ബലാൽക്കാരപൂർവമായ ചുവട് ഉയർത്തിയില്ല. മുസ്‌ലിമീങ്ങൾക്ക് ക്രിസ്ത്യാനികൾ നബി(സ) തിരുമേനിയെ കുറിച്ചു പറഞ്ഞതിനേക്കാൾ കൂടുതൽ യേശുവിനെക്കുറിച്ച് പറയാനുള്ള അവകാശമുണ്ടായിരുന്നുവെന്നതാണ് സത്യം.' **(തഫ്സീർ കബീർ, വാള്യം 1, പേജ് 252, ഖാദിയാൻ 2010)**

# ജൽസാസാലാന ഖാദിയാൻ റദ്ദാക്കിയിരിക്കുന്നു

2020 ഡിസംബർ 25 മുതൽ 27വരെ നടത്താനിരുന്ന ഭാരതത്തിലെ, ഖാദിയാൻ ജൽസാസാലാന കൊറോണവൈറസിന്റെ ഇപ്പോഴത്തെ അവസ്ഥയും യാത്രാബുദ്ധിമുട്ടും മറ്റു നിയന്ത്രണങ്ങളും പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലായുടെ നിർദേശത്താൽ റദ്ദാക്കിയതായി എല്ലാ ഔദ്യോഗിക ഭാരവാഹികളേയും ജമാഅത്തംഗങ്ങളേയും അറിയിച്ചുകൊള്ളുന്നു.

**(നാളിർ ഇസ്‌ലാഹ് വ ഇർശാദ്, മർക്കസിയ്യ ഖാദിയാൻ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin